ച്ചാൽ പത്തുദിവസം ക്രമകാൎക്കുള്ള അ
ശുദ്ധി.

ഒാററപ്പുലി, ഒാററപുലി-പൊറ ക
ട്ടിയോടുകൂടി കിടക്കുന്ന പുലി.

ഒാററം-ഗ. മൃഗങ്ങളുടെ യോനി. വ. തൃ
പ്തികേട്.

ഒാററമായൻ-ലുബ്ധൻ.

ഒാററിക്ക-മുറുകേ പിടിക്ക, (ചെലവു
ചെയ്യാതെ വെച്ചുകൊള്ളുക).

ഒാററിനം-ചെറിയ ജന്തുക്കളുടെ കൂട്ടം.

ഒാററില്ലം-പ്രസവിച്ചു കിടക്കുന്ന മുറി.
പൎയ്യായങ്ങൾ-അരിഷ്ടം, സൂതികാഗൃഹം.

ഒാററു്-പ്രസവം.

ഒാററുകാരി പേററെടുക്കുന്നവൾ.

ഒാററുനോവു്-പ്രസവവേദന.

[ഇതിനു മൂന്നു സന്ധികൾ ഉണ്ടു്.
നോവിന്റെ ആദ്യസന്ധി-ഗൎഭാശയ
ത്തിന്റെ വായ് തുറക്കുന്നതു്. രണ്ടാമ
ത്തേതു്-കുട്ടിയുടെ ജനനം. മൂന്നാമത്തേ
തു്-മറുപിള്ള പിറക്കുന്നതു്.]

ഒാററുപട്ടി-പ്രസവിച്ച പട്ടി.

ഒാററുവേദന, ഒാററുവിളി-പ്രസവ
വേദന.

ഒാറെറടുക്കുക-ഗ. പ്രസവവേദനപ്പെടു
ക. വ. പേററെടുക്കുക.

ഒാറെറടുക്കുന്നവൾ-ഗ. പ്രസവവേദ
നപ്പെടുന്നവൾ വ. പേററെടുക്കുന്നവൾ.

# ഉ

ഉ—മലയാളഅക്ഷരങ്ങളിൽ അഞ്ചാമ
ത്തേതു്. (ഓഷ്ഠ്യം)

ഉ—അ. ഇതു കോപത്തോടുകൂടെ പറയുന്ന
തിൽ വരുന്നു.

ഉ—ഒപ്പിക്കുക, മുക്കറയിടുക.

ഉ-ഗ ശിവൻ.

'അകാരോവിഷ്ണുരുദ്ദിഷ്ട
ഉകാരസ്തുമഹേശ്വരഃ
മകാരസ്തുന്മൃതോബ്രഹ്മാ
പ്രണവസ്തുത്രയാത്മക'

വ. ബ്രഹ്മാവു്. ന. ചന്ദ്രമണ്ഡലം. ൪.
തപസ്സു്.

ഉക-ഒരു വൃക്ഷം. പൎയ്യായങ്ങൾ-പീലു, ഗു
ഡഫലം; സ്രംസി. ഇതു കാപ്പി എന്നു
ചിലർ പറയുന്നുണ്ടു്.

ഇതു് എണ്ണമയമുള്ള അരിയോടുകൂടി
യ ഒരു വൃക്ഷമാണു്. പിത്തത്തെ വൎദ്ധി
പ്പിക്കും. കഫവാതങ്ങളെ നശിപ്പിക്കും.
ഗുല്മം, പ്ലീഹ, അൎശസ്സു്, കൃമി ഇവയെ
ശമിപ്പിക്കും. രസം കയ്പാണു്. ഗുരുവാ
കുന്നു. കൈപ്പും മധുരവുമായ മറെറാരി
നമുണ്ടു്. അതു ത്രിദോഷങ്ങളെ കളയും.
അധികം ഉഷ്ണമല്ല.

ഉകാനഹം-ചെമപ്പുംമഞ്ഞയും നിറമുള്ള
കുതിര.

ഉകാരം-ഉ എന്ന അക്ഷരം. വ. ശിവൻ.

ഉകിർ-നഖത്തിനടുത്തുള്ള മാംസം.

ഉകണം-മൂട്ട.

ഉക്കഴുത്തു്-സ്ത്രീകളുടെ വിവാഹത്തിൽ ക
ഴുത്തിൽ കെട്ടുന്ന ഒരാഭരണം.

ഉക്കാ-പുക വലിപ്പാനുള്ള ഒരു സൂത്രം.

ഉക്കച്ചൊറി-മുഖക്കുരു.

ഉക്കം-ഗ മദ്ധ്യം. വ. വശം.

ഉക്കൽ-ഉക്കം.

ഉക്കളം-രാത്രി (രാത്രി നടന്നുള്ള കാവൽ)

ഉക്കു്-ഊക്കു്, ബലം, ശക്തി.

ഉക്കുക-ഗ വേശത്തിൽ ചാടുക. വ. ഒ
ഴിക്കുക. ന. ചായുക, ചരിയുക.

ഉക്കടി-ഗ കിണ്ണു വ. വീട്ടിന്റെ ദേവളി
യിലെ മൂല.

ഉക്കെട്ടു്-ഉക്കഴുത്തു്.

ഉകത-വി. പറയപ്പെട്ട.

ഉക്ത-ഛന്ദസ്സുകളിൽ ഒന്ന്. പാദത്തിൽ ഒരക്ഷരം വീതം കാണും.

ഉക്തപദാ-കാവ്യദോഷങ്ങളിൽ ഒന്ന്. (ഒരു പദ്യത്തിൽ) ഒരർത്ഥത്തിൽ തന്നെ ഒരേപദത്തെ ഒന്നിലധികം പ്രാവശ്യം പ്രയോഗിക്ക.

ഉക്തി-വാക്ക്.

ഉക്തിപ്രത്യുക്തി-വാദപ്രതിവാദം.

ഉക്ത്വാ-അ. പറഞ്ഞിട്ട്, വചിച്ചിട്ട്.

ഉക്ഥം-പ്ര. സാമവിശേഷം, സാമവേദം. ൨. സ്തുതി.

ഉക്രാണം-അഹങ്കാരശബ്ദം.

ഉക്ഷ-കാള. രേതസ്സിനെ ചവുട്ടുന്നത് എന്നർത്ഥം. ഉ-ം, ഉക്ഷാധിരൂഢൻ.

ഉക്ഷണം-നനപ്പ്, തളിപ്പ്.

ഉക്ഷതര-ചെറിയ കാള.

ഉക്ഷാല-വി. പ്ര വേഗമുള്ള. ൨. ഭയങ്കരമായ. ൩. വലിയ.

ഉക്ഷിത-വി. പ്ര. നനക്കപ്പെട്ട. ൨. തളിച്ച. ൩. ശുദ്ധിയാക്കിയ. ൪. പഴകിയ.

ഉഖ-കലം. ഭക്ഷണസ്ഥലത്തേക്ക് പോകുന്നത് എന്നു ശബ്ദാർത്ഥം. മറുപര്യായങ്ങൾ-പിഠരം, സ്ഥാലി, കണ്ഡം. (പാനയുടെ പേർ, ചോറ മുതലായതു വെയ്ക്കുന്ന പാത്രത്തിന്റെ പേർ.) ൨. സൂര്യരശ്മി.

ഉഖവ്ലം-ഒരുവക പുല്ല്.

ഉഖ്യം-വി. കലത്തിൽ വെവിച്ച.

ഉഖ്യ-കൽച്ചട്ടി, ഉരുളി മുതലായവയിൽ പാകംചെയ്ത ചോറും കറികളും മററും. ഉഖയിൽ (പാത്രത്തിൽ) വെവിച്ചത് എന്നു ശബ്ദാർത്ഥം.

ഉഗ്ര-വി. പ്ര. കോപമുള്ള. ൨. ഭയങ്കരമായ.

ഉഗ്ര-വയമ്പ്.

ഉഗ്രക-വി. പ്ര. ശക്തിയുള്ള. ൨. ധൈര്യമുള്ള.

ഉഗ്രകാണ്ഡഃ-കയ്പി. പാവൽ എന്ന പക്ഷക്കാരും ഉണ്ട്.

ഉഗ്രഗന്ധ-പ്ര. വയമ്പ്. ൨. അയമോദകം.

ഉഗ്രഗന്ധ-വി. കഠിനമായ അഹങ്കാരത്തോടുകൂടിയ.

ഉഗ്രചാരിണി, ഉഗ്രചണ്ഡാ-ദുർഗ്ഗ.

ഉഗ്രജാതി-ഹീനജാതിയിൽ ജനിച്ച

ഉഗ്രത, ഉഗ്രത്വാ-ഭയങ്കരത്വം.

ഉഗ്രധന്വാവ്-പ്ര. ശിവൻ. ൨. ഇന്ദ്രൻ.

ഉഗ്രൻ-പ്ര. ശിവൻ. ഭയങ്കരൻ, കോപമുള്ള എന്നു ശബ്ദാർത്ഥം. ൨. ശൂദ്രസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ. രണ്ടു ജാതിയിൽ കൂടിനിൽക്കുന്നവൻ എന്നു ശബ്ദാർത്ഥം.

ഉഗ്രനാസിക-വി. വലിയ മൂക്കുള്ള.

ഉഗ്രപുത്ര-വി മാഹാത്മ്യമുള്ള കുലത്തിൽ ജനിച്ച.

ഉഗ്രപുത്രൻ-കാർത്തികേയൻ.

ഉഗ്രാ-രൌദ്രരസം. ഭയത്തെ കൂട്ടിച്ചേർക്കുന്നത് എന്നു ശബ്ദാർത്ഥം. മറുപര്യായങ്ങൾ-രൌദ്രം, കോപം.

ഉഗ്രാ-വി. ഉൽക്കടം.

ഉഗ്രവീര്യൻ-ശിവഭക്തനായ ഒരു മുനി.

ഉഗ്രശേഖരാ-ഗംഗ.

ഉഗ്രശ്രവസ്സ്-പ്ര. സൂതൻ (ഇതിഹാസങ്ങൾ മാരുതം ശൌനകാദികളെ കേൾപ്പിച്ചത്.) ൨. (ശീലവതിയുടെ ഭർത്താവായ) മുനി.

ഉഗ്രസേനൻ-പ്ര. മഥുരയിലെ രാജാവ്. കൃഷ്ണന്റെ മാതാമഹൻ. കംസന്റെ അച്ഛൻ. [കംസനാൽ രാജ്യഭ്രഷ്ടനായി. കൃഷ്ണൻ കംസനെ വധിച്ചു വീണ്ടും സിംഹാസനം നൽകി.] ൨. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ. ൩. ജനമേജയനൃപന്റെ ഒരു സോദരൻ.

ഉഗ്രസേനാ-അക്രൂരന്റെ ഭാര്യ.

ഉഗ്രസേനജൻ-കംസൻ

ഉഗ്രാണം-പ്ര. കലവറ. ര. ഭണ്ഡാഗാരം. ന. ഉന്നതി.

ഉങ്ക്-ബലം, ശക്തി.

ഉങ്കൻ-ഉരക്കൻ, ബലമുള്ളവൻ.

ഉങ്കണം-പ്ര. പേൻ. ര. ചെള്ള്. ന. മൂട്ട (മക്കണം).

ഉങ്ങ്-ഒരു വൃക്ഷം, പൂക്. പര്യായങ്ങൾ-ക്ഷരംഗന്ധം, മക്കടി, അംഗാരവല്ലരി ഇവ ന-ം ഉങ്ങുകളിൽ തന്നെ ചേരുന്ന വയായ മൂന്നു ജാതി മരങ്ങൾ. വലിയ ഉങ്ങ് എന്നും അഭിപ്രായം കാണുന്നു.

ഉചഥം-സ്തോത്രം.

ഉചത്ഥ്യൻ-അംഗിരസ്സിന്റെ ഒരു പുത്രൻ.

ഉചഥ്യ-വി. സ്തോത്രസംബന്ധമായ.

ഉചിത-വി. പ്ര. യോഗ്യമായ. ര. സ്വീകരിക്കത്തക്ക.

ഉചിതം-യോഗ്യം, യോജിച്ചതു്.

'വസ്തുനിനക്കിതുതാനൻ
അസ്മദാജ്ഞോചിതം'
(നളചരിതം കഥകളി)

ഉചിതയോഗജ്ഞൻ-ഇന്ന കാര്യത്തിന് ഇന്നതിനെ ചെയ്യണമെന്നു അറിയുന്നവൻ.

ഉച്ച-മദ്ധ്യാഹ്നം, പകലിന്റെ മദ്ധ്യം.

ഉച്ച-വി ഉയർന്ന. അ. ഉറക്കെ.

ഉച്ചൈഃ-അ. ഉറക്കെ.

ഉച്ചട-കന്ദമൂലങ്ങൾ, പെരുമുത്തങ്ങ. രോഗങ്ങളെ ഉച്ചാടനം ചെയ്യുന്നതു (ഓടിച്ചുകളയുന്നതു്) എന്നർത്ഥം. പെരുങ്കോരപ്പുല്ല്, കരുവിവള്ളി, കരുവിക്കിഴങ്ങ് എന്നും പേരുകളും കാണുന്നു.

ഉച്ചണ്ഡ-വി. ബലപ്പാടുള്ള, വേഗമുള്ള.

ഉച്ചണ്ഡം-ബലപ്പാടുള്ളതു്. ഉച്ചണ്ഡനം (കോപം) ഉള്ളതു് എന്നു ശബ്ദാർത്ഥം.

ഉച്ചതരം-അത്യുന്നതം.

ഉച്ചതരു-തെങ്ങ്.

ഉച്ചൻ-ബുദ്ധിഭ്രമമുള്ളവൻ.

ഉച്ചനീച-വി. ഉയർന്നതും താണതുമായ.

ഉച്ചം-വി. ഉയരമുള്ള.

ഉച്ചം-പ്ര. ഉയർന്നതു്. ര. ഉയരം.

ഉച്ചമലരി-ഒരു മാതിരി പുഷ്പം. പര്യായങ്ങൾ-രക്തകം, ബന്ധൂകം, ബന്ധുജീവകം.

[കറുപ്പ്, ചെമപ്പ്, വെളുപ്പ്, മഞ്ഞ ഇങ്ങിനെ നാലുവിധം നിറമുള്ള പൂവോടുകൂടിയ ഉച്ചമലരിയുണ്ട്. പനി, ഗ്രഹബാധകൾ, പിശാചുബാധകൾ ഇവയെ ശമിപ്പിക്കും. ഇതിന്റെ പൂവ് ശീതളവും വിഷപിത്തങ്ങളെ കളയുന്നതുമാകുന്നു.]

ഉച്ചമാളൻ-ഒരു പരദേവത, (മഹാകാളൻ).

ഉച്ചയം-പ്ര. കണക്കുത്ത്. ര. ഉന്നതം. ന. സമ്പാദനം.

ഉച്ചരണം-പ്ര. വാക്ക്. ര. പറക.

ഉച്ചരിക്കുക-പ്ര. ശബ്ദിക്കുക. ര. പറയുക. ന. ചൊല്ലുക.

ഉച്ചരിത-വി. പ്ര. ശബ്ദിക്കപ്പെട്ട. ര. പറയപ്പെട്ട. ന. ചൊല്ലപ്പെട്ട.

ഉച്ചലിപ്പിക്ക-ഉയർത്തിവിടുക.

'പേടിച്ചോടുംപടിയൊട്ടിതിയോ-
നുച്ചലിപ്പിച്ചിടേണം'
(മയൂരസന്ദേശം)

ഉച്ചസ്ഥ-വി. ഉച്ചത്തിൽ നില്ക്കുന്ന.

'വക്രനുച്ചസ്ഥനായ് മകരംരാശിതന്നിൽ'
(അദ്ധ്യാത്മരാമായണം)

ഉച്ചാടനം-പ്ര. ഓടിച്ചുകളയുക, ആട്ടിക്കളയുക. ര. അയയ്ക്കു. ന. ഒരു മാതിരി മന്ത്രം.

ഉച്ചാരണം-വാക്ക്.

ഉച്ചാർ-മകരമാസം ഒടുവിലുള്ള കാലം

ഉച്ചാരം-൧ മലം. വയററിൽ നിന്നൊഴിയുന്നതു്, ത്യജിക്കപ്പെടുന്നതു് എന്നൎത്ഥം. ൨. വാക്ക്.

ഉച്ചാരൽ, ഉച്ചാൽ, ഉച്ചാരൻ-മകരമാസം ൨൮-ാംനു- ഉള്ള ഒരു വിശേഷദിവസം.

ഉച്ചാവച-വി. ൧ പലപ്രകാരത്തിലുള്ള. ൨. ഏററക്കുറച്ചിലുള്ള.

ഉച്ചാവചം-അനേകപ്രകാരം. മററൊരു പൎയ്യായം-നൈകഭേദം. മേലും കീഴും വ്യാപിക്കുന്നതു് എന്നു ശബ്ദാൎത്ഥം. [ഉദക്‌ച അവാക്‌ച ഉച്ചാവചം.]

ഉച്ചി-നിറുക, നെറുക. (തലയുടെ നടുവു്)

ഉച്ചു്-൧ തെററുക, വഴുക്കുക, ചറുക്കുക. ൨. ബുദ്ധിവരൾച്ച.

ഉച്ചെലി-ഒരു ചെടി. ഒച്ചെലി എന്നും പറയും.

ഉച്ചൈഃ-അ. ൧. മഹത്തു്; വലിയതു്. ൨. ഉയൎന്ന, ൩. ഉറക്കെ, [ഭേദകാവ്യയം.]

ഉച്ചൈൎഘുഷ്ടം-ഉറക്കെ ശബ്ദിക്കുക. ഉറക്കെ ഘോഷിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം. മററൊരുപൎയ്യായം-ഘോഷണാ [ഉറച്ചു പറക, നിലവിളി.]

ഉച്ചൈൎഘോഷം-ഉറക്കെയുള്ള ശബ്ദം.

ഉച്ചൈശ്ശ്രവസ്സ്-ഇന്ദ്രന്റെ കുതിര. ഉന്നതങ്ങളായ ചെവികളോടുകൂടിയതു്, ശ്രേഷ്ഠമായ യശസ്സോടുകൂടിയതു് എന്നു ശബ്ദാൎത്ഥം.

[പാലാഴിമഥനത്തിൽ കിട്ടിയതാണു്. അമൃതം ഭക്ഷിച്ചു ജീവിക്കുന്നു.]

ഉച്ചൈസ്തരം-അ. ഏററവും വലിയതു്, ഏററവും ഉയൎന്ന, ഏററവും ഉറക്കെ.

ഉച്ഛാദനം-സുഗന്ധംപൂശുക.

ഉച്ഛിഷ്ടം-ഭക്ഷിച്ചതിന്റെ ശേഷിപ്പുള്ള.

ഉച്ഛീൎഷിക-വി. തലപൊക്കിയ.

ഉച്ഛീൎഷകം-൧. തലയണ. ൨. തല.

ഉച്ഛൃംഖല-വി. ൧. തടവില്ലാത്ത. ൨. അടക്കമില്ലാത്ത. ൩. അതിരുവിട്ട.

ഉച്ഛോഫം-നീരു്, വീൎപ്പു്.

ഉച്ഛ്രയം, ഉച്ഛ്രയണം, ഉച്ഛ്രായം-വൃക്ഷാദികളുടെ ദൈൎഘ്യത്തിന്റെ പേർ, ഉയരം, ഉന്നതി.

ഉച്ഛ്രാവണം-ഒരാളെ ഉറക്കെ കേൾപ്പിക്കുക.

ഉച്ഛ്രിത-വി. ൧. ഉയൎന്ന. ൨. ജനിച്ച. ൩. വൎദ്ധിച്ച. ഏററവും സേവിക്കപ്പെട്ടതു് എന്നു ശബ്ദാൎത്ഥം.

ഉച്ഛ്വാസനം-നെടുവീൎപ്പു്, ദീൎഘശ്വാസം.

ഉച്ഛ്വസിത-വി. ൧. ശ്വാസം വലിക്കപ്പെട്ട. ൨. വിടിരപ്പെട്ട ൩. ഊതപ്പെട്ട.

ഉച്ഛ്വസിതഃ-൧. ഉച്ഛ്വാസം. ൨. വിസ്താരം. ൩. പരപ്പു. ൪. പുസ്തകത്തിന്റെ ഒരു ഭാഗം. (അദ്ധ്യായം.)

ഉജ്ജീനം-ഉപജീവനം.

ഉജ്ജട-മഞ്ഞക്കരിമ്പു്.

ഉജ്ജയിനി-അവന്തിയിലെ പ്രധാന നഗരം, വിക്രമാദിത്യന്റെ രാജധാനി Oojein. അവന്തി എന്നതു നോക്കുക.

ഉജ്ജാലം-മലനെല്ലു്.

ഉജ്ജാസനം-വധം. ഹിംസിക്കുക എന്നൎത്ഥം.

ഉജ്ജീവനം-പോഷിപ്പിക്കുന്നതു്.

ഉജ്ജൃംഭിത-വി. വിരിഞ്ഞ.

ഉജ്ജ്വല-വി. ൧. പ്രകാശിച്ച. ൨. ഭംഗിയുള്ള.

ഉജ്ജ്വലത്തു്-൧. വീൎയ്യമുള്ള. ൨. ഭംഗിയുള്ള. ൩. പ്രകാശമുള്ള. ൪. അറിവുള്ള.

ഉജ്ജ്വലനം-ശോഭ.

ഉജ്ജ്വലഃ-൧. പ്രകാശിക്കുന്നതു്. ൨. ശൃംഗാരരസം. ൩. സ്നേഹം. ൪. പൊന്നു്. ൫. [(സാഹിത്യസാഹ്യപ്രകാരം) രീതികളിൽ ഒന്നു്. വൈചിത്ര്യം കൊണ്ടും ഫലിതംകൊണ്ടും ഉണ്ടാകുന്ന കാന്തിവിശേഷം. ഉജ്ജ്വലം > < അലസം.]

ഉജ്ജ്വലാ-ഒരു വൃത്തം. ജഗതീഛന്ദസ്സിൽ പെട്ടതാണ്. പാദം ഒന്നിൽ അക്ഷരം ൧൨.

'ഇഹനനജരൌചരുകിലുജ്ജ്വലാ'
(വൃത്തമഞ്ജരി)

ഉജ്ജ്വലിക്ക-ഏററവും പ്രകാശിക്ക, ശോഭിക്ക.

ഉജ്ജ്വലിത-വി. ഏററവും പ്രകാശിക്കപ്പെട്ട, ശോഭിക്കപ്പെട്ട.

ഉജ്ഝം-തള്ളപ്പെട്ടതു്.

ഉജ്ഝിത-വി. ൧. ഉപേക്ഷിക്കപ്പെട്ട.

'ഉജ്ഝിതമാണ്ടുള്ളൊരാനനം'
(കൃഷ്ണഗാഥ)

൨. ഒഴുകപ്പെട്ട. ൩. പുറപ്പെടുവിക്കപ്പെട്ട.

ഉഞ്ഛം-അങ്ങാടി മുതലായ സ്ഥലങ്ങളിൽ വീണുപോയ നെന്മണി മുതലായതിനെ ഓരോന്നായി പെറുക്കി എടുത്തു സമ്പാദിക്ക.

[നെല്ലു കുത്തുമ്പോൾ ഉരലിന്റെ മൂട്ടിൽ കൊഴിഞ്ഞിരിക്കുന്നതും ഉടമക്കാരൻ എടുത്തു നീക്കി ശേഷിച്ചതുമായ അരിമണി പെറുക്കിയെടുത്തുപജീവിക്കുക എന്നും കാണുന്നു. ഉഞ്ഛശിലം എന്നു (ഇതിനു) അമരം പറയുന്നു. 'ഋതമുഞ്ഛശിലം സ്മൃതം' എന്നു മനുവും അഭിപ്രായപ്പെടുന്നു. 'ശിലോഞ്ഛം' എന്നും കാണുന്നുണ്ട്. 'ശിലോഞ്ഛവൃത്ത്യാപരിതുഷ്ടചിത്തഃ' എന്നു ഭാഗവതം.]

ഉഞ്ഛശിലം, ഉഞ്ഛാശിലം-ഇരിമണി പെറുക്കുക. [ഉഞ്ഛം എന്നതു നോക്കുക]

ഉഞ്ഛവൃത്തി-ഇരിമണികൊണ്ടുള്ള ഉപജീവനം.

ഉട-തം. പൊട്ടിച്ചിതറുക.

ഉട-വി. സംബന്ധിച്ച, ഉൾപ്പെട്ട.

ഉട-൧. വസ്തിപ്രദേശം. ൨. ഉടുക്കുന്ന വസ്ത്രം, ഉടുക്കുക. ൩. കാളയുടെ വൃഷണം. ൪. ഉടവ്.

ഉടകലമാന-വി. അലങ്കരിച്ച.

ഉടക്കൻ-ഉപദ്രവം ചെയ്യുന്നവൻ.

ഉടക്ക്-൧. പിടിത്തം. ൨. തർക്കം. ൩. തടവ്. ൪. വില്ലുകുലയ്ക്കൂ. (ക്രിയ-ഉടക്കുക.)

ഉടക്കുളി-ചാട്ടുളി (ചാണ്ടുന്ന ഉളി)

ഉടങ്ങ്-ഉടക്ക്.

ഉടജം-മഹർഷിമാരുടെ പർണ്ണശാല. (ഉടം=തൃണം, പർണ്ണം മുതലായതു) തൃണപർണ്ണാദിജനിതം എന്നു ശബ്ദാർത്ഥം.

'ഉടജത്തിൽവസിച്ചിട്ടുംജനത്തി-
ന്നുടലേവംരമണീയമെന്നുവന്നാൽ'
(അഭിജ്ഞാനശാകുന്തളം)

ഉടൻകട്ട, ഉടഞ്ചാവ്-ഭാര്യ ഭർത്താവിനോടുകൂടി മരിക്ക.

ഉടഞ്ഞാൺ-അരഞ്ഞാണം, [ഉടുപ്പുടവയുടെ മേൽകെട്ടുന്നതു്. സ്ത്രീകളുടെ ഉടഞ്ഞാണിന്റെ പര്യായങ്ങൾ-മേഖലാ, കാഞ്ചി, സപ്തകി, രസനാ, സാരസനം. പുരുഷന്റെ ഉടഞ്ഞാണിന്റെ പര്യായം-ശൃംഖലം]

ഉടൻ-അപ്പോൾതന്നെ.

ഉടനടി-൧. ഇപ്പോൾതന്നെ.

'നീ മന്ദിക്കാതുടനടി പുറ-
പ്പെട്ടുകൊണ്ടാലുമിപ്പോൾ'
(മയൂരസന്ദേശം)

൨. അപ്പോൾതന്നെ.

ഉടനീളം-ശരീരത്തിന്റെ നീളം, ഒരാളിന്റെ പൊക്കം.

ഉടനുടൻ-അ. തെരുതെരെ, കൂടക്കൂടെ.

ഉടന്തടി-ഉടഞ്ചാവ്, ഉടൻകട്ട.

ഉടന്തടിചാടുക-ഭർത്താവു മരിച്ചു ദഹിപ്പിക്കുമ്പോൾ ഭാര്യ കൂടി ചിതയിൽ ചാടുക.

'ഉടന്തടിചാടൽ' എന്ന കർമ്മത്തെക്കുറിച്ച് ഋഗ്വേദത്തിൽ യാതൊന്നുമില്ലെങ്കിലും അതിൽ ഒരു മന്ത്രത്തെ തെററി വ്യാഖ്യാനിക്കയും അതിനെ പ്രമാണപ്പെടുത്തി അനേകായിരം പ്രാണ

ങ്ങളെ നാശപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.
(പ്രാചീനാര്യാവൎത്തം)

ഉടമ്പെടുക – ഉടമ്പടിചെയ്ക, തമ്മിൽ യോജിക്കുക.

ഉടപ്പം-ചാൎച്ച, സംബന്ധം [ഉടമ എന്നുള്ളതു് ഈ ധാതുതന്നെയാണ്.]

ഉടപ്പിറന്നവൻ-സഹോദരൻ.

ഉടപ്പിറന്നവൾ-സഹോദരി. പൎയ്യായങ്ങൾ-ഭഗിനി, സ്വസാവു്.

ഉടപ്പിറപ്പു-കൂടെപ്പിറപ്പു്.

ഉടപ്പിറവി-ഹ്ര. കൂടെപ്പിറവി, കൂടെപ്പിറപ്പു്. വ. ജനിക്കുമ്പോൾ കൂടെയുള്ളതു്.

ഉടം-ഹ്ര. ഇല [ഉ-ം, ഥാക്ഷോടം=അക്ഷത്തിന്റെ (വിഭീതകത്തിന്റെ) ഉടങ്ങളെ (ഇലകളെ)പ്പോലെയുള്ള ഇലകളോടുകൂടിയതു്. വ. പുല്ലു്.

ഉടംപിടിക്ക-ഉടമ്പടിചെയ്ക.

ഉടമ-ഹ്ര. ശമ്പളം. വ. കൊടുക്കൽ ന. ആഭരണം. ര. താൽപൎയ്യം. ര, ഭംഗി, നല്ല സ്ഥിതി.

ഉടമക്കാരൻ-ഉടമസ്ഥൻ, അവകാശി.

ഉടമ്പടി-ഹ്ര. കരാറു. വ. ഉഭയസമ്മതം.

ഉടമ്പിക്ക-സ്വരൂപിക്ക, ശേഖരിക്ക.

ഉടമ്പു്-ഉടൽ, ദേഹം.

ഉടമ്പാറ-ഉള്ളറ.

ഉടയതു്-നാഥൻ, യജമാനൻ.

ഉടയതമ്പുരാൻ-ദൈവം

ഉടയർ-ഉള്ളവർ.

ഉടയവൻ, ഉടയക്കാരൻ-യജമാനൻ, അവകാശി

ഉടയവർ-ബന്ധുക്കൾ, യജമാനന്മാർ.

ഉടയവൾ-ഉടയക്കാരത്തി, യജമാനത്തി

ഉടയാട-മാനമുള്ളവർ ഉടുക്കുന്ന വസ്ത്രത്തിനു പറയുന്ന പേർ.

'ഉടയാടകരയ്ക്കഴിച്ചുവെച്ചു-
പ്പിടമാൻനേർമിഴിമാർ'
(മേവയാന്തീപരിണയം മണിപ്രവാളം)

ഉടയ്ക്കുക-പൊട്ടുക, തകരുക.

ഉടയ്ക്കുക-പൊട്ടിക്കുക, തകൎക്കുക.

ഉടൽ-ദേഹം, ശരീരം.

ഉടൽക്കൂറു്-ശരീരാവസ്ഥ.

ഉടലം-ഉടൽ.

'വല്ലുടലം എങ്ങുംആഭരണമാക്കിനാൻ'
(രാമചരിതം)

ഉടവാൾ-രാജാവിന്റെ സ്ഥാനത്തെ കാണിക്കുന്ന വാൾ.

ഉടവു-ഹ്ര. പൊട്ടൽ. വ. തകൎച്ച. ന. മെലിച്ചിൽ.

ഉടുകൽ-സമയം.

ഉടുക്കു്-(ഒരു വാദ്യം) ഉടുക്കു്, കടുന്തുടി എന്നുമാം. പൎയ്യായം-('ഡമരു')

ഉടുക്കുക-വസ്ത്രം ധരിക്കുക.

ഉടുതുണി-ഉടുക്കുന്ന വസ്ത്രം.

ഉടുപുടവ-സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം.

ഉടുപ്പിക്കുക-വസ്ത്രം ധരിപ്പിക്കുക.

ഉടുപ്പി, ഉടുപ്പു, (ഉടുപി)-മംഗലപുരം ജില്ലയിൽ ഒരു താലൂക്കിലെ പ്രധാന സ്ഥലം. (ചന്ദ്രൻ പരാശരൻ പ്രത്യക്ഷമായി ശാപമോക്ഷം കൊടുത്തതുകൊണ്ടു് ഈ പേരു വന്നു.)

ഉടുപ്പു്-ഹ്ര. വസ്ത്രം. വ. കുപ്പായം.

ഉടുമ്പു്-ഹ്ര. ഒരു ജന്തു. പൎയ്യായങ്ങൾ-(ഉടുമ്പിൻകുട്ടിക്ക) ഗോധരം, ഗോധാരം, ഗോധായം, ഗോധികാത്മജം. [ഗോധാ=ഉടുമ്പു്.] (നായാട്ടുപേർ-മംകഴിമാൻ) വ. ഒഴുവു (ഓന്തായൽ)
[ഉടുമ്പിന്റെ മാംസം പാകത്തിൽ മധുരം. രസത്തിൽ കഷായമധുരം. വാതപിത്തങ്ങളെ ഉണ്ടാക്കും. ബൃംഹണമാണ്.]

ഉടുരം-തീൎപ്പോലെ പുറപ്പെടുക.

ഉട്ടുരുട്ടു-ഒരു വീട്ടിലുള്ള എല്ലാ സാമാനങ്ങളും. [ഉട്ടു=ഉടമ. ഉരുപ്പടി.]

**ഉഡ്ഡാമരഃ**-വി. ൧. ചേച്ചയുള്ള, മനോഹരമായുള്ള. ൨. ഭയങ്കരമായ.

**ഉഡ്ഡീനം**-പക്ഷികളുടെ ഗതിവിശേഷം. മററു പര്യായങ്ങൾ-പ്രഡീനം, സണ്ഡീനം.

**ഉഡു**-നക്ഷത്രം. ഉയന്നു ഗമിക്കുന്നതു എന്നു ശബ്ദാത്ഥം. ആകാശത്തിൽ സ്ഥിതിചെയ്തു ലോകരക്ഷചെയ്യുന്നതു്, കോപവചനത്തോടെ ആകാശത്തിൽ സഞ്ചരിക്കുന്നതു് ഇങ്ങനെയും അത്ഥമുണ്ടു്.

[തങ്ങളുടെ ഭത്താവായ ചന്ദ്രനു് സപത്നിയായ രോഹിണിയിൽ ആസക്തി മുഴുക്കുകയാൽ മററുള്ള നക്ഷത്രങ്ങൾ കോപിച്ചു് ആ സംഗതി അച്ഛനായ ദക്ഷനെ ധരിപ്പിപ്പാൻ കോപവചനത്തോടെ നടന്നതായി കഥ കാണുന്നു.]

**ഉഡുപതി**-൧. ചന്ദ്രൻ. ൨. കപ്പൂരം. [വരുണൻ എന്നത്ഥവും കാണുന്നുണ്ടു്.]

**ഉഡുപഥം**-നക്ഷത്രത്തിൻെറ മാഗ്ഗം.

**ഉഡുപൻ**-൧. ചന്ദ്രൻ. ൨. കപ്പൂരം.

**ഉഡുപം**-൧. പൊങ്ങുതടി, ചങ്ങാടം. വെള്ളത്തിൽനിന്നു രക്ഷിക്കുന്നതു്, നക്ഷത്രമെന്നപോലെ തന്നിൽ കയറിയവരെ രക്ഷിക്കുന്നതു്. മററുപര്യായങ്ങൾ-പ്ലവം, കോലം. ൨. നക്ഷത്രം.

**ഉഡുംബരം**-൧. അത്തിമരം. ൨. ഒരു വീട്ടിലെ ഉമ്മരപ്പടി. ൩. ചെമ്പു്. ൪. ഒരുതരം കൃമി. ൫. ഒരു കഷം (രണ്ടു തോലാ.)

**ഉഡ്രം**-ഇപ്പോഴത്തെ ഒറിസ്സാ (രാജ്യം.)

**ഉഡൂഖലം**-ഉരൽ

**ഉഡ്ഡി**-പറപ്പു്.

**ഉഡ്ഡീനം**-പക്ഷികളുടെ ഗതിവിശേഷം. മേല്പോട്ടുപറക്കുക എന്നത്ഥം.

**ഉഡ്ഡീയനം**-പൊങ്ങിയുള്ള പറപ്പു്.

**ഉണക്കു്**-വരൾച്ച, ശോഷണം.

**ഉണക്കം**-വരൾച്ച, ശോഷിപ്പു്.

**ഉണക്കലരി, ഉണങ്ങലരി** പച്ചരി, പുഴുങ്ങാത്ത നെല്ലിൻെറ അരി.

**ഉണക്കൽ, ഉണങ്ങൽ**-൧. ഉണക്കലരി. ൨. ഉണങ്ങുക.

**ഉണരുക**-൧. ഉറക്കത്തിൽ നിന്നു വേർപെടുക. ൨. കാത്തിരിക്കുക, ജാഗ്രതയോടിരിക്കുക.

'രാമകാര്യാത്ഥമുണന്നിരിക്കുന്നു ഞാൻ'
(അദ്ധ്യാത്മരാമായണം)

**ഉണച്ചു**-൧. ഉത്സാഹം, ജാഗ്രത. ൨. ഉറക്കത്തിൽ നിന്നു വേർപെടുക.

**ഉണത്തുക**-൧. ഉറക്കത്തിൽ നിന്നു വേർപെടുത്തുക. ൨. അറിയിക്കുക.

**ഉണവു്**-൧. പ്രബോധം. ൨. ഉറക്കത്തിൽ നിന്നു വേർപെടുക. ൩. ജാഗ്രത

**ഉണിത്തിരി, ഉണ്ണിത്തിരിമാർ**-അമ്പലവാസികളിൽ ഒരു വകക്കാർ. (ഉണ്ണി എന്നും കാണുന്നു.)

**ഉണിൽ, നണിൽ**-ചെറിയ ചൊറി.

**ഉണ്ടു്**-അ. ഭവിക്കുന്നു.

**ഉണ്ട**-൧. ഉരുള. ൨. ഗുളിക ൩. കട്ട. ൪. ഒരു പലഹാരം. ൫ വെള്ളത്തിലെ മുങ്ങിക്കുളി.

**ഉണ്ടക്കാറം**-വെടികൊണ്ട വ്രണം.

**ഉണ്ടനൂൽ**-൧. കല്പനൂൽ. ൨. ഉരുണ്ടയായി ചുരുട്ടിവെച്ചിട്ടുള്ള നൂൽ.

**ഉണ്ടപ്പാച്ചിൽ**-൧. ഉണ്ടയുടെ വേഗം. ൨. ഉണ്ടപായുന്ന അകലം.

**ഉണ്ടപ്പായൽ**-വെള്ളത്തിൽ ഉണ്ടാകുന്ന ഒരു പുല്ലു്.

**ഉണ്ടപ്പെട്ടി**-വെടിയുണ്ട സൂക്ഷിക്കുന്ന പാത്രം.

**ഉണ്ടവല**-മീൻപിടിക്കുന്ന ചെറിയവല.

**ഉണ്ടവില്ലു്**-കല്ലുവെച്ചു തെററുന്ന വില്ലു്.

**ഉണ്ടവെയ്ക്കുക**-൧. കളപിടിക്കുക. ൨. വെള്ളത്തിൽ മുങ്ങിക്കുളിക്കുക.

ഉണ്ടറുതി - ഒരുവിധം പ്രമാണം. (ഉണ്ടറുതി ആധാരം, ഉണ്ടറുതിപ്പാട്ടം, ഉണ്ടറുതിപ്പണയം മുതലായവ )

ഉണ്ടാകുക - ൧. ജനിക്കുക. ൨. ഭവിക്കുക. ൩. കിളിക്കുക.

ഉണ്ടിക, ഹുണ്ടിക - ഒരുമാതിരി മുദ്ര, കൈമാററക്കുറിമാനം.

ഉണ്ടികക്കലശം - തിരുവപ്പണം സൂക്ഷിക്കുന്ന ഒരു പെട്ടി.

ഉണ്ടിയൽ - ഉണ്ടിക.

ഉണ്ടികപ്പണം - തിരുവപ്പണം.

ഉണ്ടുരുട്ടി - ഒരുവക പണ്ണിയം.

ഉണ്ടെന്മാനില്ല - ഇന്നിടത്തുണ്ടെന്നു പറവാനില്ല.

'ആളയച്ചിട്ടുണ്ടെന്മാനില്ല, ഇല്ലെന്മാനില്ലാ'

(നളചരിതം കഥകളി)

ഉണ്ഡുകം - ൧. ഒരുവക കഷ്മം. ൨. വല്ല, നെയിത്ത്. ൩. ശരീരത്തിന്റെ ഒരു ഭാഗം.

ഉണ്ഡേരകം - മാവുണ്ട, ഉണ്ടഅപ്പം.

ഉണ്ണാക്ക് - അണ്ണാക്ക്. [ഉൾ + നാക്ക് = ഉണ്ണാക്ക് ]

ഉണ്ണാടി - ഉൾനാടി.

ഉണ്ണാർ - ഉണ്ണാത്തവർ.

'ചെറുമികവുണ്ണമവരുണ്ണാർ'

(ഭഗവൽഗീത)

ഉണ്ണി - ൧. ചെറിയ പൈതൽ. ൨. ഒരു ജാതിക്കാരൻ. ഉണ്ണികളുടെ സ്ത്രീകൾക്കു ഇട്ടി എന്നു പേർ. ൩. പശുവിന്മേല വട്ടൻ.

ഉണ്ണിക്ക - ഊട്ടുക, ഊണുകഴിപ്പിക്ക.

ഉണ്ണിത്തണ്ടു - വാഴക്കാമ്പ്, വാഴപ്പിണ്ടി.

ഉണ്ണിമാങ്ങ - ചെറിയമാങ്ങ.

ഉണ്ണിയപ്പം - ചെറിയഅപ്പം.

[ചെറുതായിരിക്കുന്ന അപ്പങ്ങൾക്കെല്ലാം ഉണ്ണിഅപ്പം എന്നു പറയാറ പതിവില്ല. ക്ഷേത്രങ്ങളിൽ ഈ അപ്പം വഴിപ്പിക്കുക എന്നതു വഴിപാടനടത്തുന്നവർക്കു പ്രധാനമാണ്. പച്ചരി ഇടിച്ചെടുത്ത മാവിൽ ശർക്കര, പഴം ഇവ ഞെരടിച്ചേർത്തു നെയ്യിൽ ഉണ്ടാക്കുന്നതായിട്ടാണു കാണുക.]

ഉണ്ണുക - ൧. ഭക്ഷിക്കുക ൨. മുലകുടിക്കുക.

ഉണ്മ - ൧ ഉണ്ട് എന്നുള്ള സ്ഥിതി, വാസ്തവം. ൨. സത്യം, യഥാർത്ഥം, തത്വം.

'ഷണ്മുഖൻ തന്നുടെ കാരുണ്യം തന്നാലെ
യുണ്മയായുള്ളതറിഞ്ഞുമെല്ലേ'

(ഭാരതഗാഥ)

[ഉൾ + മ = ഉണ്മ.] ൩. ഉറപ്പായ വിശ്വാസം. ൪. സ്നേഹം.

'മററുണ്മയോടുചേർന്നുഗാഢംപുണർന്നു'

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഉത - അ. ൧. വികല്പാർത്ഥകം. (അങ്ങിനെയോ ഇങ്ങിനേയോ).

'വ്രതനിയമമിവൾക്കവൾക്കുവാളെ-
യ്യുതനവിഹാരവിരോധിയാകുമാറോ?
ഉതഹരിണികളോടു വാഴുമാറോ?
സതതമിയം മമിരക്ഷണപ്രിയാളിഃ?'

(അഭിജ്ഞാനശാകുന്തളം)

൨. വിതർക്കം.

'ഗോപാൽചതുരതാവതാരമകരോദുവി'

അവതാരം അകരോൽ ഉത = അവതരിച്ചുവോ.

൩. സമുച്ചയം.

'ഉതഭീമ ഉതാർജ്ജുനഃ'

ഭീമനും അർജ്ജുനനും എന്നർത്ഥം.

൪. ചോദ്യം.

'സ്വസിസ്വരമഖചാഗ്രമണെരുത
ഗോത്രസ്ഖലിതേഷു ബാധനം'

(സ്വാസിത = ഭാഷാന്തരം?)

ഉത - ൧. ഉരണ്. ൨. കാലുകൊണ്ടുള്ള കതിപ്പ്. ൩. തോക്കിന്റെ ഇടിപ്പ്.

ഉതക്കുക - ൧. ഉപകരിക്കുക. ൨. വഴിക്കുക.

ഉതക്കം-സാഹായ്യം.

ഉതത്ഥ്യൻ- അംഗിരസ്സിന്റെ മകൻ, ബൃഹസ്പതിയുടെ ജ്യേഷ്ഠസഹോദരൻ.

[ഈ ബ്രാഹ്മണന്റെ ഭാൎയ്യ സോമന്റെ പുത്രിയായ ഭദ്രയാണ്. ഒരിക്കൽ ഇയാൾ കോപാന്ധനായി സമുദ്രം മുഴുവനും കുടിച്ചു വററിച്ചു. ഇതിനു കാരണം വരുണൻ തന്റെ ഭാൎയ്യയായ ഭദ്രയെ അപഹരിച്ചതായിരുന്നു. സമുദ്രം കുടിച്ചുവററിച്ചിട്ടും വരുണൻ ഭദ്രയെ തിരിയെ കൊടുക്കായ്കയാൽ വരുണന്റെ സരസ്സു കുടിച്ചു വററിച്ചു അനന്തരം രാജ്യം അശേഷം ഉണങ്ങിപ്പോയി. ഉടൻ വരുണൻ ഭദ്രയെ തിരിയെകൊടുത്തു.]

ഉതത്ഥ്യതനയൻ-ഗൌതമൻ.

ഉതം-വി. നെയ്യപ്പെട്ട.

ഉതം-ന. ഊട്ടം പാവുമായി നെയ്യപ്പെട്ടതു്. മററു പൎയ്യായങ്ങൾ-ഊതം, സ്യൂതം ഉ. ഉദം എന്നതിന്റെതത്ഭവം. ഉദം = ജലം, ഊററു്.

ഉതവി-തുണ, സഹായം.

ഉതളം-ഒരു വൃക്ഷം.

[ഇതിന്റെ ഇല വാതത്തിനു നന്നു്. കായുടെ പരിപ്പു വലിയ ദോഷത്തെ ചെയ്യും. ഉള്ളിൽ ചെന്നാൽ (തിന്നാൽ) പ്രാണഹാനി വരും.]

ഉതളി-ഒരു തോൽപാത്രം. ഉ. മൂത്രാശയം

ഉതളിക്ക-ഊതിവീൎപ്പിക്ക, കാററുകൊണ്ടു വീൎക്കുക.

ഉതാൽ-കലുക്കിവിടീക്കൽ, തട്ടി വിടുവിക്കൽ.

ഉതറുക-കലുക്കിവിടുക, തട്ടിവിടുക.

ഉതാഹോ-അ. ഉത എന്നതിന്റെയും ആഹോ എന്നതിന്റെയും സമാഹാരം. പ്രധാനമായ അൎത്ഥം വികല്പം തന്നെ (ഉത നോക്കുക.)

ഉതി-ന. ഒരു വൃക്ഷം.

[ഈ വ്രണങ്ങളെ ഉണക്കും. ഭഗസന്താനകൃത്താണ്.]

ഉ. തുരുത്തി.

ഉതിക്കൽ-ചീററൽ

ഉതിക്കുക-ചീററുക.

ഉതിപ്പ്-ചീററൽ.

ഉതിരകാളി-മായാദേവി.

ഉതിരക്കുറിച്ചേട്ടം- രാജാക്കന്മാൎക്കുള്ള ഒരു വിധം വരവു്.

ഉതിരം-ചോര. [രുധിരം എന്നതിന്റെ തത്ഭവം].

ഉതിരു-ന. കുലയിൽനിന്നുപൊഴിക. ഉ. ഉതിർമണി.

ഉതിരുക-പൊഴിയുക.

ഉതിൎക്ക-പൊഴിക്ക.

ഉതിൎച്ച-പൊഴിച്ചിൽ.

ഉതിൎപ്പ്-പൊഴിച്ചിൽ.

ഉതിൎമണി-പൊഴിഞ്ഞധാന്യം.

ഉതിൎമ്മ പൊഴിച്ചിൽ.

ഉൽകം-അവസരം.

ഉൽകചകം-ഒരു തീൎത്ഥം. [ഈ തീൎത്ഥത്തിനു ഭാഗവതം മൂലത്തിൽ 'ഉൽകാചകം' എന്നു കാണുന്നു. എഴുത്തച്ഛന്റെ സംഭവപൎവ്വത്തിൽ കാണുന്നതു 'ഉൽകചകം' എന്നാണ്.]

ഉൽകത-ആഗ്രഹം.

ഉൽകുലം-കുലത്തിൽനിന്നു തെററിപ്പോയവൾ (വ്യഭിചാരിണി)

ഉൽകൃതി-ഒരു ഛന്ദസ്സ്. പാദത്തിൽ ൨൬ അക്ഷരം വീതം കാണും.

'ഭകാരസനഭങ്ങളൊടു ഭകാരസനങ്ങൾ
ലഘുഗുരുക്കളിഹാംബുജനേത്രേ'
(വൃത്തമഞ്ജരി)

ഉൽകൃഷ്ട-വി. ന. ശ്രേഷ്ഠമായ. ഉ. അധികമായ. ന. ആകൎഷിക്കപ്പെട്ട.

ഉൽകൃഷ്ടൻ-ഉയൎന്നസ്ഥിതിയിലുള്ളവൻ.

ഉൽകൃഷ്ടകാന്തി-അത്യന്തശോഭ. പൎയ്യായം-സുഷമാ.

ഉൽക്ക-വി. ൧ ദുഃഖമുള്ള. ൨. കഴിഞ്ഞ. ൩. ആഗ്രഹമുള്ള.

ഉൽകഞ്ചുക-കഞ്ചുകം (ചട്ട)യില്ലാത്ത.

ഉൽകട-വി ൧. അധികമായ. ൨, ഭ്രാന്തുള്ള ൩. മദ്യപാനം ചെയ്ത ൪. ഒപ്പനിരപ്പില്ലാത്ത.

ഉൽകടം-കോപം.

ഉൽകടൻ-മദ്യം മുതലായവകൊണ്ട മത്തനായുള്ളവൻ. തടസ്ഥമില്ലാത്തവൻ എന്നൎത്ഥം.

ഉൽകടുകാസനം-ഒതുങ്ങിയിരിപ്പ്.

ഉൽകണിക-എട്ടത്തപൊടി, അംശം.

ഉൽകണ്ഠാ-൧. പ്രിയവൃത്താന്ത ശ്രവണത്തിലുള്ള അത്യാസക്തി.

'വാൎത്താമാവൎത്തനമൊടനുയോ-
ഗിക്കമുൽക്കണ്ഠമൂലം'
(മയൂരസന്ദേശം)

ഇഷ്ടമായ വസ്തു ലഭിപ്പാൻ നേരിടുന്ന താമസത്തെക്കുറിച്ചുള്ള മനോവിചാരം. ൨. ആധി, മറെറാരു പൎയ്യായം-ഉൽകലിക.

ഉൽകണ്ഠാം-ഇഷ്ടാതിശയം.

ഉൽകണ്ഠിത-വി. ആഗ്രഹിക്കപ്പെട്ട.

ഉൽകര-വി. ൧. ഉയൎത്തുന്ന. ൨. കൂമ്പൽകൂട്ടുന്ന,

ഉൽകരം-൧. നെല്ലു മുതലായതു കൂട്ടിയതു, ധാന്യാദിസമൂഹം. ൨. കൂമ്പാരം, കൂട്ടം

ഉൽകൎക്കരാ-ഒരു വാദ്യം.

ഉൽകലം-ഇപ്പോഴത്തെ ഒറിസ്സരാജ്യം Orissa.

ഉൽകലിക-ഉൽകണ്ഠ, ഒന്നിലുള്ള അത്യാസക്തി, ഇഷ്ടമായ വസ്തു ലഭിപ്പാൻ നേരിടുന്ന താമസത്തെക്കുറിച്ചുള്ള മനോവിചാരം. ൨. ആധി. കണക്കില്ലാത്തതു് എന്നൎത്ഥം.

ഉൽകലിത-വി. അയഞ്ഞ. കെട്ടഴിഞ്ഞ.

ഉൽകലികാപ്രായം-ഒരു വിധം ഗദ്യം. (ഇതിൽ സമാസങ്ങളും ദീൎഘാക്ഷരങ്ങളും അധികം കാണും.)

ഉൽകൎഷം-൧. അതിശയം. അതിക്രമിക്കുക, ഉന്നതമായിരിക്കുക എന്നൎത്ഥം. മറെറാരു പൎയ്യായം-അതിശയം. ൨. ശ്രേഷ്ഠത. ൩. വൎദ്ധന. ൪. വലിക്കുക. ഉൽകൎഷം > <അപകൎഷം.

ഉൽകൎഷിക്കുക-അതിക്രമിക്കുക.

ഉൽകളങ്കി-ഉണ്ടായ കളങ്കത്തോടുകൂടിയതു്.

ഉൽകാകാ-ആണ്ടിലൊരിക്കൽ പെറുന്ന പശു.

ഉൽകാരം-നെല്ലു കാററത്തിടുക. ഉൽക്ഷേപിക്കുന്നതു് എന്നൎത്ഥം.

ഉൽകാശനം-ആജ്ഞാപനം.

ഉൽകീൎണ്ണനം-വിതറുക, വിതക്കുക.

ഉൽകീലിത-വി. ആണിതറച്ച.

ഉൽകോചം-൧. കൈക്കൂലി. ൨. ഒരു തീൎത്ഥം. [ഉൽകോചകം നോക്കുക]

ഉൽക്രമം-ക്രമക്കേട, അഴിമതി.

ഉൽക്രാന്ത-വി. വിട്ടുമാറിയ, വിട്ടുപിരിഞ്ഞ.

ഉൽക്രോശം-൧ ആഴക്കരൾമുന്നപക്ഷി. നിലവിളിക്കുന്നതു് എന്നു ശബ്ദാൎത്ഥം. മറെറാരു പൎയ്യായം. കുരരം. 'ഞാറപ്പക്ഷി' എന്നും കാണുന്നു. ൨. നിലവിളി. ൩. ദെവാരം.

ഉൽക്ലേശനം-ദോഷങ്ങളെ സ്വസ്ഥാനങ്ങളിൽ നിന്നിളക്കുക. (വൈദ്യസംബന്ധം.)

ഉൽക്ഷിപ്ത-വി. ഉൽക്ഷേപിക്കപ്പെട്ട. [ഉൽക്ഷേപിക്ക - ഉപരിദേശത്തിങ്കൽ ധരിക്കുക] മേല്പോട്ടെറിയപ്പെട്ട, ഉയൎത്തപ്പെട്ട.

ഉൽക്ഷിപ്തം-ഉന്മം.

ഉൽക്ഷേപണം-ന്ന. പൊന്തുകയുക. ൨. മേല്പോട്ടെറിയുക. ൩. ഉഴന്നുക. ൪. മുറം.

ഉൽക്ഷേപ -ന്ന. പൊന്തുകയുക. ൨. വെൺചാമരം.

ഉൽഖാത-വി. ന്ന. വേരോടെ പറിക്കപ്പെട്ട. ൨. നശിപ്പിക്കപ്പെട്ട.

ഉൽഖാതം-കുഴിച്ചത്.

'ഉൽഖാതംനിധിശങ്കയാക്ഷിതിതലം'

(ഭർത്തൃഹരി)

ഉൽഗമിക്ക-ഉയരുക, കരേറുക.

ഉത്ത-വി. നനഞ്ഞ.

ഉത്തപ്തം-ന്ന. ഉണങ്ങിയ മാംസം. ൨. ഉഷ്ണിച്ചത്.

ഉത്തമ-വി. ശ്രേഷ്ഠമായ, പ്രധാനമായ, ഏററവും ഉൽകൃഷ്ടമായ.

ഉത്തമകന്യാഖ്യ-വെല്പരുക്കി.

ഉത്തമൻ-ന്ന. ശ്രേഷ്ഠൻ. ൨. ശിവഭക്തനായ ഒരു മുനി. ൩. പതിനാലു മനുക്കളിൽ മൂന്നാമത്തെ മനു.

ഉത്തമപുരുഷൻ-ന്ന. നല്ല മനുഷ്യൻ. ൨. (വ്യാകരണത്തിൽ) മൂന്നു പുരുഷന്മാരിൽ ഒന്ന്. ൨-ം, ഞാൻ. [മദ്ധ്യമപുരുഷൻ-നീ. പ്രഥമപുരുഷൻ-അവൻ] ൪. വിഷ്ണു.

ഉത്തമം-ശ്രേഷ്ഠം.

[പര്യായങ്ങൾ-പ്രധാനം, പ്രമുഖം, പ്രവേകം, അനുത്തമം, ഉത്തമം, മുഖ്യം, വര്യം, വരേണ്യം, പ്രബർഹം, അനവരാർദ്ധ്യം, പരാർദ്ധ്യം, അഗ്രം, പ്രാഗ്ഹരം, പ്രാഗ്ര്യം, അഗ്ര്യം, അഗ്രീയം, അഗ്രിയം.]

ഉത്തമർണ്ണ-വി. കടംകൊടുത്ത.

ഉത്തമർണ്ണൻ-കടം കൊടുക്കുന്നവൻ. ഉത്തമമായ ഋണത്തോടുകൂടിയവൻ എന്നു ശബ്ദാർത്ഥം. ഉത്തമർണ്ണൻ >< അധമർണ്ണൻ.

ഉത്തമവേശൻ-ശിവൻ.

ഉത്തമസ്ത്രീ-ശ്രേഷ്ഠയായ സ്ത്രീ. പര്യായങ്ങൾ-വരാരോഹാ, മത്തകാശിനി, ഉത്തമാ, വരവർണ്ണിനി ഇവ നാലും.

ഉത്തമാ-ന്ന. ഉത്തമസ്ത്രീ. ൨. ഒരു രോഗം. [ശൂകജങ്ങളായി പതിനെട്ടു വ്യാധികൾ ഉണ്ട്. ലിംഗത്തിനു ക്രമത്തിലധികം വർദ്ധനയുണ്ടാവാനായി ചില മന്ദബുദ്ധികൾ വിഷമുള്ള ജന്തുക്കളേയോ തീക്ഷ്ണദ്രവ്യങ്ങളേയോ അരച്ചു ലിംഗത്തിൽ തേയ്ക്കും. അവന്ന് ഈ രോഗങ്ങൾ പിടിപെടും. ലക്ഷണം-ചെമന്ന കുരുക്കൾ പുറപ്പെടും. ആകൃതിയിൽ ചെറുപയറോ ഉഴുന്നോ എന്നു തോന്നും.]

ഉത്തമാംഗം-തല. ഉത്തമമായ അവയവം എന്നർത്ഥം.

ഉത്തമോത്തമം-അത്യുത്തമം.

ഉത്തമൌജസ്സ്-പാണ്ഡവരുടെ സ്നേഹിതനായ ഒരു യോദ്ധാവ്.

ഉത്തംസം-ന്ന. കർണ്ണാലങ്കാരം. ൨. ശിരോഭൂഷണം. മറെറാരു പര്യായം-അവതംസം.

ഉത്തര-വി. ന്ന. പിന്നത്തെ. ൨. ശ്രേഷ്ഠമായ. ൩. വടക്കുള്ള.

ഉത്തരകാണ്ഡം-രാമായണത്തിലെ ൭-ം കാണ്ഡം.

ഉത്തരകായം-ശരീരത്തിൻറമുകൾഭാഗം

ഉത്തരകാലം-വരുംകാലം.

ഉത്തരകാര്യം-ശേഷക്രിയ.

ഉത്തരക്രിയ-ശേഷക്രിയ.

ഉത്തരക്ഷണം-അടുത്ത ക്ഷണകാലം.

ഉത്തരച്ഛദം-മീതെമൂടി.

ഉത്തരണം-കടക്കുക.

ഉത്തരദിക്ക്-വടക്കേദിക്ക്.

[പുരാണങ്ങളുടെ വിശ്വാസപ്രകാരം ഭൂമിയുടെ ഉത്തരഭാഗം ദേവ

ന്മാരുടേയും ദക്ഷിണഭാഗം അസുരന്മാരുടേയും മദ്ധ്യഭാഗം മനുഷ്യരുടേയും വാസസ്ഥലങ്ങളാകുന്നു.]

**ഉത്തരംചെയ്ക**- പകരം വീട്ടുക, പകമീളുക.

**ഉത്തരൻ**-൧. വിഷ്ണു. ൨. ശിവൻ. ൩. വിരാടരാജാവിന്റെ പുത്രൻ (ശല്യർ വധിച്ചു).

**ഉത്തരപക്ഷം**-ഒടുവിൽ പറഞ്ഞ അഭിപ്രായം, തീരുമാനം.

**ഉത്തരപദം**-പിന്നത്തെ പദം.

**ഉത്തരനൈഷധചരിത്രം**- നിഷധരാജാവായനളന്റെചരിത്രം. (ശ്രീഹർഷൻ ഉണ്ടാക്കിയതു്.)

**ഉത്തരപാലൻ, ഉത്തരപതി, ഉത്തരേശൻ**-കുബേരൻ.

**ഉത്തരപൂർവ്വ**-വടക്കുകിഴക്ക്.

**ഉത്തരപ്രത്യുത്തരം**-ഉത്തരത്തിനുത്തരം.

**ഉത്തരഭദ്ര**-ഉത്രട്ടാതി നക്ഷത്രം.

**ഉത്തരഭാഗം**-൧. വടക്കുവശം ഉത്തരഭാഗം > < ദക്ഷിണഭാഗം. ൨. പിന്നത്തെ ഭാഗം. ഉത്തരഭാഗം> <പൂർവ്വഭാഗം.

**ഉത്തരഫൽഗുനി**-ഉത്രംനക്ഷത്രം.

**ഉത്തരം**- ൧. പ്രതിവാക്യം. ചോദ്യത്തെ കടക്കുന്നതു്, ചോദിച്ച സംശയംതീർക്കുന്നതു് എന്നർത്ഥം. ൨. ഉത്രംനാൾ. ൩. വീട്ടിന്റെ ഭിത്തിക്കുമീതെ പണിചെയ്തു വെയ്ക്കുന്ന മരം. ൪. വടക്കുള്ളതു്. ൫. മേൽഭാഗം. ൬. ശ്രേഷ്ഠമായിട്ടുള്ളതു്. ൭. ഉത്തരവു്. ൮. അലങ്കാരങ്ങളിൽ ഒന്നു്.

'ചോദ്യംനടിച്ചുത്തരമായ്
ഗ്രന്ഥാർത്ഥംചൊൽകയുത്തരം
അക്കരയ്ക്കുകടക്കേണ്ട—
തക്കാവിൻനേക്കപാന്ഥ! കേൾ'
(ഭാഷാഭൂഷണം)

**ഉത്തരംഗ**-വി. ജലംകൊണ്ടു മൂടപ്പെട്ട.

**ഉത്തരാംഗം**-വാതലിന്റെ മീതെ വച്ചു പണിതുവെക്കുന്ന ഒരു തടി.

**ഉത്തരമീമാംസ**-ബാദരായണന്റെ ദർശനങ്ങളിൽ ഒന്നു്.

[ഉത്തരമീമാംസ വ്യാസമഹർഷിയുടേതെന്നും പൂർവ്വമീമാംസ ജൈമിനിമഹർഷിയുടേതെന്നും കാണുന്നുണ്ട്. ബൌദ്ധജ്ഞാനികൾ നാസ്തികന്മാരായി തീരുവാൻ തുടങ്ങിയപ്പോൾ ഇവ രണ്ടും ഹിന്ദുക്കൾക്കു ആശ്വാസകാരണമായിത്തീർന്നു എന്നു പ്രാചീനാഖ്യാവർത്തം പറയുന്നു. പൂർവ്വമീമാംസയിലെ പ്രധാനമായ പ്രമേയം യാഗമാണു്. ഉത്തരമീമാംസയിലേതു് വേദാന്തം ]

**ഉത്തരയായാതം**- മഹാഭാരതത്തിലുള്ള ഒരു ഉപപർവ്വം.

**ഉത്തരരാമചരിതം**-ഭവഭൂതിയുടെ ഒരു നാടകം (രാമായണം ൭-ാം ഭാഗം.)

**ഉത്തരവു്**-൧. കല്പന. ൨. അനുവാദം. ൩. ഉത്തരം.

**ഉത്തരവാദം**-൧. ചുമതല. ൨. ജാമ്യം.

**ഉത്തരവാദി**-൧. ചുമതലക്കാരൻ. ൨. ജാമ്യക്കാരൻ.

**ഉത്തരവേദി**-കുരുക്ഷേത്രത്തിനു സമീപമുള്ള ഒരു തീർത്ഥം.

**ഉത്തരസാക്ഷി**-പ്രതിസാക്ഷി.

**ഉത്തരസാധകൻ**-സഹായക്കാരൻ.

**ഉത്തരാ**-൧. വടക്ക. മല മുതലായവയെ കടക്കുന്നതു് എന്നർത്ഥം. ൨. ഉത്രം ൩. ഉത്രാടം. ൪. ഉത്രട്ടാതി. ൫. വിരാടന്റെ പുത്രി, അഭിമന്യുവിന്റെ ഭാര്യ, പരീക്ഷിത്തിന്റെ അമ്മ.

**ഉത്തരാധര**-വി. ഉയർന്നും താണുമുള്ള.

**ഉത്തരാധരങ്ങൾ**-ഉയരത്തെയുംതാഴത്തെയും ചുണ്ടുകൾ.

**ഉത്തരാപര**-വി വടക്കുപടിഞ്ഞാറുള്ള.

ഉത്തരാഭാസം-നേരല്ലാത്ത ഉത്തരം, സാരമില്ലാത്ത ഉത്തരം.

ഉത്തരായണം-സൂര്യന്റെ വടക്കോട്ടുള്ള ഗതി. [മകരം മുതൽ മിഥുനം വരെ ആറുമാസം.] ഉത്തരായണം > < ദക്ഷിണായനം.

ഉത്തരായണപക്ഷി-ചക്രവാകം.

ഉത്തരാർത്ഥം-കീഴ്‌വരുന്നതിനായി.

ഉത്തരാർദ്ധം-൧. രണ്ടാമത്തെ പാതി. ഉത്തരാർദ്ധം > < പൂർവ്വാർദ്ധം. ൨. ശരീരത്തിന്റെ മുകൾഭാഗം ൩. വടക്കേഭാഗം ൪. ഒരു പദ്യത്തിന്റെ (ശ്ലോകത്തിന്റെ) പിന്നത്തെ രണ്ടുപാദം ചേർന്നതു്.

ഉത്തരാഷാഢ-ഉത്രാടം നക്ഷത്രം.

ഉത്തരാസംഗം-മേല്പുടവ. (രണ്ടാമുണ്ടു്, ഉത്തരീയം ഇവയുടെ പേർ.) ഊർദ്ധ്വഭാഗത്തിൽ ചേർന്നിരിക്കുന്നതു് എന്നർത്ഥം.

ഉത്തരീയം-ഉത്തരാസംഗം (മേല്പുടവ.)

ഉത്തരേദ്യുഃ-അ. പിറേറദിവസത്തിൽ.

ഉത്തരേശൻ-൧. കുബേരൻ. ൨. അഭിമന്യു.

ഉത്തരോത്തരം-മേല്ക്കുമേൽ.

ഉത്തരാക്കം-രുദ്രാക്ഷം. (നീചം).

ഉത്താന-വി. ൧. മലർന്ന. ൨. ആഴമില്ലാത്ത.

ഉത്താനം-൧. നിമ്നത്തിനു വിരുദ്ധമായ (കുണ്ടില്ലാത്ത) പ്രദേശം. വിസ്താരമില്ലാത്തതു് എന്നു ശബ്ദാർത്ഥം. ൨. അജാഗ്രത, ഉദാസീനത.

'ഉത്താനന്യുബ്ജകാഞ്ചോവിവേകവും'
(പഞ്ചതന്ത്രം)

ഉത്താനപാദൻ-ധ്രുവന്റെ പിതാവായ രാജാവു്.

ഉത്താനപാദം-ചെമന്ന ആവണക്കു്.

ഉത്താനശയ-വി. മലർന്നു കിടക്കുന്ന.

ഉത്താനശയ, ഉത്താനശയം-മുലകുടിപ്രായത്തിലുള്ള കുട്ടി. മലർന്നുകിടക്കുന്നതു് എന്നർത്ഥം.

[ഉത്താനശയാ-കൊച്ചു പെൺപൈതൽ, മലർന്നു കിടക്കുന്നവൾ. ഉത്താനശയൻ-കൊച്ചു ആൺപൈതൽ, മലർന്നു കിടക്കുന്നവൻ ]

ഉത്താനശായി-വി. മലർന്നു കിടക്കുന്ന.

'ഉത്താനശായികാന്തൻ
വിസ്തരമാർന്ന മാവിൽ'
(സാസ്കൃതകീർത്തനങ്ങളും പദങ്ങളും)

ഉത്താപം-ദാരുണമായ ദുഃഖം, ചൂടു്.

ഉത്താരകൻ-ശിവൻ.

ഉത്താരണൻ-വിഷ്ണു.

ഉത്താരം-ഉദ്ധാരം (കടം) എന്നതിന്റെ തത്ഭവം.

ഉത്താല-വി. ൧. വേഗമുള്ള. ൨. പ്രയാസമുള്ള. ൩. ശ്രേഷ്ഠമായ. ൪. ഭയങ്കരമായ. ൫. പൊക്കമുള്ള.

ഉത്താലം-കുരങ്ങു്.

ഉത്താളം-തടവില്ലാത്തതു്.

ഉത്തിരി-ഇത്തിരി.

ഉത്തിഷ്ഠ-എഴുന്നേററാലും.

ഉത്തീർണ്ണ-വി. ഉത്തരണംചെയ്ത (കടക്കപ്പെട്ട).

ഉത്തുംഗ-വി. ഉന്നതമായ, ഉയർന്ന.

ഉത്തുണ്ണി-കരിക്കൽവള്ളി.

ഉത്തേജനംചെയ്ക-മൂർച്ചകൂട്ടുക, ചലനം ചെയ്ക.

ഉത്തേജനിക-മണികാഞ്ചകം.

ഉത്ഥലാ-വെള്ള.

ഉത്ഥാനം-൧. പുരുഷത്വം, പുരുഷപ്രയത്നസാദ്ധ്യമായ ഉത്സാഹാദികൾ ൨. ഉണർന്നവൻ എഴുന്നേല്ക്കുക. ൩. തന്ത്രം. എഴുന്നേല്ക്കുക എന്നർത്ഥം. ൪. സേന. ൫. ഉദ്യോഗം. ൬. സമാപ്തി. ൭. മുററം. ൮. മഹോത്സവം. ൯. സന്തോഷം. ൰. ശാസ്ത്രം ൰൧. രോഗത്തിന്റെ ആരികരണം.

ഉത്ഥാപനം-൧ എഴുന്നേല്പ്. 'ചലനപതാനാത്ഥാപനംഭ്രമരങ്ങളിൽ ചതുരതകലൻമദീരന്മാരിലുദവതം' (മഹാഭാരതം) ൨. ഉയർത്തുക. ൩ ഒരു വീട്ടിനെ വേർവിടാൻ സംഗതിയാക്കുക. ൪. പൂർത്തി. ൫. ഉണർച്ച. ൬ ചാട്ടി ൭. പ്രസവം. ൮. സാധിക്കുക.

ഉത്ഥിത-വി. ൧. എഴുന്നേററ. ൨. ഉയൎന്ന, മേല്പെട്ടുപോയ. ൩. ജനിച്ച. ൪. പുറപ്പെട്ട. ൫. വൃദ്ധിയോടു കൂടിയ. ൬. ഉത്സാഹത്തോടു കൂടിയ.

ഉൽപതനം-൧ മേല്പോട്ടുള്ള ചാട്ടം. ൨. ജനനം. ൩. ഉത്ഭവം.

ഉൽപതിക്കുക-മേല്പെട്ടു പൊങ്ങുക, മേല്പെട്ട് ചാടുക. 'ഉപ്പുംപുളിയുംകൂട്ടിച്ചവനാണെങ്കിൽ ഉൽപതിച്ചിടെടാവെള്ളത്തിൽനിന്നുടൻ' (ദുര്യോധനവധം തുള്ളൽ)

ഉൽപതിഷ്ണു-വി. മേല്പെട്ടു പൊങ്ങുന്ന

ഉൽപതിതാവ്-മേല്പെട്ടു പൊങ്ങുക ശീലമായിട്ടുള്ളവൻ.

ഉൽപതിഷ്ണു- ഉൽപതിക്കു ശീലമായിട്ടുള്ളവൻ.

ഉൽപാതം-ഒരു പക്ഷി.

ഉൽപഥം-തെററിപ്പോയ വഴി.

ഉൽപത്തി-൧. ഉത്ഭവം, ജനനം. ൨. ആരംഭം. ൩. ദ്രവ്യംകൊടുത്തു നേടിയ നിലം പുരയിടങ്ങൾ. ൪. ചരിത്രം. [ഉ-ം, കേരളോൽപത്തി.]

ഉൽപത്തിപ്രകാരം-ഉത്ഭവസ്ഥിതി.

ഉൽപന്ന-വി. ൧. ഉണ്ടായ. ൨. ലഭിച്ച.

ഉൽപന്നിപ്പിക്ക-൧ ഗർഭംഉണ്ടാക്കുക. ൨. നിറവേററുക.

ഉൽപഞ്ജര (ല)-വി. ൧. കൂട്ടിലിടപ്പെടാത്ത. ൨. കഴപ്പത്തിലായ.

ഉൽപലപത്രം-൧. കരിങ്കുവളത്തിന്റെ ഇല. ൨. സ്ത്രീയുടെ നഖംകൊണ്ടുണ്ടായ മുറിവ്.

ഉൽപലപത്രകം- വീതിയുള്ള കഠാവി (കത്തി.)

ഉൽപല-വി. ൧. ശേഷിച്ച. ൨. നേരിയ.

ഉൽപലം-൧ ചെങ്ങഴിനീർപൂവ്. ഈ തൽപുഷ്പത്തിന്റെ പേരെന്നും കാണുന്നു. വെള്ളത്തിൽനിന്നു മേല്പെട്ടു പൊങ്ങിവന്നത് എന്നൎത്ഥം. ൨. കരിങ്കുവളം. ൩. താമര. ൪. കൊട്ടം [നീലോൽപലം-നീലത്താമര.]

[ഉൽപലം, കുവലയം ഇവ രണ്ടും താമര ആമ്പൽ മുതലായതിന്റെ സാമാന്യമായ പേരാണെന്നുള്ള രാമാശ്രമിയുടെ അഭിപ്രായം പ്രയോഗങ്ങൾകൊണ്ടു സ്ഥിരമാകുന്നു. ഉൽപലശബ്ദം ഇന്ദീവരത്തിന്റെ പൎയ്യായമാണെന്നു രഭസൻ പറയുന്നു.

ഉൽപലമകൾ-ലക്ഷ്മി (മലർമകൾ.)

ഉൽപലരിപു-ചന്ദ്രൻ.

ഉൽപലമാലിക-ഒരു വൃത്തം കൃതിഛന്ദസ്സിൽ പെട്ടതു്. പാദം ഒന്നിൽ അക്ഷരം ൨൦ വീതം.

'ഉല്പലമാലികാഭരണഭംഭരലംഗുരുവും (വൃത്തമഞ്ജരി) [വരുന്നതാം'

ഉൽപലശാരിബാ-൧. നറുനീണ്ടി. ഉല്പലപ്പൂവിനു തുല്യമായ പൂവോടുകൂടിയതു് എന്നൎത്ഥം. ൨. പാൽവള്ളി, പാൽമുതക്ക് ഇങ്ങിനെയും പറയുന്നു.

ഉൽപലാക്ഷ-വി. കരിങ്കുവളപ്പൂവുപോലെ കണ്ണുള്ള.

ഉൽപലാക്ഷി-സുന്ദരി. ഉൽപലപ്പൂവുപോലെ കണ്ണുള്ളവൾ, കാതു കണ്ണുള്ളവൾ.

ഉൽപലാഢ്യം-൧. ചെങ്ങഴിനീർകിഴങ്ങ്. ൨. ആമ്പൽകിഴങ്ങ്. ൩. നെയ്തൽക്കിഴങ്ങ്.

ഉൽപലിനി-ഒരു നദി. ഉല്പലങ്ങൾ ഉള്ളതു് എന്നു വ്യുൽപത്തി.

'അവിടെനിന്നനേരേ കിഴക്കോട്ടിറങ്ങി
യുവനപ്രസിദ്ധയാമുല്പലിനിയെക്കണ്ടാൻ'
(ഭാരതം അൎജ്ജുനന്റെ തീൎത്ഥയാത്ര)

ഉൽപാടകൻ-വേരോടെ പറിക്കുന്നവൻ

ഉല്പാട(ക)ം-ചെവിയുടെ പുറത്തുള്ള ഒരു രോഗം.

ഉൽപാടനം-ന. പിഴുപ്പു. വ. വേരോടെ പറിക്ക.

ഉൽപാടിക-മരത്തിന്റെ പുറത്തെ തൊലി

ഉൽപാടിത-വേരോടെ പറിക്കപ്പെട്ട.

ഉൽപാതപവനൻ - ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്.

ഉൽപാതം-ന. ദുൎന്നിമിത്തം. വ. ആപൽസൂചകമായ അസാധാരണ സംഭവം. ഭൂകമ്പം, ധൂമകേതു, വാൽനക്ഷത്രം ഇത്യാദി. ഓൎക്കാതെ സംഭവിക്കുന്നതു് എന്നു ശബ്ദാൎത്ഥം. മറ്റു പൎയ്യായങ്ങൾ-അജന്യം, ഉപസൎഗ്ഗം. [ഇവയ്ക്കുമൂന്നിനും "ദുൎന്നിമിത്തം" എന്ന അൎത്ഥം അതിപ്രസിദ്ധം ]

ഉൽപാതം, ഉൽപാതകം-ഒരു രോഗം.
[ഇതു വാതകൎണ്ണരോഗനിദാനത്തിൽ പെട്ടതാണ്. ഘനമുള്ള ആഭരണങ്ങളെ കാതിൽ ഇടുക, അടി ഏല്ക്കുക, വളരെ ഉരയുക എന്നവ നിമിത്തം കാതിന്റെ വള്ളിയിൽ നീരുണ്ടാകും; അതിനു ചുട്ടും പുകച്ചലും വേദനയും കാണും. നിറം കരുവാളിച്ചും ചെമന്നും ഇരിക്കും]

ഉൽപാതക-വി. ജനിപ്പിക്കുന്ന.

ഉൽപാതകൻ-ന. ജനിപ്പിക്കുന്നവൻ. വ. ഏട്ടുകാലി.

ഉൽപാദനം, ഉൽപാദം-ജനിപ്പിക്ക, പിറപ്പിക്ക (ദ്വി-ം, പുത്രോൽപാദനം).

ഉൽപാദിക-ന. അമ്മ. വ. വെളുത്ത ഉറുമ്പ്.

ഉൽപാദിക്കുക-ജനിക്കുക, ഉണ്ടാകുക.

ഉൽപാദിപ്പിക്കുക-ജനിപ്പിക്കുക, ഉണ്ടാക്കുക.

ഉൽപാദ്യം-ഉൽപത്തി അനുസരിച്ചു രൂപകത്തിലെ വസ്തുവിനെ (കഥാശരീരത്തെ) മൂന്നായി വിഭജിച്ചതിൽ ഒന്നു്. മറ്റവ-പ്രഖ്യാതം, മിശ്രം [കവികല്പിതമായിട്ടുള്ളതു്-ഉല്പാദ്യം]

ഉൽപാദി-ധനം, ദ്രവ്യം.

ഉൽപാദം-ഉൽപത്തി, ജനനം.

ഉൽപാലി-സുഖം, ആരോഗ്യം, ക്ഷേമം.

ഉൽപാസം-നിന്ദാവാക്ക്.

ഉൽപിഞ്ജല-വി. ഏറ്റവും ഇടഞ്ഞ

ഉൽപിഞ്ജലം-ഏററവും പരവശപ്പെട്ടതായ സൈന്യാദി.

ഉൽപിഷ്ട-വി. പേഷണംചെയ്യപ്പെട്ട, മൎദ്ദിക്കപ്പെട്ട.

ഉൽപിഷ്ടം-ഒരു രോഗം.
[ഇതു് ഭഗ്നനിദാനത്തിൽപെട്ടതാണ്. ഭഗ്നം രണ്ടുവിധമുണ്ട്. അവയിൽ സന്ധിഭഗ്നത്തിൽ ആറുമാതിരി ഉള്ളതിൽ ഒന്നാണ് 'ഉൽപിഷ്ടം'. ഉൽപിഷ്ടസന്ധിക്ക് ഇരുഭാഗത്തുംകലും നീരു കാണും. വിശേഷിച്ചും രാത്രിയിൽ വേദനകാണും രണ്ടസ്ഥികളുടെ സന്ധികൾ പരസ്പരം ഉരയുകകൊണ്ടാണ് ഉൽപിഷ്ടം എന്ന പേർ സിദ്ധിച്ചതു്.]

ഉൽപ്രാശനം-എന്തെങ്കിലും ഉയൎത്തി തിന്നുക.

ഉൽപ്രാസ(ന)ം-ന. അപഹാസനം, പരിഹാസം, നിന്ദാവാക്ക്, ഹാസ്യം. വ. വീശിഎറിയുക, പിടിച്ചുതള്ളൽ. ന. ഫലിതം, കളി.

ഉൽപ്രേക്ഷ-ന. ഭാവമായ ശങ്ക. വ. ഓൎക്കുക. ന. ഉപേക്ഷിക്കുക. ശ. ഒരലങ്കാരം.

'വിബുധപതിയൊടുനിശിചരാധിപനെ
പണ്ടു
വൃത്രനെന്നപോലെയുമറിയിച്ചുകൊള്ളുമവൻ

അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയൎന്നു ചെന്നുമുദാ'
(അദ്ധ്യാത്മരാമായണം)

ഉൽപ്രേക്ഷാവല്ലഭൻ-ഒരു സംസ്കൃത കവി, സാക്ഷാൽ പേർ 'ശിവഭക്തദാസൻ' എന്നാണ്. ഉത്തമകാവ്യനിൎമ്മാണത്താൽ ഉൽപ്രേക്ഷാവല്ലഭൻ എന്നു പേർ സമ്പാദിച്ചു. ഭിക്ഷാടനം, സുന്ദരീശതകം എന്നിവയുണ്ടാക്കി.

ഉൽപ്ലവനം-ചാട്ടം, ഉയൎന്ന ചാട്ടം.

ഉൽപ്ലുതം-൧. മുങ്ങിയ. ൨. കവിഞ്ഞൊഴുകിയ. ൩. എറിഞ്ഞ. ൪. നീന്തിയ.

ഉൽഫുല്ല-വി. വിടൎന്ന.

ഉൽഫുല്ലം-൧. വിടൎന്നു പൂത്തുനില്ക്കുന്ന മരം. ൨. വിരിഞ്ഞതു്.

ഉത്രട്ടാതി-ഇരുപത്താറാം നക്ഷത്രം (സംസ്കൃതം-ഉത്തരഭാദ്രപദം.)

ഉത്രം-പന്ത്രണ്ടാം നക്ഷത്രം. (തത്ഭവം-ഉത്തിരം).

ഉത്രാടം-ഇരുപത്തൊന്നാം നക്ഷത്രം (സംസ്കൃതത്തിൽ-ഉത്തരാഷാഢം).

ഉത്സധി-കിണറ്.

ഉത്സം-അരുവി, പൎവതത്തിൽ ജലം (ഉറവു) പുറപ്പെടുന്നസ്ഥലം. വെള്ളംകൊണ്ടു നനയുന്നിടം എന്നു വ്യുൽപത്തി. മറ്റൊരു പൎയ്യായം-പ്രസ്രവണം.

'പാവനം നദവുമുത്സവും നദിയുമന്ധുവും
(അന്യാപദേശശതകം)

ഉത്സംഗപിടകം-ഒരു നേത്രരോഗം.

[ഇതു കണ്ണിന്റെ പോളയിൽ ഉണ്ടാകുന്ന പിടകമാണു്. പോളയുടെ അകത്തു മുഖമായിട്ടും താമ്രനിറത്തിലും ഉയൎന്നുനില്ക്കും വലിയ ചൊറിച്ചൽ കാണും.]

ഉത്സംഗം-൧. മടി (തുട) ൨. ആലിംഗനം. ൩. ചരിവു, ഇറക്കം. ൪. മുകൾഭാഗം. ൫. കൊടുമുടി.

ഉത്സംഗിത-വി. ൧. ചേൎന്ന. ൨. മടിയിൽ വെക്കപ്പെട്ട.

ഉത്സൎഗ്ഗം-൧. വിട്ടൽ. ൨. കൊടുക്കൽ.

ഉത്സൎജ്ജനം-ദാനം ധനാദികളെ തന്റെ കൈയിൽ നിന്നു വിടുക എന്നൎത്ഥം.

ഉത്സൎജ്ജിക്ക-പുറത്തേക്കു കളയുക, അയക്കുക.

ഉത്സൎപ്പണം, ഉത്സൎപ്പം-൧. വീക്കം, വീൎപ്പു. ൨. മെല്ലെയുള്ള ഗതി. ൩. തിരമറിച്ചൽ.

ഉത്സവം-൧. ഘോഷം. സുഖത്തെ വരുത്തുന്നതു്, സന്തോഷത്തെ പ്രേരിപ്പിക്കുന്നതു് എന്നൎത്ഥം. ൨. അഹംഭാവം. ൩. കോപം. ൪. ഇഷ്ടപ്രസവം. ൫. ഉത്സവാദികളായ സന്തോഷാവസരം പെട്ടെന്നുണ്ടാകുന്നതു് എന്നൎത്ഥം. ൬. കൊടിയേറ്റ്. ൭. മറ്റു മാറ പൎയ്യായങ്ങൾ-ക്ഷണം, ഉദ്ധൎഷം, മഹം, ഉദ്ധവം.

ഉത്സാദനം-൧. നവരച്ചോറു തേയ്ക്കുക മുതലായതുചെയ്തു ശരീരത്തിലെ അഴുക്കു കളയുക, അവയവങ്ങൾ തിരുമ്മുക, ദേഹത്തിലെ അഴുക്കു മുഴുവൻ കളയുക എന്നൎത്ഥം. മറ്റൊരു പൎയ്യായം-ഉദ്വൎത്തനം. ൨. സുഗന്ധം പൂശുക. ൩. കരേറുക. ൪. നശിപ്പിക്കുക. ൫. പൊക്കുക.

ഉത്സാദിത-വി. ഉത്സാദനം ചെയ്യപ്പെട്ട (ഉത്സാദനം എന്നതു നോക്കുക).

ഉത്സാരകൻ-൧. പോലീസുകാരൻ. [ആളുകളെ ദൂരത്താട്ടിക്കളഞ്ഞു മറവുള്ളവൎക്കു സ്ഥലം ഉണ്ടാക്കുന്നവൻ]. ൨. വാതൽകാക്കുന്നവൻ.

ഉത്സാഹനം-ശ്രമം, പ്രയത്നം.

ഉത്സാഹം-൧. സന്തോഷം, ഉറപ്പു. ൨. പ്രയാസത്തെ സഹിക്കുക എന്നൎത്ഥം. ൩. ഉദ്യമം. കാലതാമസത്തെ സഹിക്കാത്തതു് എന്നൎത്ഥം. മറ്റൊരു പൎയ്യായം-അദ്ധ്യവസായം. ൪. (സാഹിത്യ സാരജ്ഞന്മാരായ രസനിരൂപണകാരന്മാർ) പരന്റെ പരാക്രമം, ദാനം മുതലായതു

സ്ഫുരിക്കുമ്പോൾ ഉണ്ടാകുന്ന ഔന്നത്യാഖ്യമായ ചിത്തവൃത്തിവിശേഷം.

ഉത്സാഹവർദ്ധനം-വീരരസം. ഉത്സാഹത്തെ വർദ്ധിപ്പിക്കുന്നതു് എന്നർത്ഥം. മറെറാരു പര്യായം-വീരം. ഉത്സാഹം കൊണ്ടു വർദ്ധിക്കുന്നതു ശൌര്യം.

ഉത്സാഹശക്തി-അത്യധികമായ വിക്രമചേഷ്ട.

ശക്തിത്രയങ്ങളിൽ ഒന്നു. ശക്തിത്രയങ്ങൾ-പ്രഭാവശക്തി, ഉത്സാഹശക്തി, മന്ത്രശക്തി.

ഉത്സാഹി-വി. ഉത്സാഹമുള്ള.

ഉത്സാഹിക്കുക ഉദ്യോഗിക്കുക, ഉദ്യമിക്കുക.

ഉത്സാഹിപ്പിക്കുക- ഉദ്യോഗിപ്പിക്കുക, ഉദ്യമിപ്പിക്കുക.

ഉത്സുക-വി. ൧ ശ്രദ്ധയോടുകൂടിയ. ൨. ഇഷ്ടമായ കാര്യം സാധിക്കേണ്ടതിന്നു ഉത്സാഹിക്കുന്ന.

ഉത്സൂരം-വൈകുന്നേരം.

ഉത്സൃഷ്ട-ഉപേക്ഷിക്കപ്പെട്ട, ഉത്സർജ്ജിക്കപ്പെട്ടതു് ഉത്സൃഷ്ടം. ഉത്സർജ്ജിക്ക=ഉപേക്ഷിക്ക.

ഉത്സേകം-൧. മദം, അഹങ്കാരം. ൨. ഒഴുക്കുക.

ഉത്സേധം-൧. വൃക്ഷം മുതലായതിന്റെ ഉയരം. ൨. വൃക്ഷാദികളുടെ ദൈർഘ്യം. ഏകന്ന ഗതി എന്നർത്ഥം. ൩. ഉയരം ൪. ശരീരം. ഇതുകൊണ്ടു ഗമിക്കുന്നു എന്നർത്ഥം. ൫ വധം.

ഉൽസ്മയം-ചിരി.

ഉൽസ്രുതം- പൊഴിഞ്ഞു തുടങ്ങിയതു്, പൊഴിഞ്ഞതു്.

ഉദ്, ഉൽ-അ. (ക്രിയകൾക്കു മുമ്പു ചേക്കുന്ന ഉപസർഗ്ഗം, ഒരു നിപാതം) ൧. മീതെ. ൨. വലിപ്പം. ൩. ശക്തി. ൪. പ്രസിദ്ധം. ൫. അഹങ്കാരം. ൬. വേർപാടു. ൭. സഹായമില്ലായ്മ. വ്യ ബന്ധം

ഉദക്-അ. വടക്കു.

[സപ്തമീപഞ്ചമീപ്രഥമാന്തങ്ങളായി അർത്ഥം വിവരിക്കണം. സപ്തമി-ഉദക്കായദിക്കിങ്കൽ, പഞ്ചമി-ഉദക്കായദിക്കിൽ നിന്നു്. പ്രഥമ-ഉദക്കായ ദിക്കു്]

ഉദകക്രിയ-മരിച്ചവൎക്കായിട്ടു് ചെയ്യുന്ന ഒരു കർമ്മം, ശേഷക്രിയ.

ഉദകഗാഹം-കുളി.

ഉദകചന്ദ്രം-ജലവിദ്യ.

ഉദകധരം-മേഘം.

ഉദകദാനം-൧. ഉദകക്രിയ. ൨. തണ്ണീർ. ൩. വഴിയാത്രക്കാർക്കു ജലം കൊടുക്കുക.

ഉദകപിണ്ഡം-ശേഷക്രിയ.

ഉദകം-൧ ജലം. നനവിനെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ൨. ഇരുവേലി.

ഉദകമണ്ഡലു-ജലപാത്രം.

ഉദകമേഹം-നീരൊഴിവുരോഗം.

ഉദകവജ്രം-ഇടിയോടുകൂടിയ മഴ.

ഉദകശാന്തി-പനി മാറുന്നതിന്നു ഒരുവന്റെമേൽ തളിച്ചൊഴിക്കുന്ന ജലം.

ഉദകാധാരം-൧ തൊട്ടി. ൨. കിണറു്.

ഉദകീര്യം ആവിമരം.

ഉദകോദഞ്ജനം-ജലം ഒഴിക്കുന്നഭരണി.

ഉദകോദരം-മഹോദരം എന്ന രോഗം.

ഉദക്യ-തീണ്ടായിരിക്കുന്നവൾ, നാലാമത്തെ ദിവസം ഉദകത്തെ (കുളിയെ) അർഹിക്കുന്നവൾ.

ഉദഗയനം-ഉത്തരായണം.

ഉദഗ്ര-വി. ൧. ഉന്നതമായ. ൨. ഉൽകൃഷ്ടമായ. ൩. ക്രൂരമായ

ഉദഗ്രം-൧. ഉയർന്നതു്. ഉദ്ഗതമായ അഗ്രത്തോടു കൂടിയതു് എന്നർത്ഥം. ൨. ക്രൂരം.

ഉദങ്മുഖൻ-വടക്കോട്ടു നോക്കിയവൻ.

ഉദജം-൧. പശുക്കളെ തെളിക്കുക. പശുപ്രേരണം എന്നർത്ഥം. ൨. താമരപ്പൂവ്.

ഉദക്ത-വി. മേല്പെട്ടു പൊക്കിയ.

ഉദങ്കൻ-ഒരു മുനി.

[ധൌമ്യമഹർഷിയുടെ ശിഷ്യരിൽ ഒരുവനായ വൈദൻ എന്ന മഹർഷിയുടെ ശിഷ്യൻ. ഉദങ്കോപാഖ്യാനം ഭാരതം പൌലോമം നോക്കുക ]

ഉദങ്കം-തോൽപാത്രം.

ഉദഞ്ചനം-പ്ര. അടപ്പ്, മൂടി. വ. മേല്പെട്ടെറിയുക.

ഉദഞ്ചിതം-പ്ര വധിച്ചതു്.

'അഞ്ചിതവിമലമഹാഗുണസഞ്ചയ
സഞ്ചിതനാകിനസകലജനേശ-
നദഞ്ചിതധനജനകബലശാലി'
(പ്രദോഷമാഹാത്മ്യമുള്ളൽ)

വ. മേല്പെട്ടിടപ്പെട്ട, ഉയത്തപ്പെട്ട

ഉദഞ്ച്-വി. പ്ര. തിരിഞ്ഞ. വ. മേല്പെട്ടു പോകുന്ന.

ഉദന്ധപാലം-പ്ര. ഒരുവക മീൻ. വ. പാമ്പ്.

ഉദന്ധം-ഭയജനകം.

ഉദധി-പ്ര. സമുദ്രം. ജലത്തിന്നിരിപ്പിടം എന്നർത്ഥം. [ഉദം=ഉദകം]. വ. മേഘം. ന. കായൽ. ര. വലിയതൊട്ടി.

ഉദധികന്യാ, ഉദധിതനയാ, ഉദധിസുതാ-ലക്ഷ്മി. കടൽ മകൾ എന്നർത്ഥം.

ഉദധിമേഖലാ-ഭൂമി. സമുദ്രമാകുന്ന പടിയരഞ്ഞാണോടുകൂടിയതു് എന്നർത്ഥം.

ഉദധിഭാരം-മേഘം.

ഉദധിവജ്രാ-ഇടിയോടുകൂടിയ മഴ.

ഉദധിവാഹം-മേഘം.

ഉദധിഹരണം-വെള്ളം കോരുന്ന പാത്രം.

ഉദന്താ, ഉദന്തകാ-പ്ര. വൃത്താന്തം (വത്തമാനം). ഉണ്ടായ (ഉൽപന്നമായ) അന്തത്തോടു (നിശ്ചയത്തോടു) കൂടിയതു്.

'നിന്നുദന്തം കൈമീതാനെ
നിഖിലവും ഞാനറിഞ്ഞേനാന'
(നളചരിതം കഥകളി)

വ. കഥ.

ഉദന്തിക-തൃപ്തി.

ഉദന്യ-വി. ദാഹമുള്ള, വെള്ളം കുടിപ്പാനിച്ഛയുള്ള.

ഉദന്യാ-ദാഹം, ഉദകത്തിലുള്ള ഇച്ഛ എന്നർത്ഥം. മററ പര്യായങ്ങൾ-പിപാസാ, തൃട്ട്, തർഷം.

ഉദന്യു വി. പ്ര. ദാഹമുള്ള. വ. ജലം അന്വേഷിക്കുന്ന. ന. വെള്ളത്തിൽ നടക്കുന്ന.

ഉദന്വാൻ-സമുദ്രം. ജലമുള്ളതു് എന്നർത്ഥം.

ഉദപാനം-പ്ര. കിണറ് ഇതിൽ നിന്നു ജലം പാനം ചെയ്യുന്ന എന്നർത്ഥം വ. തൊട്ടി.

ഉദയകാലം-ഉഷസ്സ്.

ഉദയഗിരി-ഉദയപർവ്വതം.

ഉദയൻ-ഒരു ചേരരാജാവു്.

[ഭാഗവതത്തിന്റെ അവസാനത്തിൽ ഭാരതയുദ്ധം നടന്നതായി കാണുന്നു. അന്നു കേരളം രക്ഷിച്ചിരുന്നതു് ഉദയൻ (ഉതിയൻ) എന്ന ചേരരാജാവാണ്. പാണ്ഡവരെ സഹായിപ്പാനായി ഇദ്ദേഹം കുരുക്ഷേത്രത്തിലേക്ക പോയിരുന്നു. ഇദ്ദേഹം അന്നത്തെ അത്യധികം പ്രസിദ്ധനായിരുന്നതിനാൽ രണ്ടു ഭാഗത്തിലുമുള്ള ഭടന്മാക്ക ഭക്ഷണം കൊടുപ്പാനായിട്ടു് ധമ്മപുത്രർ ഇദ്ദേഹത്തെ ആവശ്യപ്പെട്ടതു രാജാവു് അതിന്നും മടക്കീല്ല. ഈ ഔദാര്യത്തെ മുരഞ്ചിയൂർ മുടിനാഗരായൻ എന്ന ദ്രാവിഡകവി പുറനാനൂറ എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുള്ള പ്രകാരം കാണുന്നു.]

50

ഉദയനൻ-പ. അഗസ്ത്യൻ. വ. വത്സരാജാവ്.

[ഉജ്ജയിനിയിലെ രാജാവായ ചന്ദ്രമഹാസേനന്റെ പുത്രിയാകുന്ന വാസവദത്ത സഹസ്രാനീകന്റെ പുത്രനും ചന്ദ്രവംശത്തിലെ രാജാവുമായ ഉദയനനെ (വത്സരാജാവിനെ) സ്വപ്നത്തിൽ കണ്ടിട്ട് മോഹിക്കയാൽ അവളുടെ അച്ഛൻ ഉദയനനെ വശീകരിച്ച് ഉജ്ജയിനിയിൽ തന്റെ സമീപത്തിൽ വരുത്തി തടവിൽ പാർപ്പിച്ചു. അവിടത്തെ മന്ത്രിയുടെ സഹായം ഹേതുവായിട്ട തടവിൽനിന്നു വിടുന്നതിനിടയാകയും വാസവദത്തയോന്നിച്ചു ഉദയനൻ സ്വരാജ്യത്തിലേക്കു പോകയും ചെയ്തു.]

ഉദയനം-കയറ്റം.

ഉദയപർവ്വതം-പൂർവ്വപർവ്വതം. ആദിത്യാദി ഗ്രഹങ്ങൾ ഇതിൽ നിന്നുദിക്കുന്നതുകൊണ്ടു ഈ പേർ വന്നു.

ഉദയം-പ. ഉദ്ഗമം. വ. ഉൽപത്തി, ഉത്ഭവം, ജനനം. ന. ഐശ്വര്യം. ർ. ഉദയപർവ്വതം. ഒ. ഉഷസ്സ്. ന്ന. ഉത്സവം. ൧. ശുഭവൃത്തി. വ്വ. ആവിർഭാവം. ൻ. അഭ്യുദയം.

ഉദയരാഗം-ഒരു രാഗം, ഭൂപാളം.

ഉദയശൈലം-ഉദയപർവ്വതം.

ഉദയാചലം, ഉദയാദ്രി-ഉദയപർവ്വതം.

ഉദരഗ്രന്ഥി-ഒരു വയറ്റദീനം.

ഉദരത്രാണം-ചട്ട.

ഉദരധി-പ. സമുദ്രം. വ. സൂര്യൻ.

ഉദരപിശാചൻ-വളരെ ഭക്ഷിക്കുന്നവൻ.

ഉദരപൂരണം-വയറുനിറയ്ക്കൽ.

ഉദരപൂർത്തി-വയറുനിറപ്പ്.

ഉദരപോഷണം-വയറുനിറപ്പ്.

ഉദരംഭരി-വി. തന്നത്താൻ പോറ്റുന്ന.

'ഉദരംഭരായം ഹരയേ'

(രാമായണം)

ഉദരം-പ. വയറു. ഉദം ഇതിൽനിന്ന് ഉൽഗമിക്കുന്നു എന്നർത്ഥം. മാറു ചുരുങ്ങുക പിചണ്ഡം; കുക്ഷി, ജഠരം, തുന്ദം. വ. ഗർഭപാത്രം (ഉ-ം, 'സഹോദരൻ') ന. മഹോദരം എന്ന രോഗം.

ഉദരരോഗം-വയറ്റിലുണ്ടാകുന്ന ദീനം.

ഉദരവ്യഥ-വയറ്റിലുണ്ടാകുന്ന ഒരു ദീനം.

ഉദരവ്യാധി - വയറ്റിലുണ്ടാകുന്ന ഒരു ദീനം.

ഉദരശൂല-വയറുവേദന. ഒരു വക വയറുദീനം.

ഉദരാഗ്നി-ജഠരാഗ്നി.

ഉദരാധ്മാനം-വായുവീർപ്പു.

ഉദരാമയം-ഉദരവ്യാധി.

ഉദരാവർത്തം-പ. നഭി. വ. പൊക്കിൾ.

ഉദരിലം-വി. പ. തുടിച്ച. വ. വണ്ണമുള്ള.

ഉദർക്കം-വരുംഫലം. മേലിൽ അനുഭവിക്കുമെന്നു പറയപ്പെടുന്നതു് എന്നർത്ഥം.

'ആരംഭിച്ചാലതുടനുളോദർക്കമാം കർമ്മമില്ല'

(മയൂരസന്ദേശം)

[ഇതു മേലിൽ അനുഭവിപ്പാനിടവരുന്ന കർമ്മഫലത്തിന്റെ പേരാകുന്നു. കർമ്മം ചെയ്തു ഉടൻ അനുഭവിക്കുന്നതല്ല. ഇതു ജന്മത്തിലോ ജന്മാന്തരത്തിലോ അനുഭവിക്കും]

ഉദർച്ചിസ്സ്-അഗ്നി.

ഉദവസിതം-ഭവനം. ബന്ധത്തെ ഉണ്ടാക്കുന്നതു്. ഇതുകൊണ്ടു വീട്ട ശാശ്വതമല്ലെന്നും ബന്ധത്തെ ചെയ്യുന്നതാണെന്നും വ്യക്തമാകുന്നു.

ഉദശ്വിത്ത്-പ. പകുതി വെള്ളം ചേർത്ത മോര്. ഉദകം കൊണ്ടു വർദ്ധിക്കുന്നതു് എന്നർത്ഥം. വ. മോര്.

ഉദശ്രു-വി. കരയുന്ന.

ഉദസനം-പ. പൊക്കുക. വ. എറിയുക. ന. ആട്ടിക്കളയുക.

ഉദസ്തം-വി. പ. പൊക്കപ്പെട്ട. വ. എറിയപ്പെട്ട. ന. ആട്ടിക്കളയപ്പെട്ട.

ഉദസ്രം-ഉൽഗമമായ അസ്രുക്കളോടു (കണ്ണീരോടു) കൂടെ വന്നും.

ഉദാത്ത-വി. പ്ര. ഔദാര്യമുള്ള. ദ. ശ്രേഷ്ഠതയുള്ള.

ഉദാത്താ-പ്ര. സ്വരഭേദം. [അനുദാത്തം എന്ന ശബ്ദംനോക്കുക] ദ. ഒരലങ്കാരം.

[പുരാതന മഹാന്മാരുടെ ചരിത്രസംബന്ധംകൊണ്ടു വർണ്ണ്യവസ്തുവിനു ശ്ലാഘ്യത സമ്പാദിക്കുന്നതു് ഉദാത്തം].

'പത്തരമാററിൽപൊന്നുകൾരത്നത്താൽ
വിസ്താരത്തിൽ ചമച്ചുകിടക്കുന്ന
പത്തനങ്ങളും പത്തുനൂറായിരം
ചിത്തരമ്യമിതെത്രയുംഗോവിന്ദ'

(രാമായണം വർ വൃത്തം)

ഉദാനൻ-പഞ്ചവായുക്കളിൽ ഒന്നു്. ശബ്ദാദികളെ മേല്പെട്ടു വരുത്തുന്നവൻ എന്നർത്ഥം. ഉദാനവായു കണ്ഠസ്ഥാനത്തിലിരുന്നു വാക്കു മുതലായവയെ ഉണ്ടാക്കുന്നു.

ഉദായുധ-വി മേല്പെട്ടുയർത്തപ്പെട്ട ആയുധത്തോടുകൂടിയ.

ഉദാര-വി. പ്ര. കൊടുക്കുന്നശീലമുള്ള. ദ. ശ്രേഷ്ഠതയുള്ള.

ഉദാരത-കൊടുക്കുന്നശീലം.

ഉദാരതാം-പ്ര. ദാനശീലം. ദ. കാവ്യഗുണപ്രകരണത്തിൽ ശ്ലേഷാദി പത്തു ഗുണമുള്ളതിൽ ഒരു ഗുണം; പദങ്ങൾ നൃത്തം ചെയ്യുന്നതുപോലെ തോന്നുന്നതു്.

ഉദാരധീ, ഉദാരധി-വിഷ്ണു.

ഉദാരൻ-പ്ര. ഹൃദയത്തിനു കപടം ഇല്ലാത്തവൻ. ദ. ഇഷ്ടത്തെ അനുസരിക്കുന്നവൻ. ഉൽകൃഷ്ടമായ വിധം എല്ലാടവും ദാനംചെയ്യുന്നവൻ എന്നർത്ഥം ന. മഹാൻ, ഔദാര്യമുള്ളവൻ.

ഉദാരം-വലിപ്പമുള്ളതു്, മഹത്തു്.

ഉദാരശീല-വി. കൊടുക്കുന്നശീലമുള്ള.

ഉദാവർത്ത(ന)ം-കുടൽ സംബന്ധിച്ച രോഗം.

[അധോവാതം, ഉച്ഛ്വാസവാതം, പുരീഷം, മൂത്രം, കോട്ടുവാ, കണ്ണുനീർ, തുമ്മൽ, ഏമ്പക്കം, ഛർദ്ദി, വിശപ്പു, ദാഹം, ശുക്ലം, ശ്വാസം, ഉറക്കം ഇവയുടെ വേഗങ്ങൾ ധരിക്കുകകൊണ്ടു 'ഉദാവർത്തം' ഉണ്ടാകുന്നു.]

ഉദാസം-പ്ര. മേല്പെട്ടെറിയുക. ദ. പൊക്കുക. ന. ആട്ടിക്കളയുക.

ഉദാസീന-വി. പ്ര. ബന്ധുവും ശത്രുവും അല്ലാത്ത. ദ. ജാഗ്രതയില്ലാത്ത.

ഉദാസീനത-പ്ര. ഉപേക്ഷ, മടി. ദ. ജാഗ്രതയില്ലായ്ക.

ഉദാസീനൻ-പ്ര. ശത്രുവും ബന്ധുവും അല്ലാത്തവൻ, ഉപകാരത്തിനും ഉപദ്രവത്തിനും വരാതെ സ്വസ്ഥമായിരിക്കുന്നവൻ. ദ. മടിയൻ.

ഉദാസ്ഥിതൻ-പ്ര. ഒററുകാരൻ. ദ. വാതൽ കാവൽക്കാരൻ. ന. പ്രമാണി.

ഉദാഹരണം-പ്ര. ദൃഷ്ടാന്തം. ദ. വർണ്ണനം. ന. പറയുക.

ഉദാഹാരം-പ്ര. പറവാൻപോകുന്ന വിഷയത്തെക്കുറിച്ചു വിവരിക്കുക. എടുത്തു പറയപ്പെടുന്നതു് എന്നർത്ഥം. ദ. പ്രകൃതാർത്ഥത്തെ ഉപപാദിക്കുന്നതിനായിട്ടു കാണിക്കുന്ന ദൃഷ്ടാന്തം മുതലായതു്.

ഉദാഹിത-വി. ഉയർത്തിയ, പൊക്കിയ.

ഉദാഹൃത-വി. ഉദാഹരിക്കപ്പെട്ട, പറയപ്പെട്ട.

ഉദാഹൃതി-ഉദാഹരണം.

ഉദിക്കുക-ഉണ്ടാവുക, ജനിക്കുക; ഉത്ഭവിക്കുക.

ഉദിത-വി. പ്ര. പറയപ്പെട്ട. ദ. ഉണ്ടായ. ന. ഉദിച്ച.

ഉദിതി-പ്ര. കയററം. ദ. വചനം. ന. സൂര്യോദയം.

ഉദിത്വരം-ഉദിക്ക ശീലമായിട്ടുള്ളതു്.

'ഇന്ദുമന്ദസ്മിതോദിത്വരമാം; അതി
ന്നൊരുമാളുകസഞ്ചാരമിപ്പോൾ'

(നളചരിതംകഥകളി)

ഉദിപ്പിക്കുക-ഉണ്ടാക്കുക, ജനിപ്പിക്കുക, ഉത്ഭവിപ്പിക്കുക.

ഉദിപ്പ്-ഉദിക്ക.

ഉദീചി- വടക്ക്. സൂര്യൻ ഊർദ്ധ്വഭാഗത്തിൽ ഗമിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഉദീചീന-വി. വടക്കുള്ള.

ഉദീചീനം-വടക്കുദിക്കിൽ ഭവിച്ചതു്.

ഉദീച്യം-പ്ര. ശരാവതീനദിയുടെ വടക്കുപടിഞ്ഞാറുള്ള ദേശം. ദ്വി. രാമച്ചം. തൃ. ഇരുവേലി ച. കേശം.

ഉദീച്യവൃത്തി-ഒരു വൃത്തം. (മിശ്രവൃത്തത്തിൽ പെട്ടതു്.)

[രണ്ടാമക്ഷരം ഗുരുവാകുന്നതു വിഷമപാദങ്ങളിൽ മാത്രമാകയാൽ അതു ഉദീച്യവൃത്തി ]

'ഉദീച്യവൃത്ത്യാഖ്യമാമിതേ
രണ്ടാംഗുരുവിഷമത്തിൽമാത്രമായ്'
(വൃത്തമഞ്ജരി)

ഉദീരണം-പറക.

ഉദീരിത-വി. പറയപ്പെട്ട.

ഉദീർണ്ണ-വി. പ്ര. ഔദാര്യമുള്ള. ദ്വി. ശ്രേഷ്ഠതയുള്ള. തൃ. കടുപ്പമായ ച. പറയപ്പെട്ട.

ഉദീർണ്ണൻ-വിഷ്ണു.

ഉദീപം-വെള്ളപ്പൊക്കം.

ഉദുംബരപർണ്ണി-ചെറിയനാഗദന്തി, അത്തിയുടെ ഇലപോലെ ഇലകൾ ഉള്ളതു് എന്നർത്ഥം. ഇതിനെ ചിലർ നാഗദന്തി എന്നും മററുചിലർ വലുദന്തി എന്നും പറയുന്നുണ്ട്.

ഉദുംബരം-പ്ര. അത്തി. ആകാശത്തെ അതിക്രമിച്ചതു്, അതിശയന ശബ്ദിക്കുന്നതു് ഇങ്ങിനെ ശബ്ദാർത്ഥം. 'ഉഡുംബരം' എന്ന പാഠവും കാണുന്നു. ദ്വി. ചെമ്പ്. ഉൽകൃഷ്ടനായ ശംഭുവിനെ വരിക്കുന്നതു് എന്നർത്ഥം. [ഉൽ ഉം ശംഭുംവൃണാതി.] തൃ. ഉമ്മരം.

ഉദുംബല-വി. ശക്തിമത്തായ.

ഉദുംബലം-അത്തിമരം.

ഉദൂഖലം-പ്ര. ഗുൽഗുലു. അമരത്തിൽ 'ഉലൂഖലകം' എന്നു കാണുന്നു. അതിനു ആകാശത്തെ വ്യാപിക്കുന്നതു് എന്നു ശബ്ദാർത്ഥം. ദ്വി. ഉരൽ. മേല്പെട്ടു ഭാരമുള്ളതു് എന്നർത്ഥം.

ഉദൂഢ-വി. പ്ര. വിവാഹം ചെയ്യപ്പെട്ട. ദ്വി. വലിച്ച. തൃ. പരുപരുപ്പുള്ള.

ഉദൂഢരാഗം-അതിസ്നേഹം.

ഉദ്ഗത-വി. പ്ര. മുളച്ചുവന്ന. ദ്വി. ഛർദ്ദിക്കപ്പെട്ട. തൃ. ഉയന്ന.

ഉദ്ഗതജാനു-വി. കാൽ നീളമുള്ള.

ഉദ്ഗതം-ഛർദ്ദിക്കപ്പെട്ടഅന്നാദികൾ. ഉദ്ഗമിക്കപ്പെട്ടതു് എന്നർത്ഥം. മററൊരു പര്യായം-'ഉദ്വാന്തം'.

ഉദ്ഗതാ-ഒരു വിഷമവൃത്തം.

[ഒന്നാംപാദത്തിൽ സജസല; രണ്ടിൽ നസജഗ; മൂന്നിൽ ഭനജലഗ; നാലിൽ സജസജഗ ഇങ്ങിനെ നാലുപാദവും നാലുവിധമായ വൃത്തം 'ഉദ്ഗതാ'.]

ഉദ്ഗമനീയ-വി. പ്ര. പോകത്തക്ക. ദ്വി. കാരററത്തക്ക.

ഉദ്ഗമനീയം-അലക്കിയ ഇണപ്പുടവ. അഭിലഷിക്കപ്പെടുന്നതു് എന്നർത്ഥം. 'വസ്ത്രവും ഉത്തരീയവും' എന്നുള്ള അർത്ഥം കാണുന്നു.

ഉദ്ഗമം-പ്ര. പുറപ്പാട്. ദ്വി. ജനനം. തൃ. സൃഷ്ടി. ച. ആരംഭം. പ. മുളയ്ക്കുക. ഷ. ഛർദ്ദി.

ഉദ്ഗമിക്ക-പൊങ്ങുക, കരേറുക.

ഉദ്ഗലിക്ക-ഒഴുകുക.

ഉദ്ഗലിത-വി. വീണ, പൊഴിഞ്ഞ.

ഉദ്ഗാഢ-വി. അധികമായ, ഏററമുള്ള.

ഉദ്ഗാഢം-അ. ഏററവും.

ഉദ്ഗാഢം-ഏററവും. ഉന്നതമായി ഉണ്ടാകുന്നതു് എന്നർത്ഥം. അധികമായതു്.

ഉദ്ഗാതാവ്-പ്ര. സാമഗാനം മുതലായ സാമവേദകർമ്മങ്ങളെ ചെയ്യുന്ന ഋത്വി

ക്ക്. ഉദ്ഗാനം ചെയ്യുന്നവൻ എന്നർത്ഥം. 'ഉൽ' എന്ന ഉപസർഗ്ഗം സംബന്ധിച്ചിട്ടുള്ളതാണെന്നു വെളിവാകുന്നു. സാമവേദംപഠിച്ചവൻ, സാമവേദക്കാരൻ. വ. പാട്ടുപാടുന്നവൻ.

ഉദ്ഗാരം-പു. തേട്ടൽ ഉൽഗിരണംചെയ്യുന്നത് എന്നർത്ഥം. വ. ഏമ്പക്കം. ന. ഛർദ്ദി. ഒന്നാമത്തെ അർത്ഥത്തിനാണധികം പ്രസിദ്ധി.

ഉദ്ഗിരണം-പു. തേട്ടൽ വ. ഏമ്പക്കം. ന. ഛർദ്ദി.

ഉദ്ഗിരണം ചെയ്ക-പുറപ്പെടുവിക്ക.
'സമമുടനുദ്ഗിരന്തിപരധാമസമാക്രമണം'
(അഭിജ്ഞാനശാകുന്തളം)

ഉദ്ഗീതി-ഒരു മാത്രാവൃത്തം.
[ആര്യയുടെ പൂർവാർദ്ധത്തെ ഉത്തരാർദ്ധവും, ഉത്തരാർദ്ധത്തെ പൂർവാർദ്ധവുമാക്കി മറിച്ചിട്ടാൽ ഉദ്ഗീതി.]

ഉദ്ഗീതി-ഉച്ചത്തിലുള്ള പാട്ട്.

ഉദ്ഗീഥം-സാമവേദധ്വനി. സാമവേദത്തിൽ ഒരുഭാഗം എന്നും അഭിപ്രായം കാണുന്നു.

ഉദ്ഗൂർണ്ണ-വി. ഓങ്ങപ്പെട്ട, ഉയർത്തപ്പെട്ട, ഉയർത്തിയ.

ഉദ്ഗൂർണ്ണം-പു. ഓങ്ങപ്പെട്ടത്, ഉയർത്തപ്പെട്ടത്, ഉയർത്തിയത്. വ. ഓങ്ങപ്പെട്ട ശസ്ത്രാദികളുടെ പേർ. ഉദ്യമിപ്പിക്കപ്പെട്ടത് എന്നർത്ഥം. മറെറാരുപര്യായം- 'ഉദ്യതം'.

ഉദ്ഗൂർണ്ണം-ചേറിട്ടവസ്തു.

ഉദ്ഗ്രന്ഥ-വി. കെട്ടഴിഞ്ഞ.

ഉദ്ഗ്രന്ഥം-പു. കെട്ടഴിഞ്ഞത്. വ. അദ്ധ്യായം.

ഉദ്ഗ്രന്ഥി-വി. സംസാരബന്ധം വേർപെട്ട.

ഉദ്ഗ്രാഹം-മേല്പെട്ടെടുക്കുക. ഉൽഗ്രഹിക്കുക എന്നർത്ഥം.

ഉദ്ഘടിതം-പു. സൂചകം. വ. സംഘാതം.

ഉദ്ഘനാ-മുട്ടി. മരം ചെത്തുന്നസമയം ആയത് ഏതു സാധനത്തിന്മേൽവെച്ചു ചെത്തുന്നുവൊ അത്. ഇതിന്റെമേലെ ഹനിക്കുന്നു എന്നർത്ഥം. ചെത്തുന്നതിനു താഴെവെക്കുന്ന തടി എന്നു ചുരുക്കത്തിൽ പറയാം.

ഉദ്ഘം-ശ്രേഷ്ഠം. വിനാശരഹിതം എന്നർത്ഥം. ഇതു സമസ്തപദത്തിൽ ചേർന്നതായിട്ടല്ലാതെ പ്രയോഗിക്ക പതിവില്ല. ഉ-ം, 'ഗവോദ്ഘം'.

ഉദ്ഘർഷണം-ഗദ, വടി.

ഉദ്ഘസം-ഇറച്ചി.

ഉദ്ഘാടകം-പു. താക്കോൽ. വ. വെള്ളംകോരുന്നതിനുള്ള പാളയും (തൊട്ടിയും) കയറും.

ഉദ്ഘാടനം-പു. കിണററിൽ നിന്നു വെള്ളംകോരുന്ന യന്ത്രം (ഏത്തം=തുലാം). ഇതുകൊണ്ടു ജലം മേല്പെട്ടു കോരുന്നു എന്നർത്ഥം. മറെറാരുപര്യായം- ഘടീയന്ത്രം. വ. തുറക്കുന്ന യന്ത്രം. ന. തുറക്ക.

ഉദ്ഘാടം-കാവൽ.

ഉദ്ഘാടിത-വി. പു. ആരംഭിച്ച. വ. തുറന്ന. ന. പൊക്കിയ ർ. പ്രയത്നിച്ച

ഉദ്ഘാടിത-വി. പു. പ്രയത്നംചെയ്യപ്പെട്ട. വ. തുറക്കപ്പെട്ട. ന. ഉയർത്തപ്പെട്ട.

ഉദ്ഘാടിതജ്ഞ-വി ബുദ്ധിയുള്ള.

ഉദ്ഘാതം-പു. ആരംഭമാത്രം. മുരടുപിടിച്ചു തുടങ്ങുക എന്നർത്ഥം. ആരംഭം എന്നുമുണ്ട്. വ. ആയുധം ന. അടിക്ക, മുറിക്ക. ർ. മുറിവ്.

ഉദ്ഘോഷം-ഉറക്കെപ്പറക, പരസ്യമാക്കൽ, പൊതുസംസാരം.

ഉദ്ഘോഷിക്ക-സ്തുതിക്ക.

ഉദ്ദണ്ഡത-പു. ബലം. വ. ദുരഹങ്കാരം. ന. ക്രൂരം.

**ഉദ്ദണ്ഡൻ**-പു. ബലവാൻ. ൨. ദുരഹങ്കാരി. ൩. ക്രൂരൻ. ൪. വിദ്വാൻ.

**ഉദ്ദന്തുര**-വി. പു. ഉയൎന്ന. ൨. ഭയങ്കരമായ. ൩. വലിയപല്ലുള്ള.

**ഉദ്ദംശം**-മൂട്ട.

**ഉദ്ദാനം**-പു. ബന്ധനം (തടവിലിടുക) ഉദ്ദ്രുതമായ പ്രയത്നത്തോടുകൂടിയതു് എന്നൎത്ഥം. മററൊരു പൎയ്യായം-'ബന്ധനം' ൨. കെട്ടുകററി.

**ഉദ്ദാമൻ**-പു. വരുണൻ. ൨. യമൻ.

**ഉദ്ദാമം**-വി. പു. വിടപ്പെട്ട. ൨. അയയ്യപ്പെട്ട.

**ഉദ്ദാലം**-നറവരി എന്ന വൃക്ഷം. വ്യാധികളെ പിളൎക്കുന്നതു് എന്നൎത്ഥം.

**ഉദ്ദാലകൻ**-ഒരു ഋഷി. [ഇദ്ദേഹത്തിൻെറ പുത്രൻെറ പേർ "ശ്വേതകേതു" എന്നാണു്.]

**ഉദ്ദാലകം**-കൌങ്ങിൻ പൂത്താഴം നെല്ലു്.

**ഉദ്ദിതം**-വി. ബന്ധിക്കപ്പെട്ട.

**ഉദ്ദിനം**-ഉച്ചസമയം.

**ഉദ്ദിഷ്ട**-വി. ഉദ്ദേശിക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട.

**ഉദ്ദിഷ്ടം**-പു. ഉദ്ദേശിക്കപ്പെട്ടതു, നിശ്ചയിക്കപ്പെട്ടതു്. ൨. ഒരു വൃത്തം.

**ഉദ്ദീപകം**-ചുട്ടുറമ്പു് (ഒരു വക കറുത്ത ഉറമ്പു്).

**ഉദ്ദീപനം**-ജ്വലനം, പ്രകാശം.

**ഉദ്ദീപിക**-വി. ജ്വലിപ്പിക്കുന്ന.

**ഉദ്ദീപിതം**-പ്രകാശിപ്പിക്കപ്പെട്ടതു്.

**ഉദ്ദീപിപ്പിക്ക**-ജ്വലിപ്പിക്ക, എരിയിക്ക.

**ഉദ്ദീപ്ത**-വി. പ്രകാശിക്കപ്പെട്ട, ജ്വലിക്കപ്പെട്ട, ജ്വലിച്ച

**ഉദ്ദേശം**-പു. ഊഹിച്ചിട്ടുള്ളനിശ്ചയം. ൨. സംശയം.

**ഉദ്ദേശികാ**-ചതുൎത്ഥി വിഭക്തി.

**ഉദ്ദേശിക്കുക**-പു. ഊഹിച്ചുനിശ്ചയിക്കുക ൨. സംശയിക്കുക.

**ഉദ്ദേഹികാ**-വെളുത്ത ഉറമ്പു്.

**ഉദ്ധതൻ**-അഹങ്കാരി.

**ഉദ്ധതം**-പു. ഉയൎത്തപ്പെട്ടതു്, ഇളക്കിയുൎത്തപ്പെട്ടതു്. ൨. അഭിമാനം. ൩. അഹങ്കാരം ൪. അധികമായതു്. സാഹിത്യസാമ്രാജ്യപ്രകാരം രീതികളിൽ ഒന്നു്. ഇതിനു വിപരീതം സൌമ്യം. ['ഗ്രന്ഥകാരൻ തൻെറ പാണ്ഡിത്യപ്രകടനത്തിനു വേണ്ടി ആഭാസം കാണിക്കുന്നിടത്തു ഔദ്ധത്യം; ഇല്ലാത്തിടത്തു സൌമ്യത']

**ഉദ്ധതി**-പു. അഹങ്കാരം, അഭിമാനം, ഡംഭം. ൨. മുട്ടാളത്തം.

**ഉദ്ധരണം**-പു. പൊക്കുക. ൨. വേരോടെ പറിക്കുക.

**ഉദ്ധരണി**-പു. ചെറിയ തവി. ൨. ചിഹ്നങ്ങളിൽ ഒന്നു്.

["" ഈ ചിഹ്നനമത്രെ ഉദ്ധരണി. ഇതു ഗ്രന്ഥകൎത്താവിൻെറ വാക്കുകളിൽ നിന്നു വേറെയുള്ളവരുടെ വാക്കുകളെ തിരിച്ചു കാണിക്കുന്നു. ഇതിനെ ഒററയായിട്ടു ഉപയോഗിക്കാം ' '.]

**ഉദ്ധരിക്കുക**-പു. പൊക്കുക. ൨. രക്ഷിക്കുക. ൩. പറിക്കുക ൪. താങ്ങുക. ൫. മടങ്ങിവാങ്ങുക. ൬. എടുത്തു കാണിക്കുക.

**ഉദ്ധൎഷം**-ഉത്സവം. സന്തോഷത്തെ ചെയ്യുന്നതു് എന്നൎത്ഥം.

**ഉദ്ധവം**-പു. ഉത്സവം. ദുഃഖത്തെ കളയുന്നതു് എന്നൎത്ഥം. ൨. യാഗാഗ്നി.

**ഉദ്ധവൻ**-ഒരു യാദവൻ.

[ശ്രീകൃഷ്ണൻെറ മന്ത്രിയും ഒരു ബന്ധുവുമാണു്. അക്രൂരൻ കൃഷ്ണനെ മഥുരയ്ക്കു കൂട്ടിക്കൊണ്ടുപോയതിൻെറ ശേഷം അദ്ദേഹത്തെ കാണ്മാൻ അന്വേഷിച്ചുവരണമെന്നു ഗോകുലവാസികൾ ഇദ്ദേഹത്തോടു പ്രാൎത്ഥിക്കയുണ്ടായി. യാദവരെല്ലാം നശിക്കുമെന്നു കണ്ടു ഉദ്ധവൻ കൃഷ്ണനോടു താൻ എന്താണു വേണ്ടതു എന്നു ചോ

ദിച്ചു. ബദരികാശ്രമത്തിൽ ചെന്നു തപസ്സുചെയ്തു മോക്ഷം പ്രാപിച്ചുകൊള്ളണമെന്നു ഉപദേശിച്ചു. ഇദ്ദേഹത്തെ 'പവനവ്യാധി' എന്നു വിളിക്കാറുണ്ടു്. ഇദ്ദേഹത്തെ സംബന്ധിച്ചു് 'ഉദ്ധവദൂതം' 'ഉദ്ധവസന്ദേശം' ഇങ്ങിനെ രണ്ടു ചെറിയ കാവ്യങ്ങൾ ഉള്ളപ്രകാരം കാണുന്നു.]

ഉദ്ധസ്ത-വി. കൈപൊക്കിയ.

ഉദ്ധാന-വി. പ്ര. കരേറിയ. ദ്വി. ഛർദ്ദിച്ച.

ഉദ്ധാനം-പ്ര. അടുപ്പു്. ഇതിൽനിന്നു പാത്രം ഉദ്ധരിക്കപ്പെടുന്നതിനാൽ ഈ പേരുണ്ടായി. ദ്വി. ഛർദ്ദിക്കപ്പെട്ട അന്നംമുതലായതു്. [ഉദ്ധാനശബ്ദത്തിന്റെപാഠം]

ഉദ്ധാര-അമൃതുവള്ളി.

ഉദ്ധാരക-വി. പൊക്കുന്ന.

ഉദ്ധാരണം-പ്ര. പൊക്കുക. ദ്വി. രക്ഷണം.

ഉദ്ധാരം-പ്ര. കടം, ഉദ്ധരിക്കപ്പെടുന്നതു്, മടങ്ങിവാങ്ങുന്നതു് എന്നർത്ഥം. ദ്വി. ഉയർത്തൽ, പൊക്കുക. തൃ. തുകയിൽതള്ളൽ. ച. രക്ഷ. പ. അടുപ്പു്.

ഉദ്ധൃത-വി. ഉയർത്തിപിഴുതെടുക്കപ്പെട്ട.

'ഉദ്ധൃതവൃക്ഷകരാമ്ലോജ്ജ്വലദംഷ്ട്രാനനാതിവക്ത്രഗഹ്വരം'

(അദ്ധ്യാത്മരാമായണം)

ദ്വി. ഇളക്കപ്പെട്ട. തൃ. ഉയർത്തപ്പെട്ട. ച. ഉയർന്ന, ഉയരമുള്ള. പ. ഉയർന്ന ശബ്ദമായുള്ള.

ഉദ്ധൃനനം-പ്ര. ഉയർത്തിപിഴുതെടുക്കുക. ദ്വി. ഇളക്കം. തൃ. മേല്പ്പോട്ടെറിയുക. ച. പൊക്കുക.

ഉദ്ധൂപനം-പുകക്കുക, പുകപിടിപ്പിക്കുക.

ഉദ്ധൂലനം-പ്ര. പൊടിയാക്കൽ. ദ്വി. പൊടിതൂറൽ.

ഉദ്ധൂഷണം-ഉൾപ്പുളകം, തരിപ്പു്.

ഉദ്ധ്മാനം-അടുപ്പു്. (ഉദ്ധാനം എന്നതിന്റെ പാഠഭേദം.)

ഉദ്ധൃത-വി. പ്ര. എടുക്കപ്പെട്ട. ദ്വി. ഉയർത്തപ്പെട്ട. തൃ. രക്ഷിക്കപ്പെട്ട. ച. വേരോടെ പറിക്കപ്പെട്ട.

ഉദ്ധൃത-ഉദ്ധരിക്കപ്പെട്ടതു് (എടുക്കപ്പെട്ടതു്).

ഉദ്ബാഷ്പ-വി. കണ്ണുനീർനിറഞ്ഞ.

ഉദ്ബാഹു-വി. കൈനീട്ടിയ.

ഉദ്ബില-വി. ഗുഹയിൽനിന്നു വെളിയിലായ.

ഉദ്ബുദ്ധ-വി. ഉയർന്നിരിക്കുന്ന.

ഉദ്ഭട-പ്ര. ശ്രേഷ്ഠമായ. മഹിമയുള്ള.

ഉദ്ഭടൻ-പ്ര സമർത്ഥൻ. ദ്വി. ആമിത്രൻ. തൃ. എരിക്കു്.

ഉദ്ഭം-വിസ്താരം.

ഉദ്ഭടം-പ്ര. ശക്തിമത്തു്. ദ്വി. ആമ.

ഉദ്ഭവം-ജനനം, ഉൽപത്തി.

ഉദ്ഭവിക്കുക-ജനിക്കുക.

ഉദ്ഭവിപ്പിക്കുക-ജനിപ്പിക്കുക.

ഉദ്ഭിജം, ഉദ്ഭിജ്ജം-പ്ര. മുളച്ചുണ്ടാകുന്ന ചെടി മരം മുതലായവ. ഉൽഭേദിച്ചു ജനിക്കുന്നതു്. ദ്വി. മുള. തൃ. കൂമ്പു്.

ഉദ്ഭിത്തു്, ഉദ്ഭേ-മുളച്ചുണ്ടാകുന്ന ചെടി മരം മുതലായവ. ഭൂമിയെ പിളർന്നുണ്ടാകുന്നതു് എന്നർത്ഥം

ഉദ്ഭിദ-വി. മുളയ്ക്കുന്ന. ദ്വി. കുതിച്ചുവരുന്ന.

ഉദ്ഭിദം-പ്ര. മുള. ദ്വി. കൂമ്പു്. തൃ. ഒരുമാതിരി ഉപ്പു്.

ഉദ്ഭിന്ന-വി. പ്ര. ഫലംതന്ന, കായുണ്ടായ, ഉത്ഭവിച്ച. ദ്വി. കുതിച്ചുവന്ന.

ഉദ്ഭൂത-വി. പ്ര. ഉത്ഭവിച്ച, ജനിച്ച. ദ്വി. ഉയർന്ന.

ഉദ്ഭ്രമം-പ്ര. ഭയപ്പെടൽ. മനസ്സു സ്ഥിരമായി നില്ക്കാതിരിക്കുക എന്നർത്ഥം. ദ്വി. ചുഴറൽ, ചുററൽ. തൃ. കുറ്റിതം, സങ്കടം. ച. മേല്പ്പോട്ടുള്ള ചാട്ടം.

ഉദ്യത്ത്-വി. പ്ര. പ്രകാശിക്കുന്ന. ദ്വി. പ്രകാശിച്ച. തൃ. ഉയരുന്ന.

ഉദ്യതനം-൧. ഉയർത്തുക. ൨. പ്രയത്നം. ൩. ഉത്സാഹം.

ഉദ്യത-വി. ൧. ഉത്സാഹിച്ച 'മുനിതനയാന്വയാനമതിനുദ്യതനായ് സഹ (അഭിജ്ഞാനശാകുന്തളം) സാ' ൨. ഉയർത്തപ്പെട്ട.

ഉദ്യതം-൧. ഓങ്ങപ്പെട്ട ശസ്ത്രാദികൾ. ഉദ്യമിക്കപ്പെട്ടതു് എന്നർത്ഥം. മറെറാരു പര്യായം-'ഉദ്ഗൂർണ്ണം' ൨. അദ്ധ്യായം.

ഉദ്യൻ-ഉദിച്ചവൻ.

ഉദ്യമം, ഉദ്യമനം-൧. ഉത്സാഹം ൨ പരിശ്രമം, പ്രയത്നം. ൩. ഓങ്ങൽ.

ഉദ്യാതം-ഉദ്യാനംചെയ്തതു (പുറത്തു പോയതു്).

ഉദ്യാനം-൧. പൂങ്കാവു്. ൨. രാജാവിന്റെ സാധാരണമായ വനക്രീഡ, നായാട്ടു് എന്നിവയ്ക്കുള്ള വനം. ഉത്സാഹത്തോടെ പോകുന്നേടം എന്നർത്ഥം. മറെറാരുപര്യായം 'ആക്രീഡം'. ൩. പുറത്തേയ്ക്കുള്ള ഗമനം. ൪. പ്രയോജനം. ൫. സംഗതി, കാര്യം.

ഉദ്യാനകം-൧. പൂങ്കാവു്. ൨. മാൻ മുതലായ മൃഗങ്ങളെ വളർത്തുന്നതിനു വളച്ചുകെട്ടിയ സ്ഥലം.

ഉദ്യാനപാലകൻ, ഉദ്യാനപാലൻ, ഉദ്യാനരക്ഷകൻ-ഉദ്യാനം വിചാരിപ്പുകാരൻ.

ഉദ്യാപനം-൧. പൂർത്തിയാക്കൽ. ൨. പൂജാവസാനം.

ഉദ്യാവം-കൂട്ടിക്കലപ്പു്.

ഉദ്യുക്ത-വി. ഉത്സാഹമുള്ള.

ഉദ്യോഗപർവ്വം-മഹാഭാരതത്തിലെ ൫-ാമത്തെ പർവ്വം.

ഉദ്യോഗം-൧ ഉത്സാഹം, പ്രാരംഭതാല്പര്യം. ൨. പ്രയത്നം. ൩. അധികാരം. ൪. തൊഴിൽ, വേല.

ഉദ്യോഗസ്ഥൻ-ജീവനക്കാരൻ, അധികാരമുള്ളവൻ.

[വലിയ ഒരു തുക ശമ്പളമോ തക്കതായ ചുമതലയോ ഇല്ലാത്തവരെ സാധാരണ ഉദ്യോഗസ്ഥന്മാരെന്നു പറയാറില്ല. ഉയർന്നതരം സർക്കാർജോലി വഹിക്കുന്നവർക്കു ഈ പേർ പറഞ്ഞിട്ടുണ്ടു്.]

ഉദ്യോഗി-വി. ഉത്സാഹമുള്ള.

ഉദ്യോഗിക്കുക-൧. ഉത്സാഹിക്കുക. ൨. പ്രയത്നിക്കുക.

ഉദ്യോഗിപ്പിക്കുക-൧. ഉത്സാഹിപ്പിക്കുക. ൨. പ്രയത്നിപ്പിക്കുക.

ഉദ്യോത-വി. പ്രകാശിച്ച.

ഉദ്യോതമാന-വി. പ്രകാശിച്ചിരിക്കുന്ന.

ഉദ്രഥം-വണ്ടിയുടെ അച്ചിലെ ആണി.

ഉദ്രം-നീർപ്പൂച്ച. ചിലർ നീർനായ് എന്നു പറയുന്നു. എപ്പോഴും നനഞ്ഞുകൊണ്ടിരിക്കുന്നതു് എന്നർത്ഥം.

ഉദ്രങ്കം, ഉദ്രംഗം-ഹരിശ്ചന്ദ്രന്റെ നഗരം.

ഉദ്രാവം-൧. ഓട്ടം. ൨. ഒഴുക്കു്.

ഉദ്രിക്ത-വി. ൧. വർദ്ധിച്ച. ൨. വേർവിട്ട. ൩. തെളിവുള്ള.

ഉദ്രേകം-൧. ആരംഭം. ൨. ആധിക്യം, വർദ്ധന.

ഉദ്രേകാ-മഹാനിംബം എന്ന ചെടി.

ഉദ്വത്-വി. മഹത്തായ, ശ്രേഷ്ഠമായ.

ഉദ്വത്സരം-വർഷം.

ഉദ്വപനം-സമ്മാനം.

ഉദ്വമനം-ഛർദ്ദി.

ഉദ്വർത്തനം-൧. തിരുമ്മുക, നവരച്ചോറ തേയ്ക്കുക മുതലായതുകൊണ്ടു ശരീരത്തെ നിർമ്മലമാക്കുക. മറെറാരുപര്യായം 'ഉത്സാദനം'.

ഉദ്വർത്തനം കൊണ്ടുള്ള ഗുണം:-

'ഉദ്വർത്തനം കഫഹരം
മേദസഃ പ്രവിലായനം
സ്ഥിരീകരണമംഗാനാം
ത്വക്പ്രസാദകരം പരം'

(അഷ്ടാംഗഹൃദയം)

വ. മെയ്പ്പിടിക്ക. ന. കരേറുക. ദ്ര. സുഗന്ധം തളിക്കുക.

ഉദ്വർത്ത-വി. പ്ര. അധികമായ. വ. ശേഷിച്ച.

ഉദ്വർത്തം-ശേഷിപ്പ്.

ഉദ്വധ്നം-പ്ര. ആധിക്യം. വ. കൌശലത്തിലുള്ള കൊല.

ഉദ്വസിക്കുക-പ്ര. കൊല്ലുക. വ. അയയ്ക്കുക.

ഉദ്വസിപ്പിക്കുക-പ്ര. കൊല്ലിക്കുക. വ. അയപ്പിക്കുക.

ഉദ്വഹൻ-പ്ര. വഹിക്കുന്നവൻ. വ. നടത്തിക്കൊണ്ടു പോകുന്നവൻ. ന. ആവഹാദി ഏഴു മരുത്തുകളിൽ ഒന്ന്. ദ്ര. പുത്രൻ.

ഉദ്വഹനം-പ്ര. എടുക്കൽ. വ. വിവാഹം

ഉദ്വഹം-വിവാഹം. (ഉദ്വാഹം എന്ന് അമരം.)

ഉദ്വഹാ-പുത്രി.

ഉദ്വഹിക്കുക- പ്ര. വിവാഹംചെയ്യുക. വ. എടുക്കുക.

ഉദ്വാന്ത-വി. പ്ര. വെളിയിൽ പുറപ്പെട്ട.

'നോക്കിയുദ്വാന്തബാഷ്പാ'

(അമരുകശതകം)

വ. ഛർദ്ദിച്ച.

ഉദ്വാന്തൻ-മദം മാറിയ ആന. മദം പൊട്ടിയൊലിക്കുന്നതു മാറിയവൻ എന്നർത്ഥം.

ഉദ്വാന്തം-ഛർദ്ദിക്കപ്പെട്ട അന്നം മുതലായത്. ഉദ്വമിക്കപ്പെട്ടത് എന്നർത്ഥം.

ഉദ്വാദനം-ഉറക്കെയുള്ള കരച്ചിൽ.

ഉദ്വാന-വി. ഛർദ്ദിച്ച.

ഉദ്വാന്നം-ഛർദ്ദിക്കപ്പെട്ട അന്നം മുതലായതിന്റെ പേർ. [ഉദ്വാന്തശബ്ദത്തിന്റെ പാഠഭേദം]

ഉദ്വാസം-പ്ര. നീക്കിക്കളയുക, പുറത്താക്കുക. വ. ക്ഷൌരംചെയ്യുക.

ഉദ്വാസനം, ഉദ്വാസം-പ്ര. വധം. കൊല. വ. നാടുകടത്തൽ.

ഉദ്വാഹ(ന)ം--പ്ര. വിവാഹം വ. രണ്ടുതവണ നിലം ഉഴുക.

ഉദ്വാഹനി-കയറ്.

ഉദ്വാഹം-വിവാഹം.

ഉദ്വാഹിക-വിവാഹത്തെ സംബന്ധിച്ച.

ഉദ്വാഹിത-വി. പ്ര. ഉയർത്തപ്പെട്ട വ. വേരോടെ പറിക്കപ്പെട്ട.

ഉദ്വാഹിനി-കയറ്.

ഉദ്വിഗ്ന-വി. പ്ര. ദുഃഖമുള്ള. വ. വിരഹദുഃഖമുള്ള.

ഉദ്വീജനം-വീശുക.

ഉദ്വൃത്ത-വി. പ്ര. ഛർദ്ദിക്കപ്പെട്ട. വ. ഉയർത്തപ്പെട്ട. ന. അടക്കമില്ലാത്ത.

ഉദ്വേഗ-വി. വേഗം പോകുന്ന.

ഉദ്വേഗം-പ്ര. ഭയപ്പെടൽ. വ. ചലനം, വ്യാകുലത, സംഭ്രമം. ന. വൈരസ്യം. ദ്ര. കരേറ്റം. ത്ര. അടയ്ക്കാ. ഭയപ്പെടുത്തുന്നത് എന്നർത്ഥം. ചില അടയ്ക്കാ ചെതുക്കുന്നതുകൊണ്ടു ഈ പേർ സിദ്ധിച്ചു.

ഉദ്വേഗൻ-വേഗം ഓടുന്നവൻ.

ഉദ്വേജിനി-കാട്ടുതുമരവ്, കാട്ടുതുളസി.

ഉന്തിയരശു-ചതുരംഗക്കളിയിൽ അരശു പറക. [ഇഷ്ടരാശു് എന്നു നോക്കുക]

ഉന്തിനില്ക്ക-തള്ളിനില്ക്ക.

ഉന്ത്-പ്ര. തള്ള്. വ. കുന്ന്. ന. വെള്ളത്തിലെ അഴുക്ക്.

ഉന്തുക-തള്ളുക.

'വീഴുമ്പോളുന്തിനവാഴ്ച്ചിതാൾവെള്ളവും
വാഴുമ്പോൾക്കിളിവിളിശോഭയാൽക്കറുത്തും

'ഉണ്ണുമ്പോൾകരതലകാന്തിയാൽമുമന്നം
പരന്താനെന്നെങ്കിലുമിന്നൂന്നാൽ ചലെതന്നം'
(ഭാഗ ... )

ഉന്ദുരു-എലി [ഉന്ദരു, ഉന്ദുര, ഉന്ദൂരു ഇങ്ങിനെയും പറയാമെന്നു കാണുന്നു].
'വാരണാസ്യനെവണങ്ങുമാഖുമിഹ
കൊന്നിടുന്നമഹദുന്ദുരുൻ'
(അന്യാപദേശശതകം)

ഉന്ദുരുകർണ്ണിക-എലിച്ചെവിയൻ.

ഉന്നത-വി. ഉയർന്ന, പൊക്കമുള്ള. ഉന്നമിച്ചതു് എന്നർത്ഥം.

ഉന്നതാനത-വി. ഉയർന്നും താണുമുള്ള, കിഴക്കാംതൂക്കിലുള്ള. [ഉന്നതവും ആനതവും ആയതു് ഉന്നതാനതം]

ഉന്നതാവനതം-ഉയർന്നും താണുമിരിക്കുന്നതു്.

ഉന്നതി-൧. ഉയരം.
'ഉന്നതിപോരാഞ്ഞു പിന്നെയതിന്മീതെ
ഉന്നതമായൊരു പീഠം വെച്ചാൻ'
(കൃഷ്ണഗാഥ)
൨. വർദ്ധന. ൩. ഗരുഡന്റെ ഭാര്യ.

ഉന്നം-൧. ലാക്കു് [ഊന്നം (ലാക്ക) തെറ്റിയവനു് സംസ്കൃതത്തിൽ അപരാധവൃഷൽകൻ എന്നുപേർ] ൨. ഇലവിൻപഞ്ഞി.

ഉന്നമനം-൧. ഉയർത്തുക. ൨. പൊക്കം.

ഉന്നമിക്ക-ഉയരുക.

ഉന്നമിത-വി. ൧. ഉയർത്തപ്പെട്ട. ൨. പുളിച്ചുപൊക്കിയ.

ഉന്നമിപ്പിക്ക-ഉയർത്തുക.

ഉന്നമ്ര-വി. ൧. ഉയർത്തപ്പെട്ട. ൨. വലിയ, പൊങ്ങിയ. ഉ-ം, ഉന്നമ്രകാന്തി.

ഉന്നയനം-൧. വിചാരം. ൨. ഊഹം. ൩. ഉയർത്തുക

ഉന്നയം, ഉന്നായം-മേല്പോട്ടുപൊക്കുക, ഉന്നയിക്ക എന്നർത്ഥം.

ഉന്നയിക്ക-൧. അനുമാനിക്ക. ൨. മേല്പോട്ടുപൊക്കുക.

ഉന്നാഭൻ-ഒരു സൂര്യവംശരാജാവു്.

ഉന്നിക്കുക-൧. നിശ്ചയിക്കുക. ൨. സംശയിക്കുക. ൩. ഓർമ്മിക്കുക. ൪. മൂളുക.

ഉന്നിദ്രം-വി. നിദ്രയില്ലാത്ത, ജാഗരണമുള്ള, ഉണർച്ചയുള്ള.

ഉന്നിദ്രാണാഭ-മാഴ്കാതെ വിലസുന്ന പ്രകാശം.

ഉന്നുക-൧. ലാക്കുനോക്കുക. ൨. വിചാരിക്കുക. ൩. ഒരു സംഗതിയിൽതന്നെ മനസ്സുറപ്പിക്കുക.

ഉന്നേയം-൧. ലാക്കു്, കുറി. ൨. ഊഹിക്കത്തക്കതു്.

ഉന്മ-സത്യം, ഉണ്ടു് എന്നുള്ള സ്ഥിതി.
'നിർമ്മലമായുള്ളോരുന്മയെക്കാണുമ്പോൾ'
(കൃഷ്ണഗാഥ)

ഉന്മയിൽ-അ. വേണ്ടുംവണ്ണം.

ഉന്മജ്ജനം-വെള്ളത്തിൽനിന്നു പൊങ്ങുക [മജ്ജനം=മുങ്ങുക]

ഉന്മജ്ജനൻ-ശിവന്റെ ഒരു ഭൃത്യൻ.

ഉന്മത്ത-൧. ഭ്രാന്തുള്ള. ൨. ലഹരിപിടിച്ച

ഉന്മത്തൻ-ഭ്രാന്തൻ. ൨. കള്ളുകുടിച്ചവൻ

ഉന്മത്തം-൧. ഉമ്മത്തു്, ഉമ്മം. ഉന്മാദത്തെ ഉണ്ടാക്കുന്നതു് എന്നർത്ഥം. ൨. ബുദ്ധിയിളക്കം.

ഉന്മഥിത-വി. കൊല്ലപ്പെട്ട. ഉന്മഥനം ചെയ്യപ്പെട്ട എന്നർത്ഥം.

ഉന്മദ-൧. ഭ്രാന്തുള്ള. ൨. ലഹരിപിടിച്ച.

ഉന്മദൻ-ഉന്മാദമുള്ളവൻ. ഹർഷമില്ലാത്തവൻ എന്നർത്ഥം.

ഉന്മദം-ഭ്രാന്തു്, ലഹരി.

ഉന്മദിഷ്ണു-ഉന്മാദമുള്ളവൻ, ഉന്മദശീലൻ എന്നർത്ഥം.

ഉന്മനസ്സ്-വി. ൧. ക്ഷോഭത്തോടുകൂടിയ. ൨. മനസ്താപമുള്ള.

ഉന്മനസ്സ്-ഒന്നിൽ അധികം അകൽച്ചപ്പെട്ട മനസ്സോടുകൂടിയവൻ.

ഉന്മന്ഥകം-ഒരു കർണ്ണരോഗം.

[ബലമായി കാതിനെ വലുതിയാൽ വള്ളിയിൽ വായുസംകോചിച്ചു കഫത്തോടു കൂടി വീക്കത്തെ ഉണ്ടാക്കും. ആ വീക്കം സ്തംഭിച്ചിരിക്കും. വേദന കാണുകയില്ല. ചൊറിയുണ്ടായിരിക്കും.]

ഉന്മന്ഥം-വധം (കൊല) ഉന്മാഥം എന്നതിന്റെ പാഠഭേദം.

ഉന്മാഥം-൧. വധം (കൊല). ൨. കണി (മൃഗാദികളെ കുടുക്കുവാനുള്ള യന്ത്രം) ഇതുകൊണ്ട് ഉന്മഥനം ചെയ്യുന്നതിനാൽ ഈ പേർവന്നു. മറ്റൊരുപര്യായം 'കൂടയന്ത്രം'.

ഉന്മാദം-൧ ഭ്രാന്ത്. ഭൂതബാധ മുതലായതു നിമിത്തമുണ്ടാകുന്ന മനശ്ചാഞ്ചല്യം. അകരാറായ സന്തോഷം എന്നർത്ഥം. ൨. ഒരുവ്യാധി.

[വാതാദിദോഷങ്ങൾ അധികമായി വഴിതെറ്റിനടന്നു മനസ്സിനെ വഹിച്ചിരിക്കുന്ന നാഡികളിൽ എത്തി മനോവിഭ്രമത്തെ ഉണ്ടാക്കുന്നതിനാൽ ഉന്മാദം എന്നപേർവന്നു.]

൩. ലഹരി.

ഉന്മാദവത്ത്-വി. ൧. ഭ്രാന്തുള്ള. ൨. ലഹരിയുള്ള.

ഉന്മാദവാൻ-ഉന്മാദമുള്ളവൻ, ഭ്രാന്തൻ. [സ്ത്രീ-ഉന്മാദവതി.] മറ്റൊരുപര്യായം 'ഉന്മത്തൻ'.

ഉന്മാഥഃ-ഇരവെച്ചു മൃഗപക്ഷ്യാദികളെ പിടിക്കുന്ന യന്ത്രം.

ഉന്മജ്ജനം-൧. തേയ്ക്കുക. ൨. ഉടയ്ക്കുക. ൩. നീക്കുക.

ഉന്മീലത്ത്-വി. ൧. വിടർന്ന.

'ഉന്മീലൽപത്രവല്ലീംപൃഥുലകചഭരാം'

(ഉത്തരാസ്വയംവരംകഥകളി)

൨. കണ്ണുമിഴിച്ച ൩. തുറന്ന.

ഉന്മീലനം-൧. കണ്ണുമിഴിക്ക. ൨. വിടരുക. ൩. തുറക്കുക.

ഉന്മീലിത-വി. ൧. മിഴിക്കപ്പെട്ട. ൨. വിടർത്തപ്പെട്ട, വിടർന്ന. ൩. തുറക്കപ്പെട്ട.

ഉന്മീലിപ്പിക്ക-തുറക്കുക.

ഉന്മുകം-തീക്കൊള്ളി.

ഉന്മുക്ത-വി. ൧. ഉപേക്ഷിക്കപ്പെട്ട. ൨. ഊരപ്പെട്ട.

ഉന്മുഖ-വി. ഉയർത്തപ്പെട്ട മുഖത്തോടുകൂടിയ, മേല്പെട്ടു നോക്കുന്ന.

'ജനമെല്ലാമുന്മുഖമായ്'

(അഭിജ്ഞാനശാകുന്തളം)

ഉന്മുഖത-ഉന്മുഖമായിരിക്ക, നോക്കിയിരിക്ക, ഭാവിച്ചിരിക്ക.

ഉന്മുഖര-വി. വലിയ ശബ്ദമുള്ള, ശബ്ദമുള്ള.

ഉന്മുഖീകരിക്ക-ഉന്മുഖമാക്കിച്ചെയ്ക.

ഉന്മുദ്ര-൧. വിടർന്ന. ൨. മുദ്രവയ്ക്കാത്ത.

ഉന്മൂലനം-വേരോടെ പറിക്ക.

ഉന്മൂലിത-വി. വേരോടെപറിക്കപ്പെട്ട.

ഉന്മേദസ്സ്-പുഷ്ടി.

ഉന്മേദാ-പുഷ്ടി, തടിപ്പ്.

ഉന്മേഷം-൧. കണ്ണുമിഴിക്ക. ൨. പ്രസാദം ൩. ജാഗ്രത, ഉത്സാഹം. ൪. വികാസം. ൫. പ്രകാശം.

ഉന്മേഷിപ്പിക്ക-സന്തോഷിപ്പിക്ക.

ഉന്മോചനം-വിടുക, അയയ്ക്കുക (അയവ്).

ഉപ-അ. സമീപം, താണ, അലങ്കാരം, കൊടുക്ക, അനുഗ്രഹിക്ക, അധികമായ, ഒന്നിച്ചു, തുല്യം, ആജ്ഞ, കോപം, ക്രമം, മൂലം, പാമ്പ്.

ഉപകണ്ഠ-വി. സമീപമുള്ള.

ഉപകണ്ഠം-സമീപം കണ്ഠത്തോട് ഉപമം എന്നർത്ഥം.

ഉപകണ്ഠം-അ. കണ്ഠത്തിനടുക്കൽ.

ഉപകഥ ഒരു പ്രധാനകഥയിൽ അംഗമായിനില്ക്കുന്ന കഥ, ചെറിയകഥ.

ഉപകനിഷ്ഠികാ-അനാമികാ (മോതിര വിരൽ.)

ഉപകന്യാ-പുത്രിയുടെ സഖി.

ഉപകർണ്ണനം ചെയ്ക-കേൾക്കുക.

'ഇതുപകർണ്ണ്യ ധരണീപാല! നീ ജയിക്കേണം ഉപകർണ്ണ്യ മേ വചനം'

(നളചരിതം കഥകളി)

[ഉപകർണ്ണ്യ = കേട്ടാലും.]

ഉപകർണ്ണികാ-സ്ത്രീ. ശ്രുതി, കേൾവി. വ. വർത്തമാനം അറിയിക്കൽ.

ഉപകരണം-അതാതിനുപയോഗമുള്ളതായ സാധനം.

ഉപകരി-പറങ്ക്.

ഉപകരിക്ക-ഉതകുക, ആവശ്യത്തിനു കിട്ടുക.

ഉപകർയ്യ-രാജഭവനം.

ഉപകർത്താവ്-ഉപകാരം ചെയ്യുവൻ.

ഉപകാരക-വി. പ്രയോജനമുള്ള.

ഉപകാരജ്ഞൻ-നന്ദിയുള്ളവൻ.

ഉപകാരസ്മരണ-നന്ദി, കൃതജ്ഞത.

ഉപകാരാ-പ്രയോജനം ഉപകാരം > < അപകാരം.

ഉപകാരി-വി. ഉപകാരം ചെയ്യുന്ന.

ഉപകാരി, ഉപകാര്യാ, ഉപകാരികാ-കൂടാരം.

ഉപകാരിക-സ്ത്രീ. ഉപകാരം ചെയ്യുന്നവൾ. വ. രാജഭവനം.

ഉപകാലികാ-പെരുംജീരകം.

ഉപകിരണം-ചിതറൽ, എറിയുക.

ഉപകിരണം-അ. രശ്മികൾ ഉള്ള്.

ഉപകീചകന്മാർ-സ്ത്രീ കീചകന്റെ അനുചരന്മാർ. വ. കീചകന്റെ നേതൃത്വത്തിലുള്ള വിരാടസൈന്യം.

ഉപകുഞ്ചി, ഉപകുഞ്ചികാ-സ്ത്രീ. ചിറ്റേലം. ഏറ്റവും ചെറിയതു് എന്നർത്ഥം. വ. കരിഞ്ജീരകം. വാതാദികളെ നശിപ്പിക്കുന്നതു് എന്നർത്ഥം.

[പെരുംജീരകത്തിനും പറയാമെന്നു ചിലർ അഭിപ്രായപ്പെടുന്നു.]

ഉപകുംഭ-വി. സ്ത്രീ. കുംഭത്തിനടുത്തുള്ള. വ. ഏകാന്തമായ. ന. പ്രത്യേകമായ.

ഉപകുംഭം-അ. കുംഭത്തിനടുക്കൽ.

ഉപകുല്യാ-സ്ത്രീ. തിപ്പലി. കുല്യയുടെ സമീപത്തുണ്ടാകുന്നതു്, കെട്ടിപ്പിണഞ്ഞു കിടക്കുന്നതു് എന്നർത്ഥം. വ. കൈതോടു (ചെറിയതോട്.)

ഉപകുശം-വായിലെ ഒരു രോഗം.

[ഊനുകളിൽ ചൂടും പഴുപ്പും ഉണ്ടായി പല്ലുകൾ ഇളകുന്നതിനു 'ഉപകുശം' എന്നു പേർ.]

ഉപകൂപജലാശയം-കൽത്തൊട്ടി.

ഉപകൃതി, ഉപക്രിയ-ഉപകാരം.

ഉപക്രമം-സ്ത്രീ. ആരംഭം, ഒന്നാമതായിട്ടുള്ള ആരംഭം, അറിഞ്ഞതിന്റെ ശേഷം ആ അറിവിനെ നിറവേറ്റുന്നതിനു ചെയ്യുന്ന ആരംഭം. [അളവും തൂക്കവും ആദ്യമായി ആരംഭിച്ചതു നന്ദരാജാവായതുകൊണ്ട് അതു നന്ദന്റെ ഉപക്രമം എന്നു പറയുന്നു.] വ. മന്ത്രിമാരുടെ ശീലം പരീക്ഷിക്കുക. ന. ഉപായം. ര. ചികിത്സാ. ഉ. മുമ്പോട്ടുള്ള നടപ്പ്.

ഉപക്രമണം-സ്ത്രീ. ആരംഭം. വ. ചികിത്സ. ന. മുമ്പോട്ടു നടക്കുക.

ഉപക്രമണികാ-മുഖവുര.

ഉപക്രമിക്കുക-ആരംഭിക്കുക.

ഉപക്രീഡാ-കളിപ്പാനുള്ള സ്ഥലം.

ഉപക്രോശം-നിന്ദ. എല്ലാവരും ചീത്തയായ വിളി എന്നർത്ഥം.

ഉപക്വണം-വീണാദി സകല വാദ്യധ്വനികളുടെയും പേർ.

ഉപക്ഷേപം-സ്ത്രീ. ഉപന്യാസം. വ. കഥനം. ന. എറിഞ്ഞുകളയുക. ര. പ്രാരംഭം. ഉ. ഭീഷണിവാക്ക്.

ഉപക്ഷിപ്തം-ഗ്ര. തള്ളപ്പെട്ടത്. വ. ചേർക്കപ്പെട്ടതു്.

ഉപക്ഷേപണം-ഗ്ര. എറിഞ്ഞുകളക. വ. കുററപ്പെടുത്തൽ.

ഉപഗത-വി. ഗ്ര. സമീപത്തുവന്ന. വ. അംഗീകരിക്കപ്പെട്ട. ന. പ്രതിജ്ഞചെയ്യപ്പെട്ട.

ഉപഗമം, ഉപഗമനം-ഗ്ര. സമീപത്തു വരിക. വ. പ്രതിജ്ഞ.

ഉപഗമിക്ക-സമീപിക്ക.

ഉപഗമ്യ-സമീപിക്കത്തക്ക.

ഉപഗിരി-ജ്ഞ. പർവതത്തിനടുത്തു്.

ഉപഗീതി-മാത്രാവൃത്തങ്ങളിൽ ഒന്നു്.

'താൻഞ്ഞൊന്മൊഴിപൂർവാർദ്ധവു-
മോത്താൽജാൻചൊന്നൊരാര്യയുടെ
ഉത്തരമാമർദ്ധത്തോ-
ടൊത്തെന്നാലായതുപഗീതി'

(കാന്തവൃത്തം)

ഉപഗീത-വി. ഗ്ര. പാടപ്പെട്ട. വ. സ്തുതിക്കപ്പെട്ട.

ഉപഗു-ജ്ഞ. പശുവിന്റെ അടുക്കൽ.

ഉപഗുപ്ത-വി. ഒളിക്കപ്പെട്ട, ഒളിച്ച.

ഉപഗുരു-സഹായാദ്ധ്യാപകൻ.

ഉപഗുരു-ജ്ഞ. ഗുരുവിന്റെ അടുക്കൽ.

ഉപഗൂഢ-വി. ഒളിക്കപ്പെട്ട.

ഉപഗൂഹനം-ഗ്ര. ആലിംഗനം. ക്രിയ ചേർന്നു മറയ്ക്കുക എന്നർത്ഥം.

'സ്നുഗ്ധമന്ധരതരമുപഗൂഹനം ചെയ്കിലും'

(അദ്ധ്യാത്മരാമായണം)

വ. ഒളിക്കുക. ന. ചേക്കുക. ദ. ആശ്ചര്യം.

ഉപഗൃഹൻ പിടിച്ചുകെട്ടിക്കൊണ്ടുവന്നിടപ്പെട്ടവൻ

ഉപഗ്രഹം-ഗ്ര. പിടിച്ചുകെട്ടിക്കൊണ്ടുവന്നിടുക. വ. കൃപ. ന. ധൈര്യം. ദ. സഹായം. ത. തോൽവി ന്നു തടവ്.

[ഉപഗ്രഹം എന്നതിന്നു വന്ദിശാല, ചോരാദികളെ ആകർഷിക്കുക എന്നും മററുമുള്ള അർത്ഥങ്ങളും കാണുന്നു]

ഉപഗ്രാമം-ഗ്രാമത്തിനടുത്ത സ്ഥലം. അടുത്ത ഗ്രാമം.

ഉപഗ്രാഹ്യം-കാഴ്ചദ്രവ്യം [ഉപ=സമീപത്തിൽ. ഗ്രാഹ്യം=ഗ്രഹിക്കത്തക്കതു്] മററുപര്യായങ്ങൾ-ഉപഹാരം, ഉപദം, ഉപായനം.

ഉപഘ്നം-അടുത്ത ആശ്രയം. തനിക്കു നേരിടുന്ന സങ്കടങ്ങളെ ഹനിക്കുന്നതുകൊണ്ട് ഈ പേരുണ്ടായി.

'ഉപഘ്നവൃക്ഷസ്യപരാംക്ഷമോവാൽ'

(മേഘസന്ദേശ)

ഉപഘാത-വി. കൊലചെയ്ത.

ഉപഘാതിനി-ഗദ്ദം ഒഴിഞ്ഞവൾ.

ഉപചക്ഷുസ്സ്-മൂക്കിക്കണ്ണാടി.

ഉപചയം-ഗ്ര. ക്രമ്പാരം. വ. ഉയച്ച. ന. ന, ത, ഗ്ര, ഗ്ര ഈ രാശികളുടെ പേർ (ജ്യോതിഷം).

ഉപചരണം-ഗ്ര. ആചാരം, മര്യാദ. വ. നല്ലനടപ്പു്, തൊഴിൽ.

ഉപചരിക്കുക-ആചരിക്കുക, ബഹുമാനിക്കുക

ഉപചരിത-ഉപചരിക്കപ്പെട്ട, പൂജിക്കപ്പെട്ട, സല്ക്കരിക്കപ്പെട്ട. പര്യായങ്ങൾ-വരിവസിതം, വരിവസ്യതം, ഉപാസിതം

ഉപചർമ്മം-ചർമ്മത്തിനടുക്കൽ.

ഉപചര്യ-വി. ശുശ്രൂഷിക്കപ്പെടത്തക്ക.

ഉപചര്യാ-ചികിത്സ

ഉപചാര്യം-ചികിത്സ.

ഉപചാരം-ഗ്ര. ആചാരം, മര്യാദ. വ. നല്ലനടപ്പു്, തൊഴിൽ.

ഉപചാരിണി. മര്യാദയുള്ള.

ഉപചിതം-ഗ്ര. വൃദ്ധിയെ പ്രാപിച്ചതു്. വ. വൃദ്ധിയെ പ്രാപിപ്പിച്ചതു്. ഉപചയിക്കപ്പെട്ടതു് എന്നർത്ഥം. ന. കഷായം ചായില്യം മുതലായതുകൊണ്ടു ലേപനം ചെയ്യപ്പെട്ട വൃതം മുതലായതു്.

ഉപചിത-വി. ഗ്ര. വർദ്ധിക്കപ്പെട്ട. വ. പൂശപ്പെട്ട.

ഉപചിതി-ന. വൎദ്ധന. വ. ശേഖരിപ്പു.

ഉപചിത്ര-ന. ചലിച്ചേവി(യൻ) എന്ന ഔഷധം. നാനാരൂപത്തെ കൈക്കൊണ്ടു എന്നൎത്ഥം. വ. സ്വാതി. ന. അത്തം

ഉപചിത്രം-അൎദ്ധസമവൃത്തങ്ങളിൽ ഒന്നു 'സസസംലഗമൊററയിൽ, മററതിൽ ഭംഭഭഗംഗവുമിങ്ങുപചിത്രം'

(വൃത്തമഞ്ജരി)

ഉപചിത്രകാ-നാഗദന്തി.

ഉപജാത-വി. കൂടെ ജനിച്ച.

ഉപജാതി-ഒരു വൃത്തം.

[ഇന്ദ്രവജ്രയേയും ഉപേന്ദ്രവജ്രയേയും കൂട്ടിക്കലൎത്തി പ്രയോഗിക്കുന്ന വൃത്തത്തിനു ഉപജാതി എന്നു പേർ. ഇന്ദ്രവജ്രോപേന്ദ്രവജ്രകളെപ്പോലെ മററു ചില വൃത്തങ്ങളേയും കലൎത്താറുണ്ടു. അതിനും ഈ പേർതന്നെ.]

ഉപജാപം-ഭേദം എന്ന ഉപായം. സ്വകാൎയ്യമായി ഏഷണിപറഞ്ഞു സാധിക്കുന്നതു എന്നൎത്ഥം.

ഉപജാപക-ന. ഭേദോപായമുള്ള. വ. വിശ്വാസഘാതകമുള്ള ന. ദ്രോഹമുള്ള.

ഉപജല്പനം,ഉപജല്പിത-വൎത്തമാനം, സംസാരം.

ഉപജിഹ്വാ-ന. ചെറുനാക്കു, അണ്ണാക്കു വ. ഒരു പുഴ. ന. നാക്കിലുണ്ടാകുന്നഒരു രോഗം.

[നാക്കിൻെറ കീഴ്നാവിൻെറ അഗ്രം പോലെ വീങ്ങും. നീരൊലിക്കും ചൊറിയും ചുട്ടും കാണും. ഇവയത്രേ ലക്ഷണങ്ങൾ.]

ഉപജിഹ്വികാ-ന. ഒരു വക ഉറുമ്പ്. വ. ചെറുനാക്കു, അണ്ണാക്കു.

ഉപജീവനം, ഉപജീവികാ-ജിവസവൃത്തി.

ഉപജീവി-വേലക്കാരൻ, ഭൃത്യൻ.

ഉപജീവിക്കുക-ജിവവൃത്തികഴിക്കുക.

ഉപജീവിത-ജിവസവൃത്തി കഴിക്കപ്പെട്ട

ഉപജീവ്യൻ-രക്ഷിതാവു്, മേൽസ്ഥാനമുള്ളവൻ.

ഉപജീവ്യം-ഉപജീവനമാൎഗ്ഗം.

ഉപജുഷ്ട-വി. ന. പൂജിക്കപ്പെട്ട, സൽക്കരിക്കപ്പെട്ട. വ. അടുക്കൽ.

ഉപജോഷം-സന്തോഷവചനം [ഉപയോഷം എന്ന പാഠവും കാണുന്നു]

ഉപജോഷം-അ. ന. ഒരാളുടെ ഇഷ്ടം പോലെ. വ. മൌനമായിട്ടു്.

ഉപജ്ഞാ-ഉപദേശമില്ലാതെയുണ്ടായ അറിവു്. ആദ്യമായ അറിവു് എന്നൎത്ഥം.

[ശ്ലോകം എന്നൊരു സമ്പ്രദായം ഇല്ലാതിരുന്ന കാലത്തു് 'മാനിഷാദപ്രതിഷ്ഠാം ത്വം' ഇത്യാദിയായി ശ്ലോകം നിൎമ്മിക്കുന്നതിനു വാല്മീകിക്കു തന്നത്താനുണ്ടായ ജ്ഞാനം ഉപജ്ഞയാകുന്നു]

ഉപതടം-അ. വക്കിനടുക്കൽ, വിളുമ്പിനടുക്കൽ.

ഉപതപ്ത-ന. ദുഃഖമുള്ള വ. ചൂടുപിടിക്കപ്പെട്ട ന. പരവശപ്പെട്ട, വലഞ്ഞ.

ഉപതപ്ത-വി ചൂടുപിടിപ്പിക്കുന്ന.

ഉപതപ്താവു - രോഗബാധനാദികളെക്കൊണ്ടു സന്തപ്തനായവൻ. ഉപതപിക്കുന്നവൻ എന്നൎത്ഥം.

ഉപതാപ-ന വ്യാധി. ദുഃഖിപ്പിക്കുന്നതു് എന്നൎത്ഥം വ. ദുഃഖം. ന. ഉഷ്ണം. ൪. ഉഴറുക.

ഉപതാരക-വി. കവിഞ്ഞൊഴുകുന്ന

ഉപത്യകാ-പൎവ്വതത്തിൻെറ അടുത്തുള്ള ഭൂമി.

ഉപദശ-അ പത്തിനടുത്തു്.

ഉപദംശം-ന. കറി. വ കുറിഞ്ഞ. ന. കടി (കടിക്കുക) ൪. ലിംഗത്തിൽ ഉണ്ടാകുന്ന ഒരു രോഗം.

[ഇതു് അഞ്ചുവിധമുണ്ടു്. അധികമായ രതിക്രീഡയുംമററും കൊണ്ടുണ്ടാകുന്നു]

ഉപദർശകൻ-പു. വാതിൽകാക്കുന്നവൻ. വ. വഴികാണിക്കുന്നവൻ. ന. സാക്ഷി.

ഉപദാ-സ്ത്രീ. കാഴ്ചദ്രവ്യം. ഉപദാനം ചെയ്യപ്പെടുന്നതു് എന്നൎത്ഥം. വ. സമ്മാനം.

ഉപദാനകം-കാഴ്ചദ്രവ്യം. വ. സമ്മാനം.

ഉപദാനവി-ദുഷ്യന്തന്റെ മാതാവു്, വൃഷപൎവ്വാസുരന്റെ പുത്രി.

ഉപദിഷ്ട-വി. ഉപദേശിക്കപ്പെട്ട.

ഉപദീകാ-ഒരു മാതിരി ഉറുമ്പു്.

ഉപദേവത-ദേവയോനി.

ഉപദേശസഹസ്രി-ശങ്കരാചാൎയ്യരുടെ ഒരു പുസ്തകം.

ഉപദേശം-പു. ഗുരുശാസനം. വ. ഗുണദോഷം. ന. പഠിത്തം. ഠ. ഗ്രന്ഥങ്ങളെ രണ്ടുതരമായി വിഭാഗിച്ചതിൽ ഒന്നു്. മറ്റെന്നു വിനോദം.

[പ്രാചീനാചാൎയ്യന്മാർ ഒരു ഉപദേശഗ്രന്ഥവും അന്യാപദേശശതകം ഒരു വിനോദഗ്രന്ഥവും ആണത്രെ].

ഉപദേശവാക്കു്-ഗുണദോഷവാക്കു്.

ഉപദേശി-പു. പഠിപ്പിക്കുന്നവൻ. വ. ഗുരു. ന. ക്രിസ്തുമതസംബന്ധമായി പലേടങ്ങളിലും നടന്നു പ്രസംഗങ്ങൾ ചെയ്യുന്ന ഒരാൾ. [ഇവർ അനേകം പേരുണ്ടു്. അവരെ ഉപദേശികൾ എന്നു പൊതുവെ വിളിക്കുന്നു].

ഉപദേശിക്കുക-പു. ഗുണദോഷിക്കുക. വ. പഠിപ്പിക്കുക.

ഉപദേഷ്ടാവു്-ഗുരു, പട്ടക്കാരൻ, ഉപദേശി.

ഉപദോഹം-പു. പശുവിന്റെ മുലക്കണ്ണു. വ. പാൽകറക്കുന്ന പാത്രം.

ഉപദ്രവം-പീഡ, വേദന. വ. അസഹ്യത. ന. ദീനം. ഠ. ദുഃഖം. ഡ. ആപത്തു.

ഉപദ്രവി-പു. ഉപദ്രവിക്കുന്ന, പീഡിപ്പിക്കുന്ന.

ഉപദ്വീപം-മൂന്നുപുറവും വെള്ളംകൊണ്ടു ചുററപ്പെട്ട സ്ഥലം. [നാലുപുറവും വെള്ളംകൊണ്ടു ചുററപ്പെട്ടതു ദ്വീപം]

ഉപധൎമ്മം-പ്രത്യേകചട്ടം, നീതി.

ഉപധൎമ്മൻ-മതവിരോധി.

ഉപധാ-ധൎമ്മാദികളെക്കൊണ്ടുള്ള പരീക്ഷ. ശുദ്ധനോ അശുദ്ധനോ എന്നുള്ളതു് ഇതിൽ ഉപധാനം ചെയ്യപ്പെട്ടിരിക്കുന്നതിനാൽ ഈ പേരുണ്ടായി.

ഉപധാതുക്കൾ-പു. (ഉപധാതുക്കളായ) ഏഴു ലോഹങ്ങൾ.

'സപ്തോപധാതവഃസ്വൎണ്ണം
മാക്ഷികം താരമാക്ഷികം
തുത്ഥംകാംസ്യംചരാതിശ്ച
സിന്ദൂരം ച ശിലാജതു'

വ. ശരീരത്തിൽ നിന്നു സ്രവിക്കുന്ന ഏഴു സാധനങ്ങൾ.

'സ്തന്യംരജോവസാസ്വേദോ
ദന്താഃകേശാസ്തഥൈവച
ഓജസ്യം സപ്തധാതൂനാം
ക്രമാൽ സ്യാത്സപ്തോപധാതവഃ'

ഉപധാനം-പു. തലയിണ. ശിരസ്സു് ഇതിൽ വെയ്ക്കുന്നതുകൊണ്ടു് ഈ പേർ ഉണ്ടായി. വ. സ്നേഹം. ന. വിഷം.

ഉപധാനീയം-തലയിണ.

ഉപധാനീയ-സമീപത്തു വെയ്ക്കത്തക്ക.

ഉപധാഭൃതൻ-അയോഗ്യനെന്നു സംശയിക്കപ്പെട്ട ഒരു ഭൃത്യൻ.

ഉപധി-പു. വ്യാജം. സമീപവസ്തുവിനെ മറച്ചുവെയ്ക്കുന്നതു് എന്നൎത്ഥം. ഏതിനോടും അടുക്കുന്നുവോ അതിനോടുംബാധിക്കുന്നതു് എന്നു താല്പൎയ്യം. വ. ഭയം. ന. രഥത്തിന്റെ ചക്രം.

ഉപധ്വനി-മാറൊലി.

ഉപനഖം-നഖവിരലിലെ ഒരു ദീനം.

ഉപനഗരം-അടുത്ത ഗ്രാമം.

ഉപനത-വി. പു. വളഞ്ഞ, കനിഞ്ഞ. വ. നമസ്കരിച്ച, താണ.

ഉപനതി-പു. നമസ്കാരം. വ. വളവു്.

**ഉപനത**ം-സമീപത്തെ പ്രാപിച്ചതു്, ഉപനമിക്കപ്പെട്ടതു്.

**ഉപനയ(ന)**ം-൧. മേഖല കെട്ടുക, പൂണൂൽകല്യാണം.

[ബ്രാഹ്മണനു വസന്തത്തിലും, ക്ഷത്രിയനു ഗ്രീഷ്മത്തിലും, വൈശ്യനു ശരത്തിലും ഉപനയനംചെയ്യണമെന്നു് എന്നു ഭവിഷ്യൽപുരാണത്തിൽ കാണുന്നു. ആദ്യത്തെ ഈ മൂന്നു വൎണ്ണങ്ങളും ഈ പ്രധാനമായ കൎമ്മത്തിങ്കൽ ആചാൎയ്യന്റെ അടുക്കൽ വിദ്യാഭ്യാസം തുടങ്ങുന്നു. യജ്ഞോപവീതം ആദ്യമായി ധരിക്കുന്നതും ഈ സമയത്തുതന്നെ ആയിരുന്നു. ഇപ്പോഴത്തെ ഉപനയനവും പണ്ടത്തെ ഉപനയനവും തമ്മിൽ അജഗജാന്തരമുണ്ടെന്നും മററും പ്രാചീനാൎയ്യാവൎത്താ നതപദാൎത്ഥിനികകാലത്തിലെ ഗൃഹധൎമ്മങ്ങളിൽ പറയുന്നു. ഉപനയനത്തിനു ജന്മനാൾ വൎജ്ജിക്കണം]. (അടിതോൽ എന്നതുനോക്കുക) ൨. തിരുമാടമ്പു്. ൩. സമീപത്തു വരുത്തുക.

**ഉപനയ**ം-൧. പൂണൂൽകല്യാണം. ൨. സമീപത്തു വരുത്തുക. ൩. പഞ്ചാവയവവാക്യത്തിൽ ഒന്നു്. (ന്യായശാസ്ത്രം).

**ഉപനയിക്കുക**-൧. പൂണൂൽകല്യാണം കഴിക്കുക. ൨. സമീപത്തു വരുത്തുക.

**ഉപനദ്ധ**ം-൧. വല്ലതും കെട്ടിവെച്ചിട്ടുള്ള തുണി. ൨. ഒന്നിച്ചു കെട്ടുക.

**ഉപനാഹ**ം-൧. വീണയുടെ കമ്പി കെട്ടിമുറുക്കുന്നതു്. ബന്ധനസ്ഥാനം എന്നൎത്ഥം. ൨. പുഷ്കസ്ഥിരി. ൩. ഒരു ദീനം.

**ഉപനിധാ, ഉപനിധാന**-൧. അടുക്കൽവെയ്ക്കുക. ൨. ഒരാളെ സൂക്ഷിപ്പാൻ ചുമതലപ്പെടുത്തുക.

**ഉപനിധി**-൧. നിക്ഷേപം. ൨. സൂക്ഷിപ്പാൻ കൊടുത്തതു്. ഉപനിധാനം ചെയ്യപ്പെട്ടതു് എന്നൎത്ഥം.

**ഉപനിയന്ത്രണ**ം-൧. ക്ഷണിക്കുക. ൨. പ്രതിഷ്ഠ. ൩. പട്ടാഭിഷേകം.

**ഉപനിഷത്തു്**-൧ ധൎമ്മം. ൨. വിജനസ്ഥലം. ശ്രേയോമാൎഗ്ഗം സ്ഥിതിചെയ്യുന്നതു് എന്നൎത്ഥം. ൩. ദൈവവചനം, ശ്രീത ൪. സുകൃതം. ൫. രഹസ്യം.

[ഉപനിഷത്തുകൾ വ്യാഖ്യാനരീതിയിലുള്ള ഗ്രന്ഥങ്ങളാണു്. ആറു ദൎശനങ്ങളും (പ്രത്യേകം വേദാന്തവും) ഇവയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വേദങ്ങളുടെ ഗൂഢാൎത്ഥം ഇവയിൽനിന്നു ഗ്രഹിക്കാം. ഉപനിഷത്തുകൾ ജ്ഞാനമാൎഗ്ഗപ്രദൎശകങ്ങളാണു്. മുക്തികോപനിഷത്തനുസരിച്ചു് ഉപനിഷത്തുകൾ ൧൦൮. ഇവയിൽ പ്രധാനമായവയെ താഴെ പറയുന്നു.

'ഈശകേനകഠപ്രശ്ന
മുണ്ഡമാണ്ഡൂക്യതിത്തിരാഃ
ഐതരേയം ച ഛാന്ദോഗ്യം
ബൃഹദാരണ്യകം തഥാ'

ഉപനിഷത്തുമഹാകാവ്യകാലത്തെസാഹിത്യാംഗങ്ങളിൽ ഒന്നാകുന്നു. ഉപനിഷത്തുകൾ രചിച്ചതു കലി ൨൦൦൧-നും ൨൨൦൧-നും മദ്ധ്യേ ആണെന്നു കാണുന്നു.]

**ഉപനിഷ്കര**ം-രാജധാനിയുടെ സമീപത്തുള്ള വിശാലമായ രാജമാൎഗ്ഗം. സൈന്യങ്ങളാൽ അടുത്തു പരിചയിക്കപ്പെട്ടു ഗമിക്കപ്പെടുന്നതുകൊണ്ടു് ഈ പേരുണ്ടായി. ൨. വീഥി രാജധാനിയിലേയ്ക്കു പോകുന്ന വഴി.

**ഉപനിഷ്ക്രമണ**ം- ൧. വെളിയിൽ പോവുക. ൨. പ്രധാനവീഥി, തെരുവു്. ൩. പ്രസവിച്ചാൽ ആ കുഞ്ഞിനെ ആദ്യമായി വെളിയിൽ കൊണ്ടുവരിക, ഇതു നാലാമത്തെ മാസത്തിൽ നടത്തുന്നതായും അഭിപ്രായമുണ്ടു്. സാധാരണമായി ഇപ്പോൾ കണ്ടുവരുന്നതു നാല്പതിനൊന്നിനാണു്.

ഉപനീത-അടുക്കൽ കൊണ്ടുവരപ്പെട്ട.

ഉപനീതൻ-പൂണൂൽകല്യാണം കഴിക്കപ്പെട്ടവൻ.

ഉപനീതി-പൂണൂൽകല്യാണം.

ഉപനുത-വി. സ്തുതിക്കപ്പെട്ട.

ഉപനൃത്യാ-ആട്ടപ്പന്തൽ.

ഉപനേതാവ്-പൂണൂൽകല്യാണം കഴിപ്പിക്കുന്നവൻ [സ്ത്രീ-ഉപനേത്രി].

ഉപനേയം-കൊണ്ടുവരപ്പെടേണ്ടതു്.

'കുങ്കുമാദികളുദ്ഗളമാഭരണ-
മിങ്ങു സർവ്വമുപനേയം'
(നളചരിതം കഥകളി)

ഉപന്യസ്ത-വി. ൧. പ്രസംഗിക്കപ്പെട്ട. ൨. പണയംവെയ്ക്കപ്പെട്ട, വെയ്ക്കപ്പെട്ട. ൩. കൊടുക്കപ്പെട്ട. ൪. ഉദാഹരണമായി പറഞ്ഞുതുടങ്ങപ്പെട്ട.

ഉപന്യാസം-൧. വചനാരംഭം, പ്രസംഗം. മറെറാരുപര്യായം-വാങ്മുഖം ൨. പണയം.

ഉപന്യസിക്കുക-ഒരു വിഷയത്തെപ്പററി യുക്തിയുക്തമായി പ്രതിപാദിക്കുക.

ഉപപക്ഷം-തോൾ [വേദത്തിൽ പ്രയോഗം.]

ഉപപതി-രഹസ്യക്കാരൻ, ഒളിശയനക്കാരൻ. പതിയോടു സദൃശപ്പെട്ടത്തിയവൻ. അല്ലെങ്കിൽ പതിയെ ആട്ടിപ്പായിക്കുന്നവൻ എന്നർത്ഥം. മറെറാരുപര്യായം-ജാരൻ.

ഉപപത്തനം-അയൽപക്കം, അടുത്ത നഗരം.

ഉപപത്തി-൧. യുക്തം, ൨. കാരണം. ൩. സിദ്ധി. ൪. ഊണ. ൫. അറിവ്.

ഉപപത്നി-വെപ്പാട്ടി, വിവാഹം ചെയ്യാതെ എടുത്ത ഭാര്യ.

ഉപപഥം-മാർഗ്ഗത്തിന്റെ സമീപം.

ഉപപദം-ചെറിയ പദം, സമാസപദം.

ഉപപന്നം-വി. ൧. യോജിപ്പുള്ള, യോഗ്യമായതു്.

'കഷ്ടമിക്കോപ്പുപപന്നമല്ലോട്ടമേ'
(അദ്ധ്യാത്മരാമായണം)

൨. പ്രാപിക്കപ്പെട്ടതു്.

ഉപപാതകം-താഴ്ന്നതരം പാപം.

'മഹാപാതകതുല്യാനി
പാപാന്യുക്താനിയാനിതു
താനിപാതകസംജ്ഞാനി
തന്ന്യൂനമുപപാതകം'

ഉപപാതം-ഭാഗ്യക്കേടു്, ആപത്തു്.

ഉപപാദനം-൧. യുക്തികാണിച്ചു ഒരു അഭിപ്രായം സ്ഥാപിക്കുക, തെളിയിക്കുക. ൨. സാധിക്കുക. ൩. കൊടുക്കുക.

ഉപപാദുക-വി. ചെരുപ്പുള്ള.

ഉപപാദുകൻ-പരബ്രഹ്മം, ദൈവം.

ഉപപാപം-താഴ്ന്നതരം പാപം.

ഉപപാർശ്വങ്ങൾ-ഇരുവശങ്ങൾ.

ഉപപുരം-അയൽപക്കം, അടുത്തനഗരം.

ഉപപുരാണം-താഴ്ന്നതരം പുരാണം [അഷ്ടാദശോപപുരാണം നോക്കുക].

ഉപപുഷ്പികാ-കോട്ടുവാ.

ഉപപ്രദർശനം-കാണിക്കുക, കാണിപ്പ്.

ഉപപ്രദാനം-൧. വിശ്വസിച്ചേല്പിക്കുക. ൨. കൈക്കൂലി. ൩. സമ്മാനം.

ഉപപ്രലോഭനം-൧. ആഗ്രഹിപ്പിക്കുക. ൨. വശീകരിപ്പിക്കുക. ൩. കൈക്കൂലി.

ഉപപ്രേക്ഷണം-അനാഗ്രഹ, ഉദാസീനമായ വിചാരം.

ഉപപ്രൈഷം-൧. ക്ഷണം, വിളി. ൨. സങ്കല്പന.

ഉപപ്ലവം-൧. കഷ്ടത, നാശം. ൨. രാഹു. ൩. ഗ്രഹണം.

ഉപപ്ലാവ്യം-ഒരു നഗരം [പാണ്ഡവന്മാർ അജ്ഞാതവാസം കഴിഞ്ഞു് ഈ നഗരത്തിലാണ് വസിച്ചതു്].

ഉപപ്ലുത-വി. ൧. പീഡിപ്പിക്കപ്പെട്ട. രാഹുവിനാൽ പീഡിപ്പിക്കപ്പെട്ട. ൨.

ബുദ്ധിമുട്ടിപ്പിക്കപ്പെട്ട, ചഞ്ചലപ്പെടുത്തപ്പെട്ട.

ഉപബർഹം, ഉപബർഹണം-തലയിണ. ഇതിൽനിന്ന ശിരസ്സുവെക്കുന്ന എന്നർത്ഥം. മറെറാരുപര്യായം-ഉപധാനം.

ഉപബൃംഹണം-വർദ്ധനം.

ഉപഭുക്തശിഷ്ടം-ഉച്ഛിഷ്ടം.

ഉപഭൂഷണം-താണതരം ആഭരണം.

ഉപഭൃത്ത് - അരയാലുകൊണ്ടുണ്ടാക്കിയ സ്രുക്കിന്റെ പേർ. യാഗത്തിനുപയോഗമുള്ള ഒരു പാത്രം, ഹോമാർത്ഥമായി ഭവിക്കപ്പെടുന്നതു് എന്നർത്ഥം.

ഉപഭോഗം-അനുഭവിക്കുക. ഉപഭുജിക്കുക എന്നർത്ഥം. മറെറാരുപര്യായം-'നിർവേശം'

ഉപമ-വി. തുല്യമായ.

ഉപമന്ത്രണം-ക്രി. വിളി, ക്ഷണം. വ. പറഞ്ഞുരസിപ്പിക്ക. ന. ബോധിപ്പിക്ക

ഉപമന്യു-ധൌമ്യമഹർഷിയുടെ ഒരു ശിഷ്യൻ.

ഉപമാ-തുല്യത; സാദൃശ്യം.

[നിഭം, സങ്കാശം, നീകാശം, പ്രതീകാശം, ഉപമം ഈ ശബ്ദങ്ങൾ സമാസത്തിന്റെ ശേഷമല്ലാതെ പ്രയോഗിക്കപ്പെടുന്നതല്ല].

ഒരലങ്കാരം. [ഒരു വസ്തുവിനെ മറെറാന്നിനോടു ചമൽക്കാരകാരകമായ സാദൃശ്യം ചെല്ലുന്നതു് ഉപമാലങ്കാരം].

ഉപമർദ്ദം-ക്രി. തകർക്കൽ. വ. ഞെക്കു്. ന. ഞെരുക്കുക, ഞെരിക്കുക. ര. കൊല്ലുക, നശിപ്പിക്കുക. ല. വേദനയുണ്ടാക്കുക.

ഉപമാതാവു്-വളർത്തമ്മ.

'മാതൃഷ്വസാ മാതുലാനീ
പിതൃവ്യസ്ത്രീ പിതൃഷ്വസാ
ശ്വശ്രൂഃ പൂർവ്വജപത്നീ ച
മാതൃതുല്യാഃ പ്രകീർത്തിതാഃ'

ഉപമാതി-ക്രി. സാദൃശ്യം. വ. കൊല.

ഉപമാദഃ-സന്തോഷം, വ. സ്വമനോഭാവം.

ഉപമാനപദാർത്ഥങ്ങൾ-മനോഹര പദാർത്ഥങ്ങൾ. ചന്ദ്രൻ, താമര തുടങ്ങിയുള്ളവ.

ഉപമാനം-ക്രി. സദൃശപദാർത്ഥം. വ. (അലങ്കാരശാസ്ത്രപ്രകാരം) ഉപമചെയ്യുന്നതിൽ നാലെണ്ണങ്ങൾ ആവശ്യമുണ്ടു്. അവയിൽ ഒന്നു്.

[ഏതിനെ മറെറാന്നിനോടു് ഉപമിക്കുന്നുവോ അതു് ഉപമേയം. ഉപമേയം ഏതിനോടു തുല്യമെന്നു പറയപ്പെടുന്നുവോ അതു് 'ഉപമാനം'.]

ഉപമാരണം-വെള്ളത്തിൽ മുക്കിക്കൊല്ലുക. [വേദത്തിൽ പ്രയോഗം.]

ഉപമാലിനി-ഒരു വൃത്തം. അതിശക്വരീഛന്ദസ്സിൽപ്പെട്ടതു്. പാദമൊന്നിൽ അക്ഷരം പതിനഞ്ചുവീതം.

'നനതഭരമതെട്ടാൽമുറിഞ്ഞുപമാലിനി'

(വൃത്തമഞ്ജരി)

ഉപമാവാചകം-(അലങ്കാരത്തിൽ)സാദൃശ്യത്തെ കുറിക്കുന്നശബ്ദം.

ഉപമാസ്യം-മാസന്തോറും നടത്തുന്ന ശ്രാദ്ധം.

ഉപമിക്കുക-തുല്യമാക്കിപ്പറയുക.

ഉപമിത-വി. ഉപമിക്കപ്പെട്ട.

ഉപമിതി-തുല്യത.

ഉപമേതം-ഷപതമരം.

ഉപമേയ-വി. ഉപമിക്കത്തക്ക.

ഉപമേയം-ഏതിനെ മറെറാന്നിനോടു ഉപമിക്കുന്നുവോ അതു്. [ഉപമാനം എന്നതു നോക്കുക.]

ഉപമേയോപമ-ഒരു അലങ്കാരം.

[ഉപമേയത്തെ ഉപമാനത്തോടു ഉപമിച്ചതിന്റെശേഷം മറിച്ചു ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്നതു്.]

ഉപയന്താവു്-ഭർത്താവു്.

ഉപയമം, ഉപയാമം-ക്രി വിവാഹം. അനാവശ്യത്തിൽ ഉപയോഗപ്പെടാതെ അട

ങ്ങി ഒതുങ്ങിയുള്ള നില എന്നർത്ഥം. വ. അടക്കം.

ഉപയാചനം-ഇരക്കുക.

ഉപയാത-വി. പ്ര. ഉപയാനംചെയ്യപ്പെട്ട. വ. കൂടെ പോയ. ന. സമീപത്തുവന്ന, തിരിയെവന്ന.

ഉപയാനം-പ്ര. കൂടെ പോവുക. വ. സമീപത്തു വരിക.

ഉപയാമം-പ്ര. വിവാഹം. വ. യാഗത്തിലുള്ള ഒരു പാത്രം.

ഉപയായി-വി. വരുന്ന.

ഉപയുക്ത-വി. കൊള്ളാവുന്ന, യോഗ്യമായ.

ഉപയുക്തം-പ്ര. അവകാശം. വ. ഉപയോഗമുള്ളത്. ന. ശരിയായുള്ളത്.

ഉപയുക്തി-യോഗ്യത, ഉപയോഗം, ഉചിതം.

ഉപയോഗം-പ്ര. പ്രയോജനം. വ. ഉപകാരം, ഉചിതം. ന. ചികിത്സ.

ഉപയോഗിത, ഉപയോഗിത്വം-പ്ര. യോഗ്യത. വ. പ്രയോജനം. ന. ആവശ്യം.

ഉപയോജനം-കുതിരക്കു കോപ്പിടുക.

ഉപയോജ്യ-വി. പ്ര. യോഗ്യമായ, കൊള്ളാവുന്ന. വ. പ്രയോജനമുള്ള.

ഉപയോഷം-ആനന്ദാത്മകം. [ഉപജോഷം നോക്കുക.]

ഉപരക്ത-വി. പ്ര. വ്യസനപ്പെട്ട. വ. നിറപ്പകർച്ചയുണ്ടായ.

ഉപരക്തൻ-പ്ര. ദൈവികമായും മാനുഷികമായുമുള്ള പീഡകളെക്കൊണ്ടു വ്യാകുലനായവൻ. വ്യസനം ഹേതുവായിട്ടു മുഖഭാവം മാറിയവൻ എന്നർത്ഥം. മറ്റൊരുപര്യായം-വ്യസനാർത്തൻ. വ. രാഹുവിനാൽ വിഴുങ്ങപ്പെട്ട സൂര്യൻ അല്ലെങ്കിൽ ചന്ദ്രൻ. ന. രാഹു.

ഉപരക്ഷണം-പ്ര. കാവൽസ്ഥലം. വ. പടക്കുടിക്കു പുറമേ സേനയുടെ രക്ഷക്കായുണ്ടാക്കുന്ന വേലി മുതലായത്, സൈന്യരക്ഷാർത്ഥം നിറുത്തിയ കാവൽ സൈന്യം. ന. അണിനിരത്തുക.

ഉപരതൻ-രാജ്യഭരണം നിറുത്തി ശമത്തെ പ്രാപിച്ചവൻ.

ഉപരതം-ഉപേക്ഷിക്കപ്പെട്ടത്, പൊയ്പ്പോയത്, നിറുത്തിയത്.

ഉപരതി-പ്ര. വലുതായ സന്തോഷം. വ. നിറുത്ത്, നിറുത്തൽ.

ഉപരത്നങ്ങൾ-താണതരം രത്നങ്ങൾ.

'ഉപരത്നാനികാചശ്ച
കർപ്പൂരാശ്മാതഥൈവച
മുക്താശുക്തിസ്തഥാശംഖ
ഇത്യാദീനിബഹൂന്യപി
ഗുണായഥൈവരത്നാനാ
മുപരത്നേഷുതേതഥാ
കിന്തുകിഞ്ചിത്തതോഹീനാ
വിശേഷോയമുദാഹൃതഃ'

ഉപരമം-നിറുത്തുക, അവസാനിപ്പിക്കുക.

ഉപരാഗം-പ്ര. സൂര്യചന്ദ്രന്മാരുടെ ഗ്രഹണം. സൂര്യനും ചന്ദ്രനും ഇതിനാൽ ഉപരഞ്ജിക്കപ്പെടുന്നു (ചുവക്കപ്പെടുന്നു) എന്നർത്ഥം. മറ്റൊരുപര്യായം 'ഗ്രഹം'. വ. ചെമപ്പുനിറം. ന. ആപത്തു, വേദന.

ഉപരാജാവ്-രാജാവിനു പകരം രാജാധികാരത്തോടെ വാഴുന്നവൻ, രാജാവിനു രണ്ടാമൻ.

ഉപരാമം-ഒന്നിൽ നിവർത്തിക്കുക, അടങ്ങുക.

ഉപരി പ്ര. മേൽഭാഗത്ത്, ഉയരെ. വ. വലിയത്.

ഉപരിചരൻ-ഒരു വസു.

'ഉപരിഭാഗത്തിങ്കൽചരിക്കുന്നമൂലം
ഉപരിചരനെന്നനാമവുമുണ്ടായ്വന്നു'
(ഭാരതം)

[ഈയാൾ വളരെ തപസ്സുചെയ്തു ഇന്ദ്രനോടുകൂടി അൎഹിക്കാമെന്ന നിലയിലായപ്പോൾ ചേദിരാജ്യാധിപതിയായിരിപ്പാൻ ദേവന്മാർ ആവശ്യപ്പെട്ടു. അപ്രകാരം ചെയ്യാനായി ദേവേന്ദ്രൻ വിശേഷപ്പെട്ട വിമാനം മുതലായവ കൊടുത്തു. മത്സ്യൻ എന്നൊരു പുത്രനും സത്യവതി എന്നൊരു പുത്രിയും ഉണ്ടായിരുന്നു. മത്സ്യന്റെ അമ്മ, ഒരു ശാപം ഹേതുവായിട്ടു ഭൂമിയിൽ മത്സ്യമായി ജീവിച്ചിരുന്ന അദ്രിക എന്ന അപ്സരസ്ത്രീയാകുന്നു. സത്യവതി വ്യാസന്റെ അമ്മയാണത്രെ.]

**ഉപരിപ്ലവബുദ്ധി**– മീതെ കാണുന്നതിനെമാത്രം നോക്കുന്ന ബുദ്ധി.

**ഉപരിശയനം**–സുഖമെട്ടപ്പാനുള്ള സ്ഥലം

**ഉപരുദ്ധ**–വി. ഉപരോധിക്കപ്പെട്ട, തടയപ്പെട്ട, വളയപ്പെട്ട.

**ഉപരൂപകം**–താണതരം രൂപകം. ഇതു പതിനെട്ടുവിധമുണ്ട്.

'നാടികാത്രോടകംഗോഷ്ഠി
സട്ടകംനാട്യരാസകം
പ്രസ്ഥാനോല്ലാപ്യകാവ്യാനി
പ്രേംഖണംരാസകംതഥാ
സംലാപകംശ്രീഗദിതാ
ശില്പകംചവിലാസികം
ദുർമ്മല്ലികാപ്രകരണീഹല്ലീ
ശോഭാണികേതിച'

**ഉപരേഖം**–അ. വരകളുടെ സമീപം.

**ഉപരോധകം**– രഹസ്യമുറി, സ്വകാര്യമുറി.

**ഉപരോധം**–പ്ര. തടസ്സം, തടങ്ങൽ. വ. കോട്ടയെ വളയുക, വളയുക.

**ഉപരോധിക്കുക**–തടുക്കുക.

**ഉപര്യധോഭാഗങ്ങൾ**–ഉപരി (മേൽ) ഭാഗവും, അധോ (കീഴ്) ഭാഗവും.

**ഉപര്യുപരി**–മേല്ക്കുമേൽ.

**ഉപലക്ഷക**–വി. പ്ര. അടയാളമിടുന്ന. വ. കാണുന്ന.

**ഉപലക്ഷണം**–പ്ര. സംക്ഷേപണം. വ. കുറിപ്പ്. ന. കാഴ്ച. ര്. അടയാളം.

**ഉപലക്ഷിതൻ**–വി. പ്ര. കൂടിയ. വ. കാണപ്പെട്ട. ന. അടയാളമിട്ട. ര്. മനസ്സിലാക്കപ്പെട്ട.

**ഉപലക്ഷ്യം**–പ്ര. താങ്ങ്, ആധാരം. വ. രക്ഷാസ്ഥലം. ന. കാണത്തക്കത്.

**ഉപലബ്ധ**–വി. പ്ര. ലഭിക്കപ്പെട്ട. വ. അറിയപ്പെട്ട.

**ഉപലബ്ധാർത്ഥ**– ഏതെങ്കിലും ഉപായം കൊണ്ടറിഞ്ഞ വാസ്തവകഥയോടുകൂടിയത്.

[ഇതു കവികല്പിതമാത്രമല്ലാത്തതും വാസ്തവത്തിൽ മുമ്പു നടന്നതുമായ കഥയെ പ്രതിപാദിക്കുന്ന 'വാസവദത്ത, ഹർഷചരിതം' മുതലായതിന്റെ പേരാകുന്നു]

**ഉപലബ്ധി**–പ്ര. ബുദ്ധി. വ. ജ്ഞാനം, ഉണർവ്. ന. ലാഭം. പദാർത്ഥങ്ങളെ (ഉപലഭിക്കപ്പെടുന്നതു) വഴിപോലെ അറിയുന്നതു്, വിചാരിച്ചു പരമാർത്ഥം അറിയുന്നതു് എന്നു ശബ്ദാർത്ഥം.

**ഉപലകം**–കല്ല്.

**ഉപലഭ്യം**–ലഭിക്കപ്പെടുവാൻ യോഗ്യം.

**ഉപലം**–പ്ര. കല്ല് (പാറ). കോപത്തോടെ പുറകെ ചെല്ലുന്നതു്, അന്യവസ്തുക്കളെ പിളർക്കുന്നതു് എന്നിങ്ങിനെ അർത്ഥം.

[ഓഃ=ശംഭോ. പലഃ=രോധകഃ. ഉപലഃ= ശിവലിംഗാദിശിലാവിശേഷങ്ങൾ ദൈവത്സ്ഫൂർത്തിയേയും ദൈവസാന്നിദ്ധ്യത്തെയും ചെയ്യുക ഹേതുവായിട്ടു ഈ അർത്ഥം വന്നു.]

വ. രത്നം. ന. കല്ലുപ്പ്. ര്. ചരൽ. ഠ. കർപ്പൂരഭേദം.

**ഉപലംഭം**–ബോധം, ഇന്ദ്രിയങ്ങളുടെ സാമീപ്യത്തിൽ ഉണ്ടാകുന്ന ജ്ഞാനം.

ഉപലബ്ധിക്കുക എന്നു ശബ്ദാർത്ഥം. ഇതിനെ പ്രത്യക്ഷമെന്നും സാക്ഷാൽകാരം എന്നും പറയുന്നുണ്ട്.

ഉപലംഭക-വി. ഓർമ്മിക്കുന്ന.

ഉപലാ-മ. കല്ലുണ്ണും വ, പഞ്ചസാര. കൂടെ ആദാനംചെയ്യപ്പെടുന്നതു് എന്നർത്ഥം. ന കല്ലു്.

ഉപലാളനം-വാത്സല്യം കാണിപ്പു്.

ഉപലാളിക-മ. ദാഹം. വ. ആശ.

ഉപലാളിത-വി. ഉപലാളിക്കപ്പെട്ട.

ഉപലിപ്സാ-ആഗ്രഹം.

ഉപലിംഗം-ദുശ്ശകുനം.

ഉപലീഢ-വി. നക്കപ്പെട്ട.

ഉപലുപ്ത-വി മ. നശിപ്പിക്കപ്പെട്ട. വ. കുറയ്ക്കപ്പെട്ട.

ഉപലേപനം-മ. പൂശുക. വ. തൈലം ന. കുഴമ്പു്.

ഉപവനം-പൂങ്കാവു്. നട്ടുനനച്ചുണ്ടാക്കിയ തോപ്പു്. സമീപത്തിലുള്ള വനം എന്നർത്ഥം. മറെറാരുപര്യായം-'ആരാമം' [സ്വാതന്ത്ര്യമുണ്ടായ അകൃത്രിമവനത്തിനു ഈ പേർ പറഞ്ഞുകൂട].

ഉപവർത്തനം-മ. ദേശം, ഇതിൽ ജനങ്ങൾ സ്ഥിതിചെയ്യുന്നു എന്നർത്ഥം. മറ്റു പര്യായങ്ങൾ-ദേശം, വിഷയം.

[ദേശമെന്നതു ജനപദസമൂഹമാകുന്നു എന്നു ചിലരും ഗ്രാമസമൂഹവാചകമാണെന്നു മറ്റു ചിലരും സ്ഥാനമാത്രമാകുന്നു എന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു].

വ. രാജ്യം, രാജ്യത്തിന്റെ ഒരംശം, കര ന. ശരീരാഭ്യാസംചെയ്യാനുള്ള സ്ഥലം ര. ഇറെറൻനില.

ഉപവർത്തിക്ക-പ്രാപിക്ക.

ഉപവർഷൻ-ശങ്കരസ്വാമിയുടെ പുത്രൻ.

ഉപവർഹം-തലയിണ [ഉപബർഹം എന്ന ശബ്ദം അധികം നടപ്പു്].

ഉപവാദനം-പാടുന്നതിനു ആരംഭിക്കുന്നതിനു മുമ്പു മൂളുന്ന ഒരു സ്വരം.

ഉപവസഥം-ഗ്രാമം.

ഉപവസിക്കുക-മ. ഭക്ഷിക്കാതിരിക്ക. വ. വ്രതമിരിക്കുക (നോൻപുനോക്കുക).

ഉപവസ്തം-ഉപവാസം, വ്രതം, (നോൻപു്).

ഉപവസ്താവു്-ഉപവസിക്കുന്നവൻ.

ഉപവസ്തി-ജീവനെ രക്ഷിക്കുന്നതു്.[ആഹാരം, നിദ്ര മുതലായതു്].

ഉപവസ്ത്രം-ഉത്തരീയം.

ഉപവാകം-മ. വത്മാനം വ. സ്തുതി. ന. കടകപ്പാലയരി.

ഉപവാജനം-വിശറി.

ഉപവാദം-കുററപ്പെടുത്തൽ.

ഉപവാസനം-ഉടുപ്പു, വസ്ത്രം [വേദത്തിൽ പ്രയോഗം].

ഉപവാസം-ഭക്ഷിക്കാതിരിക്കുക, നോൻപു്. ഉപവസിക്കുകഎന്നർത്ഥം. മറെറാരുപര്യായം-'ഉപവസ്തം' (ഔപവസ്തം).

ഉപവാസകം-ഉപവാസം.

ഉപവാസി-ഭക്ഷിക്കാതെയിരിക്കുന്ന.

ഉപവാഹനം-സമീപത്തുകൊണ്ടുവരുക, വഹിക്കുക.

ഉപവാഹ്യം, ഉപവാഹ്യ-രാജാവിന്റെ ആന, രാജാവിന്റെ വാഹനം.

ഉപവി-മ. സ്നേഹം. വ. ലാഭം. ന. അനുഗ്രഹം.

ഉപവിഷ-അതിവിടയം. വിഷത്തിനു സദൃശമായതു്, സ്വന്തകാര്യത്തെ അതിവേഗത്തിൽ പ്രവർത്തിക്കുന്നതു് എന്നർത്ഥം.

ഉപവിഷങ്ങൾ-കാരണതരം കൃത്രിമമായ വിഷങ്ങൾ.

'അർക്കക്ഷീരം സ്നുഹിക്ഷീരം
ലാംഗലീകലിഹാരികാ
ധത്തൂരകരവീരശ്ച
പഞ്ചചോപവിഷാസ്മൃതാഃ'

ഉപവിഷ്ട-വി. ഉപവേശിച്ച, ഇരുന്ന.

ഉപവീതം-വലത്തിടുന്ന പൂണുൽ, ഇടത്തെച്ചുമലിൽ ക്ഷേപിക്കപ്പെടുന്നതു് എന്നർത്ഥം. മറെറാരു പര്യായം-'യജ്ഞസൂത്രം.'

[വലത്തിട്ടുകഎന്നാൽ വലത്തെക്കൈ പൊങ്ങിച്ചു ഇടത്തെച്ചുമലിൽ തട്ടിച്ചിടുന്നതു എന്നർത്ഥം].

ഉപവീതി-പൂണുൽ ധരിക്കുക.

ഉപവേദം-ആയുർവേദം (വൈദ്യം), ആയുധശാസ്ത്രം, സംഗീതം, ശില്പശാസ്ത്രം ഇവ നാലും.

[ഇവ വേദത്തോടു ചേർന്ന ശാസ്ത്രങ്ങളാകുന്നു. ഋഗ്വേദത്തിന് ആയുർവേദം (വൈദ്യം). യജുർവേദത്തിന്ന ധനുർവേദം (ആയുധശാസ്ത്രം). സാമവേദത്തിന്ന ഗാന്ധർവവേദം (സംഗീതം). അഥർവവേദത്തിന്ന സ്ഥാപത്യവേദം (ശില്പശാസ്ത്രം). ആയുർവേദം അഥർവവേദത്തിന്റെ ഉപവേദം എന്നു അഭിപ്രായക്കാരുണ്ട്.]

ഉപവേശം, ഉപവേശനം-ഇരിപ്പ്.

ഉപവേശിക്കുക-ഇരിക്കുക.

ഉപവേഷ്ടനം-ഇടക്കെട്ടു.

ഉപവേഷ്ടിത-വി ഇടക്കെട്ടുകെട്ടപ്പെട്ട.

ഉപവൈണവം-ത്രിസന്ധ്യം. [പ്രാതം മദ്ധ്യാഹ്നം, സായാഹ്നം]

ഉപശമനം-അടക്കം.

ഉപശമം-അടക്കം, ക്ഷമ, ശാന്തത.

ഉപശമിക്കുക-അടങ്ങുക.

ഉപശമിപ്പിക്കുക-അടക്കുക.

ഉപശയം-പ്ര സമീപത്തുകിടക്കുക. വ. നല്ലസുഖം, സന്തോഷം.

ഉപശല്യം - ഗ്രാമസമീപദേശം. [ശല്യത്തെ ഉപശമം. അതു ഗ്രാമവാസികൾ ഇവിടെ വന്നും പോയും ഇരിക്കുന്നതത്രെ ശല്യം] മറെറാരുപര്യായം-'ഗ്രാമാന്തം'

ഉപശാഖ ചെറിയകൊമ്പു്, കൊമ്പിലെ കൊമ്പു്.

ഉപശാന്തി പ്ര അടക്കം. വ. കഴിവു. ന. മോചനം. ൾ പഴക്കമുള്ള ആന.

ഉപശായം-ക്രമത്താലുള്ള ഉറക്കം. [കാവൽക്കാർ മണിക്കൂർ ക്ലിപ്തമാക്കി കാക്കുകയും ഒരുവന്റെ സമയം കഴിഞ്ഞാൽ മറെറാരുവനെ എഴുന്നേല്പിച്ചു താനുറങ്ങുകയും ചെയ്യുന്നതു പതിവാണല്ലൊ] മറെറാരു പര്യായം-വിശായം.

ഉപശാലം-പ്ര. ശാലക്കു സമീപം. വ. വീട്ടിനടുത്തുള്ള സ്ഥലം. ന. ക്രമത്തിലുള്ള നിദ്ര.

ഉപശിംഘ(ഹ)നം-മണപ്പിക്കുക.

ഉപശിക്ഷ, ഉപശിക്ഷണം-പഠിത്തം, അഭ്യാസം.

ഉപശിഷ്യൻ-ശിഷ്യന്റെ ശിഷ്യൻ.

ഉപശോഭിത-വി. പ്രകാശിക്കപ്പെട്ട, പ്രകാശിച്ച.

ഉപശോഭ, ഉപശോഭനം-അലങ്കരിപ്പ്.

ഉപശ്രവിക്ക-അംഗീകരിക്ക.

ഉപശ്രി അടപ്പ, മൂടി.

ഉപശ്രുത-വി. പ്ര. വാഗ്ദത്തംചെയ്ത. വ. അംഗീകരിക്കപ്പെട്ട ന. കേൾക്കപ്പെട്ട.

ഉപശ്രുതി-പ്ര. മാറെറാലി. വ. വരുംഫലം പറക, വരുംഫലത്തെപ്പററി രാത്രിയിൽ കേൾക്കുന്ന ഒരു ആകാശവാണി. ന. പുരാണം.

ഉപശ്ലേഷം, ഉപശ്ലേഷണം-ആലിംഗനം.

ഉപശ്ലേഷിക്ക-സ്പർശിക്ക.

ഉപസത്ത്-പ്ര. ജ്യോതിശ്ശാസ്ത്രത്തിലെ ഒരു ഭാഗം. വ. എതിർക്കുക. ന. ശുശ്രൂഷ.

ഉപസക്തി-പ്ര. ബന്ധുത. വ. മമത. ന. ശുശ്രൂഷ.

**ഉപസംഖ്യാനം**-൧ കണക്കുകൂട്ടുക. ൨ കൂട്ടൽ ചേർക്കുക. ൩ പറയുക.

**ഉപസംഗ്രഹം, ഉപസംഗ്രഹണം**-൧ വണക്കം. ൨. ഉപകരണം ൩ ശേഖരിക്കുക, സ്വീകരിക്കുക. [ഭാര്യയെ എന്നവണ്ണം].

**ഉപസംഗ്രാഹ്യ**-വി. വണങ്ങേണ്ടുന്ന

**ഉപസദനം**-അയൽപക്കം.

**ഉപസദ്**-സമ്മാനം.

**ഉപസന്ധാനം**-ചേർക്കുക, കൂട്ടുക.

**ഉപസമ്പന്ന**-വി. നേടിയ.

**ഉപസമ്പന്നം**-യാഗത്തിന്ന കൊല്ലപ്പെട്ടപശു. കൊല്ലുന്നതിനായി ഉഴിഞ്ഞിട്ടതു എന്നർത്ഥം. മറ്റപര്യായങ്ങൾ-പ്രമീതം, പ്രോക്ഷിതം.

**ഉപസംയമം**-൧ തടയുക. ൨. ലോകാവസാനം, ലോകനാശം.

**ഉപസംവ്യാനം**-അടിമുണ്ടു, ഉടുക്കുന്നവസ്ത്രം, ഉടുക്കപ്പെടുന്നതു എന്നർത്ഥം.

**ഉപസംഹരിക്കുക**- പറഞ്ഞുനിറുത്തുക, അടക്കുക.

**ഉപസംഹാരം**-൧. പറഞ്ഞുനിറുത്തൽ, അവസാനം. ൨. അടക്കം. ൩. ജയിച്ചു പ്രയോഗിച്ച അസ്ത്രം തിരിയെ കൈക്കൊൾക. ൪. മരണം. ൫. പിൻവലിക്കുക.

**ഉപസംഹിത**-വി. ചേർക്കപ്പെട്ട.

**ഉപസംഹൃത**-വി. അവസാനിപ്പിക്കപ്പെട്ട, നിറുത്തപ്പെട്ട.

**ഉപസമുദ്രം**-൧. ഉൾക്കടൽ. ൨. സമുദ്രസമീപത്തിൽ

**ഉപസരം**-൧. ഗർഭഗ്രഹണം. ൨. പ്രഥമഗർഭഗ്രഹണം, ൩. പശുവിനുണ്ടാകുന്ന ആദ്യഗർഭം. ൪. മൃഗങ്ങളുടെ ജനനം. ൫ മറ്റൊരുപര്യായം-'പ്രജനം', ൬. സമീപം

**ഉപസരിക്കുക**-അടുക്കുക, സമീപത്തു വരുക, ചെല്ലുക.

**ഉപസർഗ്ഗതൃഷ്ണാ**-ഒരു രോഗം.

[ഇതു തൃഷ്ണാനിദാനത്തിൽപെട്ടതാണ്. ഉപസർഗ്ഗാത്മികയെന്നു പറയുന്നതു പനി, മോഹം, ക്ഷയം, ചുമ, ശ്വാസം, അതിസാരം മുതലായ രോഗങ്ങൾ ഉള്ളവർക്കു വരുന്ന തൃഷ്ണയാണ്. ഇതു ശരീരത്തെ ശോഷിപ്പിക്കും. കഷ്ടസാദ്ധ്യമാണ്. ലക്ഷണങ്ങൾ-വാക്കുകൾ പുറപ്പെടായ്ക, മോഹം, തളർച്ച, വായ് വരൾച്ച, കഴുത്തും അണ്ണാക്കും ഉണങ്ങുക ഇവയാകുന്നു].

**ഉപസർഗ്ഗം**-൧. ദുർന്നിമിത്തം. ൨. ക്രിയാപദങ്ങൾക്കുമുമ്പേ വെയ്ക്കപ്പെടുന്ന പ്ര, പരാ തുടങ്ങിയ ചിലവാക്കുകൾ. ൩. ബാധാ. ൪. രോഗം. ൫. മരണചിഹ്നം. ൬ ഗ്രഹണം. ൭. കൂടുതൽ അർത്ഥത്തെ സൃഷ്ടിക്കുന്നതു്. ൮. കൂട്ടുക.

[ഉപസർഗ്ഗം എന്നാൽ കൂടെ സൃഷ്ടിക്കുന്നതു് എന്നർത്ഥം. മംഗളാമംഗളങ്ങളുടെ പ്രവർത്തകനായ ഈശ്വരൻ അവയുടെ ഫലം നല്കുന്നതോടുകൂടി ഈ ഉല്പാതങ്ങളെയും സൃഷ്ടിക്കുന്നു എന്നു താൽപര്യം. ഉപസർഗ്ഗം എന്നതു ശുഭാശുഭങ്ങളെ സൂചിപ്പിക്കുന്ന ഉൽപാതവിശേഷങ്ങൾ എന്നാണ് അർത്ഥം എന്നുവരികിലും ദുർന്നിമിത്തം എന്ന അർത്ഥത്തിനാണ് അധികം പ്രസിദ്ധിയുള്ളതു്. (വ്യാകരണപ്രകാരം) ഉപസർഗ്ഗങ്ങൾ ൨൦. പ്ര, പരാ, അപ, സം, അനു, അവ, നിസ് (നിർ), ദുസ് (ദുർ), വി, ആ, നി, അധി, അപി, അതി, സു, ഉത്, അഭി, പ്രതി, പരി, ഉപ].

**ഉപസർജ്ജനം**-൧ അപ്രധാനം. ഉപസർജ്ജിക്കപ്പെടുന്നതു് (ഉപേക്ഷിക്കപ്പെടുന്നതു്) എന്നർത്ഥം. കീഴ്ത്തരം, രണ്ടാംതരം. ൨. ദുർന്നിമിത്തം. ൩. വ്യാകരണത്തിൽ ഒരു സംജ്ഞ.

'പ്രഥമാനിർദ്ദിഷ്ടം സമാസ ഉപസർജ്ജനം'
(പാണിനിസൂത്രം)

ഉപസർജ്ജിക്കുക-ഉപേക്ഷിക്കുക.

ഉപസർപ്പണം-അടുത്തുവരുക.

ഉപസർപ്പം-പു. അടുപ്പം, സാമീപ്യം. വ. പിൻതുടർച്ച.

ഉപസർപ്പിണി-ഒരു വൃത്തം [രാമായണം ൨൪ വൃത്തത്തിലെ ൨൨-ാമത്തെ വൃത്തം.]
'ചരണപല്ലവംകമ്പിട്ടുലക്ഷ്മണൻ
'മരമരികെപ്പോയ് മെല്ലെമറഞ്ഞപ്പോൾ'
(രാമായണം ൨൪ വൃത്തം)

ഉപസര്യ-ചിനപിടിക്കാറായപശു, ഗർഭം ധരിക്കാറായ പശു. കാള ഉപസരിക്കുക (അടുത്തുകൂടിത്തുടങ്ങുക) കൊണ്ട് ഈ പേരുണ്ടായി.

ഉപസംസ്കൃതം-തയാർചെയ്യപ്പെട്ടത്.

ഉപസീതം-കലപ്പ.

ഉപസുന്ദൻ-നികുംഭാ (സുനിന്ദാ) സുരൻറെ ഇളയ പുത്രൻ, മൂകൻറെ പിതാവ് [നികുംഭൻറെ മൂത്ത പുത്രൻ സുന്ദൻ].
[ഹിരണ്യകശിപുവിൻറെ കാലത്തിൽ നികുംഭൻ എന്ന ഒരു അസുരനുണ്ടായി അവനു സുന്ദൻ എന്നും ഉപസുന്ദൻ എന്നും രണ്ടു പുത്രന്മാർ ജനിച്ചു. അത്യന്തം സഹോദരവാത്സല്യത്തോടുകൂടി സമൊരുമിച്ചു പെരുമാറിവന്ന അവർ ത്രൈലോക്യം ജയിക്കണമെന്നു ഉദ്ദേശിച്ചു ബ്രഹ്മാവിനെ തപസ്സുചെയ്തു അന്യോന്യമൊഴിഞ്ഞു തങ്ങളെ ആരും കൊല്ലരുതെന്നു വരംവാങ്ങി. അനന്തരം അവർ ത്രിഭുവനങ്ങളെ നശിപ്പിപ്പാൻ വട്ടംകൂട്ടി. സകലം സഹിക്കവയ്യാതെ ദേവാദികൾ വിവരം ബ്രഹ്മാവിനോടറിയിച്ചു. ഉടൻ അദ്ദേഹം സത്യലോകശില്പിയെ വിളിച്ചു സർവ്വചരാചരങ്ങളുടേയും സാരാംശത്തെ എടുത്തു ഒരു സർവ്വാവയവ സൌന്ദര്യവതിയെ സൃഷ്ടിച്ചുകൊണ്ടുവരുന്നതിന് ആജ്ഞാപിച്ചു. ശില്പിശ്രേഷ്ഠൻ അവ്വണ്ണം ചെയ്തു. ലാവണ്യവൈശിഷ്ട്യഹേതുവായിട്ട് അവൾക്കു ബ്രഹ്മാവു 'തിലോത്തമ' എന്നു നാമകരണംചെയ്തു. വേഗത്തിൽചെന്നുസുന്ദോപസുന്ദന്മാർക്കു പരസ്പരം കലഹമുണ്ടാക്കിത്തീർക്കണമെന്നു ബ്രഹ്മാവ് അവളോടു പറഞ്ഞു. ആജ്ഞയെ ശിരസാവഹിച്ചു തിലോത്തമ തിരിച്ചു. സുന്ദനും ഉപസുന്ദനും സഞ്ചരിക്കുന്ന സ്ഥലത്തെത്തി. അവളുടെ രൂപലാവണ്യം ഹേതുവായിട്ടു മന്മഥോന്മഥിത ചിത്തന്മാരായ ജ്യേഷ്ഠാനുജന്മാർ എൻറേതായ്യ് എൻറേതായ്യ് എനിക്കാവണം എനിക്കാവണം എന്നു പിണങ്ങി തമ്മിലടിച്ച് ഒന്നിച്ചു മരിച്ചു. കൂടുതൽ വിവരങ്ങൾക്കു ഭാരതം സംഭവപർവ്വം നോക്കുക. ഈ കഥയെ ഈ നിഘണ്ടുകാരനായ ഞാൻ (ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള) കഥകളിയായി എഴുതി അച്ചടിപ്പിച്ചിട്ടുണ്ട്. പേർ 'സുന്ദോപസുന്ദയുദ്ധം'.]

ഉപസൂതിക-വയറാട്ടി.

ഉപസൂരണം-കിഴങ്ങ്.

ഉപസൂര്യകം-പരിവേഷം. സൂര്യനെ ഉപഗമിച്ചതു് എന്നർത്ഥം. ഇതു സൂര്യചന്ദ്രന്മാരുടെ ചുററും വൃത്താകാരത്തിൽ ചിലപ്പോൾ കാണാറുണ്ട്.
[സൂര്യൻറെ സമീപത്തിൽ സൂര്യനെപ്പോലെ ഇരിക്കുന്നതു് എന്നും അർത്ഥം കാണുന്നു. പരിവേഷം ഒരു ഉൽപാതസൂചകമാണെന്നു പറയപ്പെട്ടിരിക്കുന്നു.]

ഉപസൃഷ്ട-വി. ചേർക്കപ്പെട്ട, ചേരപ്പെട്ട.

ഉപസൃഷ്ടം-പു. ചേർക്കപ്പെട്ടതു്. വ. ചേർച്ച.

ഉപസൃഷ്ടൻ-ഗ്രഹണസമയത്തെ ചന്ദ്രൻ അല്ലെങ്കിൽ സൂര്യൻ.

ഉപാസകം, ഉപാസനം-നമസ്ക്കരിക്കുക, [illegible], [illegible].

ഉപസ്കരാ-കറിവെപ്പാനുപയോഗമുള്ള മഞ്ഞൾപൊടി മുളകുപൊടി കായം ജീരകം മുതലായവ. മറെറാരുപര്യായം-'വേസവാരം' കുഴമ്പാക്കിച്ചമച്ചസാധനം, കറി എന്നിങ്ങിനെയും അർത്ഥം കാണുന്നുണ്ട്.

ഉപസ്കരണം-൧. കൊല, ൨. ഉപദ്രവം. ൩. ശേഖരിപ്പ്.

ഉപസ്കാരം-൧. ആഭരണം. ൨. ശേഖരിക്കുക.

ഉപസ്കൃതി-കൂട്ടിച്ചേർപ്പ്, ന്യൂനതയെ പൂരിപ്പിക്കുക.

ഉപസ്തരണം-൧. ഉരുക്കുനെയ്യ്. ൨. തളിപ്പ്. ൩. തൂകുക, വിതറുക. ൪. നെയ്യ്‌വിളമ്പുക. ൫. മെത്ത.

ഉപസ്തരിക്കുക-൧. നെയ്യ്‌വിളമ്പുക. ൨. തളിക്കുക. ൩. തൂകുക, വിതറുക.

ഉപസ്തംഭം, ഉപസ്തംഭനം-൧. ജീവസംരക്ഷണം. [ആഹാരനിദ്രാദിപോലെ.] ൨. പ്രോത്സാഹിപ്പിക്കൽ.

ഉപസ്തി-൧. ഒരു വൃക്ഷം. ൨. ഭൃത്യൻ, പരിചാരകൻ [വേദത്തിൽ പ്രയോഗം]

ഉപസ്ത്രീ-വെപ്പാട്ടി.

ഉപസ്ഥ-വി. സമീപത്തിൽ ഇരിക്കുന്ന.

ഉപസ്ഥനിഗ്രഹം-അടക്കം.

ഉപസ്ഥം-൧. ഗുഹ്യം, സ്ത്രീയോനിയുടേയും പുരുഷലിംഗത്തിൻേറയും പേർ. [രണ്ടിനും പറയാം]. അന്യോന്യം അടുക്കൽ ഇരിക്കുന്നതു് എന്നർത്ഥം. ൨. മടി (തുട).

ഉപസ്ഥാനം-൧. ബ്രാഹ്മണർ ഉച്ചയ്ക്കു് ചെയ്യുന്ന ഒരു കർമ്മം. ൨. ഓർമ്മ. ൩. പരിശുദ്ധസ്ഥലം.

ഉപസ്ഥാപം-മനസ്സിൽ ഉറപ്പിക്കുക, ഓർമ്മയിൽ വരുത്തുക.

ഉപസ്ഥാപനം-സമീപത്തുവെക്കുക.

ഉപസ്ഥായകൻ-ഭൃത്യൻ.

ഉപസ്ഥിതി-൧. ഓർമ്മ. ൨. അടുപ്പം. ൩. ശുശ്രൂഷ. ൪. ലാഭം.

ഉപസ്ഥിതം-൧. സമീപമായതു്. ൨. ഒരു വൃത്തം. ത്രിഷ്ടുപ്‌ഛന്ദസ്സിൽപെട്ടതു. പാദം ഒന്നിൽ അക്ഷരം ൧൧ വീതം.

'ഉപസ്ഥിതമേതാം ജംസംതഗംഗം'

(വൃത്തമഞ്ജരി)

ഉപസ്ഥിത-വി. ൧. സമീപമായ. ൨. ഒരു വൃത്തം. ത്രിഷ്ടുപ്‌ഛന്ദസ്സിൽപെട്ടതു പാദം ഒന്നിൽ അക്ഷരം ൧൧ വീതം.

'തംജംജഗഗങ്ങളുപസ്ഥിതാഖ്യം'

(വൃത്തമഞ്ജരി)

ഉപസ്നേഹം-നനവുവരുത്തുക.

ഉപസ്പർശ(ന)ം-൧. ആചമനം. ൨. കൂട്ടിത്തൊടുക. ൩. കുളി.

ഉപസ്മരണം-ഓർമ്മ.

ഉപസ്മൃതി-൧. ഓർമ്മ. ൨. താണതരം നിയമഗ്രന്ഥം, ഇതു ൧൮ വിധം ഉണ്ട്.

ഉപസ്രവണം-ഒഴുകുക, ഒഴുകൽ.

ഉപഹതക-വി. നിർഭാഗ്യമുള്ള.

ഉപഹതി-൧. കൊല. ൨. ഉപദ്രവം.

ഉപഹരണം-൧. അടുക്കൽകൊണ്ടുവരിക. ൨. കാണിക്ക.

ഉപഹവം-൧. വിളി, ക്ഷണിക്കുക. ൨. സമൻസു അയച്ചു വിളിക്കുക.

ഉപഹസിതം-പരിഹാസം, നിന്ദിച്ചു ചിരിക്കുക.

ഉപഹസ്തികാ-വെററില, പാക്ക്, ചുണ്ണാമ്പ്, പുകയില ഇവ ഇരുമ്പുവയ്ക്കുന്ന പെട്ടി (സഞ്ചി).

ഉപഹാരം-൧ കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. ഉപഹരിക്കപ്പെടുന്നതു് എന്നർത്ഥം. ൨. പൂജാദ്രവ്യം

ഉപഹാലകം-കണ്ഠാഭരണം.

ഉപഹാസകൻ-൧. ഹാസ്യക്കാരൻ. ൨. കളിവാക്കു പറയുന്നവൻ.

ഉപഹാസം-പു. നിന്ദിച്ചുചിരിക്കുക. വ. പരിഹാസം. ന. നേരമ്പോക്ക്.

ഉപഹൂതൻ-ക്ഷണിക്കപ്പെട്ടവൻ.

'ശിഷ്യക്രമ നളോചി നിശ്ചിതമനാ
ദൂതോപഹൂതഃ സ്വയം'
(നളചരിതം കഥകളി)

ഉപഹൃത-വി. ഉപഹരിക്കപ്പെട്ട.

ഉപഹ്വരം-പു. വിജനസ്ഥലം. വ. സമീപം. ഇവിടെ കുടിലമായി ഗമിക്കുന്നു എന്നർത്ഥം. ന. വണ്ടി.

ഉപാംശു-പു. രഹസ്യസ്ഥലം, വിജനപ്രദേശം. ഉപഗതങ്ങളായ അംശുക്കളോടു കൂടിയതു് എന്നർത്ഥം. വ. സമീപം,

ഉപാക-വി. ഒന്നിച്ചുചേർന്ന [വേദത്തിൽ പ്രയോഗം].

ഉപാകങ്ങൾ-രാപ്പകലിനൊന്നായപേർ.

ഉപാകരണം, ഉപാകർമ്മം-പു. ഉപനയനം കഴിഞ്ഞതിൽപിന്നെ ചെയ്യപ്പെടുന്ന വേദാരംഭം, വേദം പഠിപ്പാൻ തുടങ്ങുക. വ. വേദം പഠിക്കുന്നതിനു മുമ്പെ ചെയ്യപ്പെടുന്ന ഒരു കർമ്മം. ന. യാഗാർത്ഥം കൊല്ലപ്പെട്ട ആടു്. ര. ആരംഭം.

ഉപാകൃത-വി. പു. മന്ത്രിമിതങ്ങളോടു കൂടിയ. വ. സ്വീകരിക്കപ്പെട്ട.

ഉപാകൃതം-പു. യാഗത്തിങ്കൽ മന്ത്രോച്ചാരണപൂർവ്വകമായി ഹിംസിക്കപ്പെട്ടവാൻ ഭാവിക്കുന്ന പശു. വ. മന്ത്രിമിതം. ന. സ്വീകരിക്കപ്പെട്ടതു്.

ഉപാക്ഷം-അ. കണ്ണിന്മുമ്പേ, മുമ്പാകെ.

ഉപാഖ്യാനം-പു. വലിയകഥയുടെ ഇടയിൽ വരുന്ന ചെറിയ കഥ.

[ഭാരതം പാണ്ഡവരുടെ കഥയാണല്ലോ. അതിൽ പ്രസംഗവശാൽ ഏഴുതിട്ടുള്ള നളൻ, ശകുന്തള മുതലായവരുടെ കഥകൾക്കുള്ള പേർ].

വ. പലരും പറഞ്ഞുകേട്ട കഥ വീണ്ടും പറക.

ഉപാഗത-വി. അടുക്കൽവന്ന.

ഉപാഗമം-പു. അടുക്കൽവരിക. വ. പ്രതിജ്ഞ.

ഉപാംഗം-പു. ചന്ദനക്കുറി. വ. ശരീരത്തിനടുക്കൽ.

ഉപാഗ്രം-അറ്റത്തിനടുത്തഭാഗം.

ഉപാഞ്ജനം-ചാണകംകൊണ്ടുമെഴുകുക.

ഉപാത്ത-വി. പു. ലഭിക്കപ്പെട്ട. വ. ആരംഭിക്കപ്പെട്ട.

ഉപാത്യയം-പു. ക്രമത്തെതെറ്റി ചെല്ലുക. ഉപഗതത്തെ അതിക്രമിച്ചുഗമിക്കുന്നർത്ഥം. മറുപര്യായങ്ങൾ-അതിപാതം, പര്യയം. വ. ക്രമക്കേടു, ക്രമംവിട്ട പ്രവൃത്തി. ന. ഉദാസീനം.

ഉപാദാനം-പു. ഇന്ദ്രിയങ്ങളെ അതതുകളുടെ വിഷയങ്ങളിൽനിന്നു പിൻമടക്കുക. മറെറാരുപര്യായം- പ്രത്യാഹാരം. വ. വാങ്ങിക്ക, എടുക്ക. ന. ഭിക്ഷ.

ഉപാദീയമാനം- വാങ്ങിക്കപ്പെട്ടുവരുന്നതു്.

'നൃപന്മാർക്കുമറ്റുള്ളവസ്തുങ്ങളിൽനി-
ന്നുപാദീയമാനംധനംനശ്വരംതാൻ'
(അഭിജ്ഞാനശാകുന്തളം)

ഉപാദേയം-സ്വീകരിക്കത്തക്കതു്.

ഉപാധാ-പു. അടുത്തോ മുകളിലോ വെക്കുക. വ. ധരിക്കുക.

ഉപാധി-പു. ധർമ്മവിചാരം. ആധിയോടടുത്തു നില്ക്കുന്നതു് എന്നർത്ഥം. ദുഃഖമുള്ളവനേ വശ്യവമായി ധർമ്മവിചാരം ഉണ്ടാകയുള്ളൂ എന്നതു പ്രസിദ്ധമാണല്ലോ. മറെറാരുപര്യായം-ധർമ്മചിന്ത. വ. ആധി. ന. തടങ്ങൽ. ര. (വ്യാകരണപ്രകാരം) പ്രകൃതി, സ്വഭാവം, കാലം, പ്രകാരം, പ്രയോഗം, പുരുഷൻ, ലിംഗം, വചനം മു-. ശ. എപ്പൊഴും കുടുംബപോഷണത്തിനായി യത്നിച്ചുകൊണ്ടിരിക്കുന്നവൻ. ആധിക്കു ഉപജനിച്ചവൻ എന്നർത്ഥം. മറുപര്യായങ്ങൾ-കുടുംബ

വ്യാപൃതൻ, അഭ്യാഗാരികൻ. ൬. ന്യായശാസ്ത്രപ്രകാരം ഷോഡശപദാർത്ഥങ്ങളിൽ ഒന്ന്. ൭. വിശേഷ(ണ)ം.

ഉപാധിക—വി. അധികമായുള്ള.

ഉപാധിത്രയം—സ്ഥൂലം സൂക്ഷ്മം കാരണം ഇവ മൂന്നും.

ഉപാദ്ധ്യായൻ—വാദ്ധ്യാർ, പുരോഹിതൻ. ഇവന്റെ സമീപത്തുചെന്നു അദ്ധ്യയനം ചെയ്യുന്നതിനാൽ ഈ പേരുണ്ടായി. ഓതിക്കന്റെ പേർ എന്നും കാണുന്നു. [ബ്രാഹ്മണരിൽ വേദം പഠിപ്പിക്കുന്ന ഗുരുവിനു 'ഓതിക്കൻ' എന്നു പറയുന്നു.] മറ്റൊരുപര്യായം— അദ്ധ്യാപകൻ. [ഉപാദ്ധ്യായർ—തത്ഭവത്തിൽ പ്രകൃതി,—വാദ്ധ്യാർ—തത്ഭവത്തിൽ വികൃതി.]

ഉപാദ്ധ്യായപത്നി—ഉപാദ്ധ്യായന്റെ ഭാര്യ. പര്യായങ്ങൾ—ഉപാദ്ധ്യായാനി, ഉപാദ്ധ്യായി.

ഉപാദ്ധ്യായാ— വിദ്യ അഭ്യസിപ്പിക്കുന്നവൾ.

ഉപാദ്ധ്യായാനി—(സംസ്കൃതത്തിൽ) ഉപാദ്ധ്യായന്റെ ഭാര്യ. (ഭാഷയിൽ) സ്വയം വാദ്ധ്യാരുടെ പ്രവൃത്തിചെയ്യുന്നവൾ. [പുല്ലിംഗം ഉപാദ്ധ്യായൻ.]

[ഉപാദ്ധ്യായശബ്ദം ആദിയിൽ വാദ്ധ്യായൻ എന്നും പിന്നീടു 'യ' കാരവും കൂടി ലോപിച്ചു വാദ്ധ്യാൻ എന്നും ആയതീർന്നു. ഈയിടെ സ്ത്രീകളായ വാദ്ധ്യാന്മാർ ഉണ്ടായിത്തുടങ്ങിയപ്പോൾ 'ഉപാദ്ധ്യായാനി' എന്ന സംസ്കൃതരൂപത്തെ അവലംബിച്ചു 'വാദ്ധ്യായിനി' എന്നൊരു ശബ്ദം നടപ്പിൽ വന്നിരിക്കുന്നു. സംസ്കൃതത്തിൽ ഉപാദ്ധ്യായാനി എന്നാൽ ഉപാദ്ധ്യായന്റെ ഭാര്യയാണ്. ഭാഷയിൽ സ്വയം വാദ്ധ്യാരുടെ പ്രവൃത്തി ചെയ്യുന്നവൾ എന്നാണർത്ഥം.—മണിദീപിക.]

ഉപാദ്ധ്യായി— വിദ്യ അഭ്യസിപ്പിക്കുന്നവൾ. മറ്റൊരുപര്യായം—'ഉപാദ്ധ്യായാ' ൨. ഉപാദ്ധ്യായന്റെ ഭാര്യ.

ഉപാനൽ—ചെരിപ്പ്.

ഉപാന്ത—വി. സമീപത്തുള്ള.

ഉപാന്തം—അ. സമീപം.

ഉപാന്തം, ഉപാന്ത്യം—കടക്കണ്ണ്, കണ്ണിന്റെ അറ്റം.

ഉപാന്തിക—വി. സമീപത്തിലുള്ള.

ഉപാന്തികം—സമീപത.

ഉപാന്തിമ—വി. സമീപത്തുള്ള.

ഉപായജ്ഞൻ—പ്ര. തന്ത്രത്തെ അറിയുന്നവൻ. ൨. (മലയാളത്തിൽ) കള്ളസമ്പ്രദായക്കാരൻ, കള്ളസൂത്രക്കാരൻ.

ഉപായനം—പ്ര. കാഴ്ചദ്രവ്യം, രാജാവിനു കൊണ്ടുചെല്ലുന്ന കാഴ്ചദ്രവ്യം. സമീപത്തിൽ കൊണ്ടുചെല്ലുന്നതു് എന്നർത്ഥം. മറുപര്യായങ്ങൾ—ഉപഗ്രാഹ്യം, ഉപഹാരം, ഉപദാ ൨. അടുക്കൽ ചെല്ലുക ൩. കാണിക്ക

ഉപായം—പ്ര. യുക്തി, തന്ത്രം. ൨. കള്ളസൂത്രം. ൩. കള്ളസമ്പ്രദായം. ൪. കൌശലം. ൫. നീക്കുപോക്ക്. ൬. സാമദാനാദി. ൭. വഞ്ചന.

ഉപായചതുഷ്ടയം—നാലുപായങ്ങൾ. സാമം, ദാനം, ഭേദം, ദണ്ഡം.

ഉപായക്കാരൻ, ഉപായി—പ്ര. കള്ളസൂത്രക്കാരൻ. ൨. ചതിയൻ. ൩. കൌശലക്കാരൻ.

ഉപായാത—വി. സമീപത്തു വന്ന

ഉപായാതം—പ്ര. വരവ്. ൨. സംഭവം.

ഉപാരം—പ്ര. തെറ്റ്. ൨. കുറ്റം ൩. പാപം. ൪. സമീപം. ൫. സാന്നിദ്ധ്യം.

ഉപാർജ്ജിതം—ഉപാർജ്ജിക്കപ്പെട്ടതു (സമ്പാദിക്കപ്പെട്ടതു).

ഉപാലംഭിക്ക—നിന്ദിക്ക.

ഉപാലംഭം, ഉപാലംഭനം—പ്ര. ധിക്കാരം, നിന്ദാവാക്ക്. ൨. താമസിപ്പിക്ക

ഉപാവൎത്തനം-ഉരുളുക, ചുററുക.

ഉപാവൎത്തിക്ക-നിലത്തു കിടന്നുരുളുക.

ഉപാവൃത്ത-വി. പ്ര. നിലത്തു കിടന്നുരുളുന്ന. വ. നിന്നുപോയ.

ഉപാവൃത്തം- ക്ഷീണംതീൎപ്പാൻ പിന്നെയും പിന്നെയും നിലത്തു കിടന്നുരുളുന്ന കുതിര. ഉപാവൎത്തിക്കുന്നതു് എന്നൎത്ഥം.

ഉപാശ്രമം-ആശ്രമത്തിനടുക്കൽ.

ഉപാസകൻ-പ്ര. ഭജനംചെയ്യുന്നവൻ. വ. അനുചരൻ, ഭൃത്യൻ.

ഉപാസനം, ഉപാസന-പ്ര. ശുശ്രൂഷ. അടുത്തിരിക്കുക എന്നൎത്ഥം. മററുപൎയ്യായങ്ങൾ-വരിവസ്യം, ശുശ്രൂഷ, പരിചൎയ്യാ. വ. സേവ.

ഉപാസനം-പ്ര. ശരാഭ്യാസം (വില്പയററു്). ശരത്തെ ഉപക്ഷേപിക്കുക എന്നൎത്ഥം. വ. ശുശ്രൂഷ. ന. ഭജനം.

ഉപാസനപഞ്ചാംഗം-ജപം ഹോമം തൎപ്പണം അഭിഷേകം വിപ്രഭോജനം ഇവ ൫-ം.

ഉപാസംഗം-പ്ര. ആവനാഴിക. ശരങ്ങൾ ഇതിൽ പററി നില്ക്കുന്നതിനാൽ ഈ പേരുണ്ടായി. വ. സമീപം.

ഉപാസാ-പ്ര. സേവകവൃത്തി. വ. ഭജനം.

ഉപാസിക്കുക-പ്ര. സേവിക്കുക. വ. ശുശ്രൂഷിക്കുക.

ഉപാസിത-വി. പ്ര. പൂജിക്കപ്പെട്ട. വ. സേവിക്കപ്പെട്ട. ന. വസിക്കപ്പെട്ട [ഉപാസിക്കപ്പെട്ടതു് ഉപാസിതം]. മററുപൎയ്യായങ്ങൾ-വരിവസിതം, വരിവസ്യിതം, ഉപചരിതം.

ഉപാസീന-വി. ഇരുന്ന.

ഉപാസ്തി-സേവ.

ഉപാസ്യൻ-സേവിക്കപ്പെടുവാൻ യോഗ്യൻ.

ഉപാഹിത-വി. പ്ര. കൂട്ടിച്ചേൎക്കപ്പെട്ട. ഉപധാനം ചെയ്യപ്പെട്ട എന്നൎത്ഥം. വ. വെക്കപ്പെട്ട.

'ഉപാഹിതാംവക്ഷസി പീവരസ്തനേ'

ഉപാഹിതം-പ്ര. ധൂമകേതു. അടുത്ത അനിഷ്ടത്തെ സൂചിപ്പിക്കുന്നതു് എന്നൎത്ഥം. വ. അഗ്നിയാൽ ഉണ്ടാക്കപ്പെട്ടആപത്തു് മറെറാരുപൎയ്യായം-'സംയോജിതം'.

ഉപാഹൃത-എടുക്കപ്പെട്ട. വ. കൊണ്ടുവരപ്പെട്ട. ന. പിടിക്കപ്പെട്ട. ര. കൂടിയ.

ഉപേക്ഷ-ഉദാസീനത, മടി. വ. കളക. ന. നിന്ദ ര. യോഗത്തിലെഒരുഭാവം,

ഉപേക്ഷണം-ഉപേക്ഷ.

ഉപേക്ഷണീയം-ഉപേക്ഷിക്കത്തക്കതു്.

ഉപേക്ഷിക്ക-പ്ര. തള്ളിക്കളക. വ. നിന്ദിക്കുക.

ഉപേക്ഷിത-വി. പ്ര. തള്ളപ്പെട്ട വ. ഉപേക്ഷിക്കപ്പെട്ട. പൎയ്യായങ്ങൾ-ത്യക്തം, ഹീനം, വിധുതം, സമുജ്ഝിതം, ധൂതം ഉൽസൃഷ്ടം ഇവ ആറും. ന. നിന്ദിക്കപ്പെട്ട.

ഉപേക്ഷ്യ-വി. പ്ര. തള്ളിക്കളയത്തക്ക. വ. നിന്ദിക്കപ്പെടത്തക്ക.

ഉപേത-വി. പ്രാപിച്ച, കൂടിയ.

ഉപേതി-വരവു്, അടുപ്പം, പ്രാപിക്കുക.

ഉപേന്ദ്രൻ-വിഷ്ണു. വാമനരൂപനായ ഇന്ദ്രന്റെ അനുജനായവൻ, ഇന്ദ്രന്റെ രക്ഷക്കായിട്ടു സമീപത്തിൽ സ്ഥിതിചെയ്യുന്നവൻ. ഇന്ദ്രലോകത്തിൽനിന്നു മേൽഭാഗത്തിൽ ഇരിക്കുന്നവൻ ഇങ്ങിനെ ശബ്ദാൎത്ഥം.

ഉപേന്ദ്രവജ്രാ-ഒരു വൃത്തം. ത്രിഷ്ടുപ് ഛന്ദസ്സിൽപ്പെട്ടതു്. പാദം ഒന്നിൽ ൧൧ അക്ഷരം വീതം കാണും.

'ഉപേന്ദ്രവജ്രാ ജതജംഗഗം'
(വൃത്തമഞ്ജരി)

ഉപേയ-വി. പ്രാപിക്കത്തക്ക.

ഉപോഢ-വി. പ്ര. വിവാഹം ചെയ്യപ്പെട്ട. വ. അടുത്ത. ന. വളൎന്ന, ശേഖരിച്ച. ര. ആരംഭിച്ച.

ഉപോതി, ഉപോതിക-ഒരു ചീര.

ഉപോദകാ, ഉപോദികാ, ഉപോദീകാ-കൊത്തുവശള, വശളച്ചീര, കൊഴുപ്പ അധികം നീരുള്ളതു്, വെള്ളത്തിനടുത്തുനില്ക്കുന്നതു് എന്നൎത്ഥം.

ഉപോദകം-അ. വെള്ളത്തിനടുത്തു്.

ഉപോദ്ഗ്രഹം-അറിവു്, ജ്ഞാനം.

ഉപോദി-ഒരു വക ചീര, കൊഴുപ്പ.

ഉപോദ്ഘാതം-പ്ര. പറവാൻ പോകുന്ന വിഷയത്തെപ്പററി വിവരിക്കുക അടുത്തറിയിക്കുന്നതു് എന്നൎത്ഥം. വ. ഉദാഹരണം, ദൃഷ്ടാന്തം. ന. ആരംഭം. മറെറാരു പൎയ്യായം-'ഉദാഹാരം'

ഉപോദ്ബലനം-പ്ര. സ്ഥാപനം. വ. ഉറപ്പ്, സ്ഥിരീകരണം.

ഉപോഷണം, ഉപോഷിതം-ഉപവാസം, അനശനം.

ഉപോഷിക്കുക-ഉപവസിക്കുക

ഉപോഷിത-വി. ഉപവസിക്കപ്പെട്ട.

ഉപോഹം-പ്ര. കൂട്ടുക. വ. കൂട്ടം.

ഉപ്തകൃഷ്ട-വിതച്ചുടിച്ച [ഉപ്തകൃത എന്നും കാണുന്നുണ്ടു്].

ഉപ്ത-പ്ര. വിതയ്ക്കപ്പെട്ട. വ. വമിക്കപ്പെട്ട

ഉപ്തകൃഷ്ടം-വിത്തുവിതച്ചു പിന്നേയും ഉഴുത നിലം. ആദ്യം വിതച്ചു പിന്നേ ഉഴുതതു് എന്നൎത്ഥം. മറെറാരുപൎയ്യായം-'ബീജാകൃതം'.

ഉപ്പനച്ചം-ഒരു ചെടി.

[ഇതിനെ 'അനിച്ചം' എന്നും 'ഉപ്പുരച്ചം' എന്നും പറയാറുണ്ടു്. ഇതു വിഷത്തെയും ശോഫത്തെയും കളയും അതിവിദാഹിയല്ല. ഇതിന്റെ ഇല കറി വെച്ചാൽ-ഗ്രാഹി, വിദാഹി, കടു, രൂക്ഷം, ഹൃദ്യം, ദീപനം, പാചനം, ദുഷ്ടകൃമിഹരം, തീക്ഷ്ണം, ശോഷശ്ലേഷ്മകരം, ലഘു].

ഉപ്പുദ്രാവം-ഉപ്പുനീർ.

ഉപ്പൻ-ചെമ്പോത്തു് ഈശ്വരൻകാക്ക. പൎയ്യായം-ചകോരം (ചകോരകം).

[ഈ പക്ഷിയുടെ മാംസം മധുരവും സ്നിഗ്ദ്ധവും വാതപിത്തപ്രശമനവും ആണു്. പാകത്തിങ്കലും രസത്തിങ്കലും കടു. ഇതു കഫത്തെയും ശുക്ലത്തെയും വൎദ്ധിപ്പിക്കും].

ഉപ്പളം-ഉപ്പുപടന, ഉപ്പുവിളയുന്നസ്ഥലം.

ഉപ്പാ-അച്ഛൻ [അറബിഭാഷ].

ഉപ്പാട്ടി-അച്ചി, നായർസ്ത്രീ.

ഉപ്പാളൻ-ഉപ്പുണ്ടാക്കുന്നവൻ.

ഉപ്പിക്കുക-ഉപ്പുരസമാക്കുക

ഉപ്പിനികായി-ഉപ്പിലിട്ടതു്. (ഉപ്പിനകായി, കന്നടം).

ഉപ്പിപ്പു-ഉപ്പുരസം.

ഉപ്പിലിട്ടതു-പ്ര. നാരങ്ങ, ഇഞ്ചി, മുളക, മാങ്ങ മുതലായവ, ഉപ്പിലിട്ടുവെയ്ക്കുന്നതിന്റെ പേർ. വ. നാരങ്ങക്കറി, ഇഞ്ചിക്കറി മുതലായവയ്ക്കും പറയാമെന്നു പക്ഷമുണ്ടു്. ന. ഉപ്പിലിട്ടു സൂക്ഷിക്കുന്നവസ്തു.

ഉപ്പില്ലാപത്ഥ്യം-ഉപ്പുകൂടാത്ത പത്ഥ്യം.

ഉപ്പിളി-പാമ്പിന്റെ പുറത്തെ തോലു് (പാമ്പിൻചട്ട). ഉപ്പുക എന്നതിനു തമിഴിൽ വീൎക്കുക എന്നൎത്ഥം. അതിൽനിന്നു ഉപ്പിളി ഉണ്ടായി

ഉപ്പിറച്ചി-ഉപ്പിലിട്ടുണങ്ങിയ മാംസം.

ഉപ്പ്-പ്ര. കടലുപ്പു്. പൎയ്യായങ്ങൾ-സാമുദ്രം, ലവണം, അക്ഷീവം, വശിരം.

[വൈദ്യശാസ്ത്രപ്രകാരം ഉപ്പു പ്രധാനമായി എട്ടുവിധം ഉണ്ടെന്നു കാണുന്നു. തുവച്ചിലഉപ്പു്, ഇന്തുപ്പു്, വിളയുപ്പു് (വളയുപ്പു്), കടലുപ്പു്, ഉവരുപ്പു്, മേരുപ്പു്, പൊടിയുപ്പു് (വെടിയുപ്പു്), കാരുപ്പു് (നാട്ടുപ്പു്), ഇവയെല്ലാം തീക്ഷ്ണവും

ഉഷ്ണവും വൃഷ്യവുമാണ്. മലത്തെ ഉണ്ടാക്കും. വാതഘ്നമാണ്. കഫപിത്തങ്ങളെ ച്ചേർക്കും. കല്ലുപ്പിനു ചവർപ്പ് ഇന്തുപ്പ് ഇതിനേയും ചേർത്തുകാണുന്നു. കൃഷിശാസ്ത്രപ്രകാരം ഉപ്പു വളത്തിനു നന്ന്. ഇതു തെങ്ങുകളിലും വെടിയുപ്പോടു ചേർത്താൽ കോതമ്പിനും മുത്താറിക്കും ഉപയോഗമുള്ള വളമാണ്. ഉപ്പു മനുഷ്യർക്ക് എന്നപോലെ മൃഗങ്ങൾക്കും ആവശ്യമാണ്. ദഹനം ഉണ്ടാക്കും, രോഗത്തിന് ഇടയാക്കുകയില്ല. വയററിലെ കൃമികളെ നശിപ്പിക്കും].

വ. കാളയുടെ പൂഞ്ഞുകററി.

ഉപ്പുകടൽ-ലവണസമുദ്രം.

ഉപ്പുകളർ-ഉപ്പു അധികമായിക്കാണുന്ന ഒരു മാതിരി വെളുത്ത മണ്ണ്. (കൃഷിശാസ്ത്രം).

ഉപ്പുകത്തി, ഉപ്പില-ഉപ്പിനു നനവുതട്ടാതിരിപ്പാനുള്ള ഒരു വക ഇല.

ഉപ്പുകററി, ഉപ്പുററി-കതിരാൽമടമ്പ്, പാദമൂലം

ഉപ്പുകററി-ഉപ്പുരുക്കുന്ന പാ.

ഉപ്പുകൊററൻ-ം. ഉപ്പുകൃഷികൊണ്ട് ഉപജീവിക്കുന്നവൻ. വ. ഉപ്പുകച്ചവടക്കാരൻ. മ. താണജാതിയിലുള്ള ഒരു പ്രസിദ്ധനായ ജ്ഞാനി (മുനി)

ഉപ്പുകുറവർ-തമിഴരിൽപെട്ട കള്ളന്മാരായ ഒരു വകക്കാർ.

ഉപ്പുതന്ത-ഉപ്പിനകത്ത് ഉണങ്ങികിടക്കുന്ന ചളി

ഉപ്പുതെളി-ം. ഉപ്പിൻെറ തെളി. വ. ഉപ്പുകലക്കിത്തെളിക്കുന്ന ഒരു പച്ചമരുന്നു. മ. ഉപ്പുവള്ളി.

[ഉപ്പുവള്ളിയുടെ നീര ചൊറിയുന്നതിനു തിപ്പിലിക്കും അകക്കാമ്പിനും വാതത്തിനും നന്ന്].

ഉപ്പുപടന്ന(ന്ന)-ഉപ്പുവിളയുന്ന സ്ഥലം. പര്യായങ്ങൾ-ഗണ്ഡം, ദമം, ലവണാകരം ഇവ മൂന്നും.

ഉപ്പുപണ്ടകശാല-ഉപ്പു ശേഖരിച്ചിടുന്ന കെട്ടിടം.

ഉപ്പുമത്തി-ഉപ്പിലിട്ടുണങ്ങിയ ഒരു വക മത്സ്യം.

ഉപ്പുമഴ-ഉപ്പുകട്ടകൾ പതിക്കുന്ന മഴ.

[ഉപ്പുമഴ ൧൦൮൯ അക്ടോബർ ൨ വ്യാഴം- കൊട്ടാരക്കര റെയിൽവേസ്റ്റേഷനു സമീപമുള്ള ഒരു സ്ഥലത്തു പെയ്തു. ഏകദേശം ൧൫ മിനിട്ടുനേരത്തേയ്ക്കു വർഷപാതത്തോടുകൂടി ഉപ്പുകട്ടകൾ പതിച്ചു കൊണ്ടിരുന്നു. ഇതു സമുദ്രതീരങ്ങൾക്കു സമീപം എവിടേയോ ചുഴലിക്കാററുണ്ടായതിൽ ജലവർഷം സംഭവിച്ചു അധോഭാഗത്തുള്ള ജലത്തെ ആകർഷിച്ചു അതിനെ വളരെ ദൂരെകൊണ്ടു പോകയും ആ ജലം ഘനീഭവിച്ചപ്പോൾ അതിലുള്ള ലവണാംശങ്ങൾ ഭൂമിയിൽ പതിക്കുകയും ചെയ്തതാണെന്നാണ് അറിഞ്ഞവരുടെ അഭിപ്രായം-'കേരള' ൧൦൮൯ കുംഭം. പുസ്തകം ൩, ലക്കം ൨]

ഉപ്പുമാങ്ങ-ഉപ്പിലിട്ട മാങ്ങ.

ഉപ്പുമീൻ-ഉപ്പിലിട്ടുണങ്ങിയ മത്സ്യം.

ഉപ്പുരസം-ഉപ്പിൻെറ രുചിയുള്ളത്. പര്യായം-'ലവണം'.

ഉപ്പുസമുദ്രം-ഉപ്പുകടൽ.

ഉപ്പൂററി-ഒരു ചെടി.

[ഇതിൻെറ ഇല സ്വാദും രൂക്ഷവുമാണ്. വാതശ്ലേഷ്മങ്ങളെ ഉണ്ടാക്കും. ഗുരുവും ശീതളവുമാകുന്നു. വിരേചകമാണ്. വിഷ്ടംഭത്തെ ചെയ്യും. താമസിച്ചു ദഹിക്കും].

ഉപ്പൂററി-കാലടിയുടെ പിൻപുറം

ഉപ്പേരി-ഉപ്പുപുരട്ടി എണ്ണയിൽ (വെളി

ച്ചുണ്ണയിൽ) വരുത്തുണ്ടാക്കുന്ന ഭക്ഷണ സാധനം.

ഉഭയചര-വി. ഗ്ര. ഭൂമിയിലും ജലത്തിലും വസിക്കുന്ന. ഉ. കാററിൽ വസിക്കുന്ന

ഉഭയനിശാ-മഞ്ഞളും മരമഞ്ഞളും.

ഉഭയതഃ-അ. രണ്ടു പ്രകാരം.

ഉഭയത്ര-രണ്ടു സ്ഥലത്തും, രണ്ടു വശത്തും.

ഉഭയം-രണ്ടുകൂടിയ, രണ്ടു്.

ഉഭയം-ഗ്ര. പക്ഷിശ. ഉ. നിലം. ന. മരഫലം, തെങ്ങു്, കവുങ്ങു്, പിലാവു്, വള്ളി ഈ നാലനുഭവമുള്ള വൃക്ഷങ്ങൾ ൪. അനുഭവം.

ഉഭയരാശി-മിഥുനം, കന്നി, ധനു, മീനം ഈ നാലുരാശികൾക്കുംകൂടിയുള്ള പേർ.

ഉഭയസമ്മതം-വാദിപ്രതികൾ തമ്മിലുള്ള സമ്മതം, ഉടമ്പടി.

ഉഭയീയ-വി. രണ്ടിനേയും സംബന്ധിച്ച.

ഉഭയേദ്യുഃ-ഗ്ര. രണ്ടുദിവസത്തിൽ. ഉ. തലേനാളും പിറേറന്നാളും.

ഉഭസ്ഥീൻ-മോതു്.

ഉഭൌമേദ-മേദയും, മഹാമേദയും.

ഉമ:-ഗ്ര. പട്ടണം. ഉ. തുറമുഖം.

ഉമയ്ക്കുക-ചെണ്ടകൂട്ടുക.

ഉമരി, ഉവരി-കടൽ.

ഉമാ-ഗ്ര. പാർവ്വതി, രക്ഷിക്കുന്നവൾ [ഉ= അല്ലയോ. മാ=അരുതു്. അമ്മയാൽ തപസ്സിൽനിന്നു നിഷേധിക്കപ്പെട്ടതുകൊണ്ടു് ഉമാ എന്ന പേരുണ്ടായി.]

[ഉമാ=ഉ+മാ. ഉ=തപസ്സു്. മാ =അരുതു്. 'ഉ' എന്നതിനു സംബോധനാർത്ഥവുമുണ്ടു്. (ഹേവത്സേ!) തപസ്സു് അരുതെന്നും അല്ലേപുത്രി! അരുതു് എന്നും ഉമാ എന്ന പദത്തിനു് അർത്ഥം ഉണ്ടു്. 'ഉ'വിൻെറ (ശിവൻെറ) മാ=ലക്ഷ്മി. ലക്ഷണയാ ശോഭ എന്നർത്ഥം].

'ഉമേതിമാത്രാ തപസോനിഷിദ്ധാ
പശ്ചാദുമാഖ്യാം സുമുഖീജഗാമ'
(കുമാരസംഭവം)

ഉ. അഗശ. ഇതിൻെറ പൂവു് മാല കെട്ടി ശിവനു ചാർത്തുന്നതുകൊണ്ടു് ഈ പേർ വന്നു. ന. പ്രകാശം, കാന്തി, ശോഭ. ൪. കീർത്തി, മാനാ. ൫. ശാന്തത. ൬. രാത്രി. ൭. മഞ്ഞൾ.

ഉമാഗുരു-ഹിമാലയപർവ്വതം.

ഉമാജനകൻ-ഹിമാലയപർവ്വതം.

ഉമാപതി-ശിവൻ. ഉമയുടെ (പാർവ്വതിയുടെ) ഭർത്താവു്.

ഉമാപതിധരൻ-ജയദേവരുടെ സമാനകാലീനന്മാരായ കവികളിൽ ഒരുവൻ.

ഉമാർ-ജീവിതകാലം.

ഉമാസുതൻ-ഗ്ര. സുബ്രഹ്മണ്യൻ. ഉ. ഗണേശൻ.

ഉമി-ധാന്യങ്ങളുടെ തൊലി. പര്യായങ്ങൾ -ധാന്യത്വക്ക്, തുഷം.

ഉമിക്കരി-ഉമികരിച്ചതു്.

ഉമിക്കുക-തുപ്പുക.

ഉമിത്തീയ്-ഉമിയിൽപിടിച്ച തീയ്.

ഉമിനീര്-വായിലെവെള്ളം, തുപ്പൽ.

ഉമിയുക, ഉമിഴുക-ഗ്ര. തുപ്പുക. ഉ. തുപ്പലിറക്കുക. ന. കല്ലുക്കഴിയുക.

ഉമിർ-ദേഹത്തിലെരോമം.

ഉമിഴ്-തുപ്പൽ.

ഉമിഴ്ക, ഉമിഴുക-ഗ്ര. തുപ്പുക. [ഉമിഞ്ഞു=തുപ്പി.] ഉ. പുറത്തു തള്ളുക.

ഉമേദവാർ-ഉദ്യോഗത്തിനു കാത്തുനിന്നു ജോലി പരിചയിക്കുന്നവൻ. Vclun-teer (വളൻറിയർ) ഉമേദവാർ പേർഷ്യൻ ഭാഷയാണ്.

ഉമ്മ-മുത്തം, ചുംബനം. [കർണ്ണാടകം= ഉമ്മ.]

ഉമ്മക്കൊടുക്കുക-മുത്തുക, ചുംബിക്കുക.

ഉമ്മം, ഉമ്മത്തു്-ഗ്ര. ഒരുചെടി. പര്യ°

യങ്ങൾ-ഉന്മത്തം, കിതവം, ധൂർത്തം, ധത്തൂരം, കനകാഹ്വയം, മാതുലം, മദനം ഇവ ഏഴും.

[ഇതിന്റെ കായ്ക്ക് 'മാതുലപുത്രകം' എന്നു അമരം. ഉമ്മം ഒരു ഉപവിഷമാകുന്നു. മന്ത്ര, അന്നപാനം മുതലായവിധികൾ ഇവയെ നല്ലപോലെ അറിഞ്ഞു പ്രയോഗിച്ചാൽ ജ്വരം, കുഷ്ഠം, കാസശ്വാസം, വിഷം, ക്ഷയം, മൂത്രകൃച്ഛ്രം, അശ്മരി, പ്രമേഹം മുതലായവക്ക് കൈകണ്ട മരുന്നാണ്. സൂക്ഷിച്ചുചെയ്യാഞ്ഞാൽ മരണം വരുത്തും. പേപ്പട്ടിവിഷത്തിന് ഒന്നാന്തരമാകുന്നു. വെള്ളനിറത്തിലും നീലനിറത്തിലുമുണ്ട്. സ്വർണ്ണനിറത്തിൽ പൂവുള്ളതു കടചാദ്രിയുടെ മുകളിൽ ഉള്ളതായി പറയുന്നു.]

വ. സ്വർണ്ണക്ഷീരം, കനകത്തൊങ്ങൽ, പൊൻപൊടിപ്പ്.

**ഉമ്മത്ത്**-മനുഷ്യർ. (അറബിഭാഷ).

**ഉമ്മൻ**-മൂമൻ.

**ഉമ്മറപ്പടി**-വാതിൽപ്പടി.

**ഉമ്മറപ്പല്ല്**-മുൻഭാഗത്തെപല്ല്, മുൻപല്ല്

'ഉമ്മറത്തെപല്ലുകൊണ്ട
ചിരിക്കുന്നമ്മാളുക്കണ്ടാൽ'
(സഭാപ്രവേശം തുള്ളൽ)

**ഉമ്മ(റ)പ്പൂങ്കാവ്**-ഗൃഹത്തോടു ചേർത്തു വച്ചു പിടിപ്പിച്ചുണ്ടാക്കുന്ന പൂന്തോട്ടം. പര്യായങ്ങൾ-ഗൃഹാരാമം, നിഷ്കുടം ഇവ രണ്ട്.

**ഉമ്മറം, ഉമ്മാരം**-പ്ര. മുൻഭാഗം. വ. വാതിൽപടി.

**ഉമ്മാ, ഉമ്മാച്ചി, ഉമ്മച്ചി**-പ്ര. അമ്മ. (അറബിഭാഷ) വ. ജോനകസ്ത്രീ.

**ഉമ്മാൾ**-അമ്മ. (അറബിഭാഷ)

**ഉമ്മാൾ**-അ. ഇന്നാൾ.

**ഉമ്മാണ്ടി**-കാച്ചു.

**ഉമ്മിണി**-അ. കുറ, അല്പം.

**ഉമ്മിണി**-ഒരു പേര്.

**ഉമ്മിട്ടം**-ദുഷ്ടമായ ശ്വാസംവിടുതൽ. വ. കുട്ടികൾ കരഞ്ഞു ദീർഘശ്വാസം വിടുക [ഇതു വിമ്മിട്ടം എന്ന ശബ്ദം ആയിരിക്കണം.]

**ഉമ്യാ**-ഉമ (അഗശി) വിളയുവാൻ യോഗ്യമായ ക്ഷേത്രം. മറ്റൊരുപര്യായം-ഔമീനം.

**ഉം**-പ്ര. ഒരു പ്രധാനവ്യാക്ഷേപകം. വ. കോപം, അനുജ്ഞ, വാദം, ശമനം മുതലായവയിൽ പ്രയോഗിക്കുന്ന ഒരു അവ്യയം. ന. വാക്കുകളെ തമ്മിൽ ചേർക്കുന്ന ഒരു അവ്യയം. ർ. ഒരു ഘടകനിപാതം. [ഉ-ം, പാർവ്വതിയുടേയും ലക്ഷ്മിയുടേയും സംവാദം.]

**ഉമ്പർ**-ദേവകൾ.

**ഉമ്പർകോൻ**-ഇന്ദ്രൻ.

**ഉമ്പർതടിനി**-ഗംഗ.

**ഉമ്പർനാടു, ഉമ്പർപുരം**-സ്വർഗ്ഗം.

**ഉയന്തുക**-ഏമ്പക്കമിടുക.

**ഉയരം**-പൊക്കം. പര്യായങ്ങൾ-ഉച്ഛ്രായം, ഉത്സേധം, ഉച്ഛ്രയം ഇവ മൂന്നും.

**ഉയരുക**-പ്ര. പൊങ്ങുക, കിളരുക. വ. പ്രബലമാവുക, ശ്രേഷ്ഠമാവുക.

**ഉയരെ, ഉയരവേ**-അ. പൊക്കത്തിൽ, മുകളിൽ.

**ഉയർത്തുക**-പൊക്കുക, വലിയസ്ഥിതിയിലാക്കുക.

**ഉയർച്ച**-പൊക്കം, ഉയരം.

**ഉയർന്നതു**-ഉയർച്ചയുള്ളതു. പര്യായങ്ങൾ-ഉച്ചം, പ്രാംശു, ഉന്നതം, ഉദഗ്രം, ഉച്ഛ്രിതം, തുംഗം ഇവ ആറും.

**ഉയർന്നിലം**-പൊങ്ങിയ നിലം.

**ഉയർമല**-പൊങ്ങിയ മല.

**ഉയിർ**-പ്ര. ജീവൻ. വ. ശ്വാസം.

**ഉയിർക്കുക**-ജീവിക്കുക, ജീവനുണ്ടാവുക.

**ഉയിർപ്പിക്കുക**-ജീവിപ്പിക്കുക, ജീവനുണ്ടാക്കുക.

ഉയിപ്പ്-ജീവിപ്പ്.

ഉയിപ്പിക്ക-ജീവിപ്പിക്ക.

ഉയിൽ-മരണപത്രിക.

ഉയ്യുമാറ്-മീട്ടത്തക്കവണ്ണം.

ഉര-ധാ. പറയുക.

ഉര-ധാ. തമ്മിൽ ചേൎന്നരസുക.

ഉര-പ്ര. കീൎത്തി, വീൎയ്യം.

'ഉരപെരുകിയപുത്രന്മാരിലേററംതടമനീം'

(ഭാഷാനൈഷധചമ്പു)

വ. ഉരസൽ. ന. തേപ്പ്. ര. വാക്ക്.

ഉരകല്ല്, ഉരക്കല്ല്-പ്ര. സ്വൎണ്ണം മാററു നോക്കുന്നതിനുള്ള കല്ല്. വ. കത്തികടയുന്ന ചാണ. പൎയ്യായങ്ങൾ-ശാണം, നികഷം, കഷം ഇവ മൂന്നും.

ഉരക്കുക-പ്ര. തേയ്ക്കുക. വ. പറയുക. ന ബലപ്പെടുക, കട്ടപ്പമാവുക.

ഉരക്ഷതം-പ്ര. ഉരസ്സിലെ മുറിവ്. വ ഒരു രോഗം. ഉരസ്സിൻെറ ഉള്ളിലെ മുറിവ്.

[കഠിനഭാരം വഹിക്ക, ബലവാനോടു പിടിക്കുക, ഉയരത്തിൽനിന്നു വീഴുക, ഓടുന്ന കുതിര മുതലായവയെ പിടിച്ചു നിറുത്തുക മുതലായതിൽ ഇതുണ്ടാകുന്നു]

ഉരഗധ്വജൻ-ദുൎയ്യോധനൻ. (പാമ്പുകൊടിയടയാളമുള്ളവൻ.)

ഉരഗഭൂഷണൻ-ശിവൻ. ഉരഗ (സൎപ്പ) ത്തെ ഭൂഷണമാക്കിയിരിക്കുന്നവൻ.

ഉരഗം-പാമ്പ്. ഉരസ്സുകൊണ്ടുഗമിക്കുന്നതു് എന്നൎത്ഥം.

ഉരഗരാജൻ-പ്ര. അനന്തൻ. വ. വാസുകി.

ഉരഗശത്രു-ഗരുഡൻ.

ഉരഗാ-ഒരു പട്ടണത്തിൻെറ പേർ.

ഉരഗാഭരണൻ-ശിവൻ.

ഉരഗാരി-ഗരുഡൻ. ഉരഗത്തിൻെറ അരി (ശത്രു) എന്നൎത്ഥം.

ഉരഗാശനൻ-ഗരുഡൻ. ഉരഗത്തെ അശിക്കുന്നവൻ (തിന്നുന്നവൻ.)

ഉരഗി-പെൺപാമ്പ്.

ഉരഗേന്ദ്രൻ-അനന്തൻ. വ. വാസുകി.

ഉരചെയ്ക, ഉരയ്ക്കുക-പറക.

ഉരച്ഛദം-കപ്പായം, ചട്ട. മാറിനെ മറയ്ക്കുന്നതു് എന്നൎത്ഥം.

ഉരണൻ-ഒരസുരൻ. (ഇവനെ ഇന്ദ്രൻ കൊന്നു)

ഉരണ്കം-പ്ര. കുറിയാട്ട്. ഗമിക്കുന്നതു് എന്നൎത്ഥം. ആട്ടുകൊററൻ, മുട്ടാട്ട്, ആണാട്ട്, ചെമന്നആട്ട് ഇങ്ങിനെയും കാണുന്നുണ്ട്. വ. മേഷം. ന. മുത്തങ്ങ.

ഉരണാഖ്യം-തകര. മേഷത്തിൻെറ പേരുള്ളതു് എന്നൎത്ഥം.

ഉരണാക്ഷം-തകര.

ഉരണി-പെണ്ണാട്ട്.

ഉരതല്ലുക-പൊരുതുക.

ഉരത്ത-വി. പ്ര. വീൎയ്യമുള്ള. വ. പറഞ്ഞ. ന. വൎദ്ധിച്ച.

ഉരത്തകരുത്തൻ-സ്ഥിരകരുത്തൻ.

ഉരത്തവണ്ണം-പറഞ്ഞതുപോലെ.

ഉരത്തവൻ, ഉരത്തൻ-ബലവാൻ.

ഉരത്തശീല-കട്ടിത്തുണി.

ഉരത്തിടം-ശക്തിയുടെ ആധിക്യം.

ഉരത്തുക-ഉരുമ്മുക, തേയ്ക്കുക.

ഉരപ്പൻ-കരപ്പൻ, ഇരുമ്പുചീപ്പ്.

ഉരപ്പ്-പ്ര. കീൎത്തി. വ. തേപ്പ്, ഉരയ്ക്കുന്ന (തേയ്ക്കുന്ന) പ്രവൃത്തി.

ഉരഭ്രം-കുറിയാട്ട്. വട്ടമര [illegible]തു് എന്നൎത്ഥം ആട്ടുകൊററൻ, മുട്ടാട്, ആണാട്ട്, ചെമന്നആട് ഇങ്ങിനെയും പറയുന്നു.

ഉരംഗം, ഉരംഗമം-സൎപ്പം.

ഉരമരുന്ന്-ചെറിയകുഞ്ഞുങ്ങൾക്ക് [illegible] അരച്ചുകൊടുക്കുന്ന മരുന്ന്.

ഉരം-പ്ര ശക്തി, മാൎവ്വ്. വ ഉറപ്പ്. ന മാറു്. ര ഭാരം. ൪. സസ്യാദികളു

ടെ വളച്ച് കപായാകൃമായി നിലം പുര യിടങ്ങളിൽ ഇടുന്ന സാധനം, വളം. ന്ന. മാർവ്.

ഉരക്കോൽ-വള്ളക്കാരുടെ കോൽ.

ഉരമികം-വി. കീർത്തി അധികമുള്ള.

ഉരമ്മുക-ഉരയുക, അലറുക.

ഉരമ്പൽ-വലിയശബ്ദം. വ. മുറുമുറപ്പ്.

ഉരമ്പുക-ക്രി. ഉറക്കെ ശബ്ദിക്കുക. വ മുറുമുറക്കുക. ഉരമ്മുക എന്നുമാകാം.

ഉരയുക-ക്രി. തേയുക. വ. കായുക.

ഉരയ്ക്കുക-ക്രി. ഉരസുക, തേയ്ക്കുക. വ. മ ത്സരിക്കുക. ന. പൊന്നുമുതലായതു് ഉര ച്ചു മാററുനോക്കുക. ർ. പറയുക.

ഉരയ്പ്, ഉരപ്പ്-ക്രി. ഉരമ്പൽ, തേപ്പ്. വ. മത്സരം. ന. പൊന്നുംമററും ഉരച്ചു മാററുനോക്കുക. ർ. സംസാരം, വർത്ത മാനം. ഉ. കീർത്തി.

ഉരരി-അ. അംഗീകാരം. വ. വിസ്താരം.

ഉരരീകാരം-ക്രി. വാഗ്ദത്തം. വ. അംഗീ കാരം.

ഉരരീകൃതം-ക്രി. അംഗീകരിക്കപ്പെട്ട. ഉര രീകരിക്കപ്പെട്ട എന്നർത്ഥം. വ. വിടർക്ക പ്പെട്ട. ന. പ്രതിജ്ഞചെയ്യപ്പെട്ട.

ഉരൽ-നെല്ലുകുത്തുക, വല്ല തും പൊടിക്കുക മുതലാ യവയ്ക്കു കല്ലുകൊണ്ടോ മ രംകൊണ്ടോ ഒരുവശം കു ഴിച്ചുണ്ടാക്കുന്ന ഒരു വസ്തു.



പര്യായങ്ങൾ-ഉദൂഖലം (ഉദുഖലം), ഉ ലൂഖലം.

ഉരൽപ്പുര-നെല്ലുകുത്തുന്ന പുര.

ഉരവ്-ഉരപ്പ്.

ഉരസൽ-ക്രി. ഉരപ്പ്. വ. വാഗ്വാദം.

ഉരസിക്കുക-തേയ്ക്കുക, ഉരയ്ക്കുക.

ഉരസിജം-മുല. ഉരസ്സിൽ (മാറിൽ) ജനി ച്ചതു്.

ഉരസില-വി. നെഞ്ചുറപ്പുള്ള.

ഉരസിലൻ-പരന്ന മാറിടത്തോടു കൂടി യവൻ, മാറിടത്തിന്റെ വിശാലത കാ ണുമ്പോൾ ഇവൻ അധികം ബലമുള്ളവ നാണെന്നു അറിയുന്നതിനാൽ ഈ പേ രുണ്ടായി. മറെറാരുപര്യായം-ഉരസ്വാൻ

ഉരസുക-തേയുക, ഉരയുക.

ഉരഃസൂത്രിക-മുത്തുമണികൊണ്ടുണ്ടാക്കിയ താവടം (അയവായി കെട്ടുന്ന കണ്ഠാഭര ണം), മുത്തുമാല.

ഉരസ്ത്രാണം-ചട്ട, കവചം.

ഉരസ്യൻ-സവർണ്ണയായ ഭാര്യയിൽ തനി ക്കുതന്നെ ഉണ്ടായപുത്രൻ. മറെറാരുപ ര്യായം-ഔരസൻ.

ഉരസ്വൽ-വി. നെഞ്ചുറപ്പുള്ള, ബലമുള്ള [പും-ഉരസ്വാൻ. സ്ത്രീം-ഉരസ്വതി.]

ഉരസ്സ്-മാറിടം, ധൈര്യത്തെ ഗമിക്കുന്ന തു് എന്നർത്ഥം. മററുപര്യായങ്ങൾ-വ ത്സം, വക്ഷസ്സ്. [ക്രോഡം, ഭുജാന്തരം ഇവരണ്ടും കൂടി പര്യായമായി സ്വീകരി ക്കാമെന്നു കാണുന്നു.]

ഉരസ്സൂത്രം-പാമ്പ്.

ഉരി-ധാ. പറിഞ്ഞുപോകുക.

ഉരി-നാഴിയിൽ പാതിയായ അളവ്.

ഉരി-അ. ക്രി. വിസ്താരം. വ. അംഗീകാരം ന. പ്രതിജ്ഞ.

ഉരിച്ചിൽ, ഉരിപ്പ്-ക്രി. തൊലിക്ക. വ വസ്ത്രം അഴിച്ചുകളക.

ഉരിപ്പ്-ബലമുള്ള തടി.

ഉരിയൻ-കള്ളവൻ.

ഉരിയാടുക-മിണ്ടുക, സംസാരിക്കുക, പ റയുക, ശബ്ദിക്കുക. (ഉരിയാടൽ-പാ ച്ചിൽ. ഉരയാടൽ എന്നതിൽ നിന്നു വന്നതും.)

ഉരിയാട്ടം-സംസാരം, വർത്തമാനം.

ഉരിയുക-ക്രി. തൊലിക്കുക. വ. വസ്ത്രം അഴിച്ചുകളക.

ഉരിവ്-ഉരിച്ചിൽ.

ഉരീകൃത-വി. ൧. അംഗീകരിക്കപ്പെട്ട. ൨. വിടിക്കപ്പെട്ട. ൩. പ്രതിജ്ഞചെയ്യപ്പെട്ട.

ഉരു-൧. വലിയ. ൨. അധികമായ. പൎയ്യായങ്ങൾ-വിശങ്കടം, പൃഥു, ബൃഹത്ത്, പൃഥുലം, വിശാലം, മഹത്ത്, വഡ്രം, വിപുലം.

ഉരു-൧. രൂപം. ൨. ആവൎത്തി. ൩. ഒരുതുക (എണ്ണം.) ൪. കപ്പൽ. ൫. വെങ്കലപാത്രങ്ങൾ. ൬. ദേഹം. ൭. ആന.

ഉരുകുക-അലിയുക, ദ്രവിക്കുക, മൃദുവാകുക.

ഉരുക്കഴിക്കുക-ഉരുവിടുക, വളരെപ്രാവശ്യം ചൊല്ലിത്തോന്നിക്കുക.

ഉരുക്കം-൧. അലിച്ചിൽ. ൨. വ്യസനം.

ഉരുക്കാരൻ-കപ്പലോടിക്കുന്നവൻ.

ഉരുക്ക്-൧. ഉരുകിയ ഇരുമ്പ്. ൨. അലിച്ചിൽ

ഉരുക്കുക-അലിക്കുക, ദ്രവിപ്പിക്കുക, മൃദുവാക്കുക.

ഉരുക്കുനെയ്യ്-ഉരുക്കിയനെയ്യ്.

ഉരുക്കുപൊടി-ഉരുക്കിൻ്റെപൊടി.

[ഇതു ഗോമൂത്രത്തിൽശുദ്ധിചെയ്താൽ ശോഫത്തിന്നുനന്ന്. പാണ്ഡു, പ്ലീഹ, കുഷ്ഠം, അൎശസ്സ്, കണ്ണിലെ വ്രണശുക്ലാദികൾ ഇവ ശമിക്കുന്നതിന്നു കൊള്ളാം.]

ഉരുക്കുപൊന്ന്-പൊൻകട്ടി.

ഉരുക്കുമണി-ഒരാഭരണം.

ഉരുക്കുമണിക്കാതില-കാതിലിടുന്ന ഒരാഭരണം.

ഉരുക്കുവെള്ളി-വെള്ളിക്കട്ടി.

ഉരുക്കൂട്ടുക-ശേഖരിക്കുക.

ഉരുങ്ങുക-തേയുക, ഉരയുക.

ഉരുട്ടൻ-ചതിയൻ.

ഉരുട്ട്-൧. കള്ളസ്സ്വത്വം, കള്ളസ്സ്വഭാവം. ൨. ചതിവ്.

ഉരുട്ട്-ഉരുണ്ട, വൃത്തമുള്ള.

ഉരുട്ടുക-൧. കള്ളസ്സ്വത്വം കാണിക്കുക. ൨. ചതിക്കുക.

ഉരുണി-എല്ലിൻ്റെ തട്ട് (സ്ഥാനം.)

ഉരുണ്ട-വി. ഉണ്ടയായ, ഉരുണ്ടിരിക്കുന്ന.

ഉരുതമ-വി. വളരെ വലുതായ.

ഉരുതര-വി. ഏററവും വലുതായ. [തരം എന്നതിൽ കൂടിയതാണ തമം.]

ഉരുതരം-ഓരോ തരത്തിലുള്ള വസ്തു.

ഉരുതാ, ഉരുത്വം-വലിയത്, വലുപ്പം, മഹത്ത്.

ഉരുതി-ഭംഗി. [രീതി എന്നതിൻ്റെ തത്ഭവം]

ഉരുത്തരം-ചേൎന്നിരിക്കുന്ന ഭാഗങ്ങൾ.

ഉരുത്തിരളുക-ആകൃതിയിലാവുക.

ഉരുത്തിരിക്കുക-൧. ആകൃതിപ്പെടുത്തുക. ൨. വേർപെടുത്തുക.

ഉരുത്തിരിയുക-൧. ആകൃതിപ്പെടുക. ൨. വേർപെടുക.

ഉരുത്തികയുക-സാമാനങ്ങൾ മതിയാവുക.

ഉരുത്തിരിവ്-൧. ആകൃതിപ്പെടുത്തുക. ൨. വേർപാട.

ഉരുവൂകം-ആവണക്ക്. സംസ്കൃതത്തിൽ 'ഉരുബൂകം'

ഉരുപ്പടി-സാമാനം, ഓരോതരത്തിലുള്ള വസ്തു.

ഉരുബൂകം-ആവണക്ക്. വലിയ രോഗങ്ങളെക്കൂടെ മാററുന്നത്.

ഉരുമ്മൽ-മിനുസം വരുത്തുക.

ഉരുമ്മുക-൧. തേയ്ക്കുക, ഉരസുക.

'അംബരമുററുമുരുമ്മിച്ചാടും'

(ഉത്തരരാമായണം ചാപ്പ)

൨. മിനുസം വരുത്തുക. ൩. ഉഴിയുക. ൪. കടാക്ഷിക്ക. [ഉരുളുക എന്നും കാണുന്നുണ്ട്.]

ഉരുവം-രൂപം എന്നതിൻ്റെ തത്ഭവം.

'മൈഥിലിതിരുവുരുവം'

(രാമചരിതം)

ഉരുവഴിഞ്ഞുപോയി-കാണാതായി.

ഉരുവാക്കുക-ആകൃതിപ്പെടുത്തുക.

ഉരുവിടുക-ഉരുക്കഴിക്കുക, വളരെ പ്രാവശ്യം ചൊല്ലി തോന്നിക്കുക.

ഉരുവിടുവിക്കുക-ഉരുക്കഴിപ്പിക്കുക, വളരെപ്രാവശ്യംചൊല്ലിച്ചു തോന്നിപ്പിക്കുക.

ഉരുവോട്ടം-കപ്പലോട്ടം.

ഉരുസൽ-ത. വീഴ്ച. വ. കുഴപ്പം, ശണ്ഠ. ന. കാക. ര. മുടക്കം. ഉ. അലസൽ.

ഉരുസുക-ത. വീഴുക. വ. കായുക. ന. മുടങ്ങുക. ര. അലസുക. ഉ. കുഴയുക.

ഉരുള-ഉണ്ട, പിണ്ഡം. പര്യായങ്ങൾ-ഗ്രാസം, കബളം ഇവ രണ്ടും.

ഉരുളക്കട്ട, ഉറുളക്കട്ട-കൃഷിക്കുള്ള ഒരു ഉപകരണം.

[ഇത് കല്ലുരുൾപോലെ ഘനമുള്ള മരംകൊണ്ടു ചെയ്ത ഉരുൾത്തടിയാകുന്നു. ഈ കട്ടയുടെയും ഭൂമിയെ മൃദുവാക്കും. മണ്ണ് അമർന്നു വിത്തുകൾ ആഴത്തിൽ പോകുന്നതിനെ തടയും. ഭൂമിയെ വിത്തു വിതയ്ക്കത്തക്ക സ്ഥിതിയിൽ ആക്കുന്നതിന പൂട്ടൽ, പല്ലിത്തടി വലിക്കൽ, ഉരുളക്കട്ട വലിക്കൽ ഇവ പ്രാധാന്യപ്രവൃത്തികളാകുന്നു. ഉരുളക്കട്ടയ്ക്കു പകരം ചില സ്ഥലങ്ങളിൽ മരക്കഷണമായ പലകയോ ഉപയോഗിച്ചുവരുന്നു.]

ഉരുളൻ-വി. ഉരുണ്ടിരിക്കുന്ന.

ഉരുളപ്പലിശ-പലിശയ്ക്കുപലിശ.

ഉരുളി-ഒരുമാതിരി ഓട്ടുപാത്രം.

ഉരുളിക്കുക-ഉരുളുന്നതിനിടയാക്കുക.

ഉരുളുക-ത. മറിഞ്ഞുതിരിഞ്ഞു മറിഞ്ഞുതിരിഞ്ഞു പോവുക. വ. ഉണ്ടയാവുക.

ഉരുൾ-ചക്രം, വണ്ടി.

ഉരുൾച്ച-ഉരുളുക.

ഉരുൾത്തടി-ത. വെട്ടിയെറിച്ചമരം. വ. റൂൾത്തടി.

ഉരോജം-മുല. ഉരസ്സിൽ ജനിച്ചത് എന്നർത്ഥം.

ഉർവ്വര-എല്ലാസസ്യങ്ങളും വിളയുന്നഭൂമി. ദാരിദ്ര്യത്തെ നശിപ്പിക്കുന്നതെന്നർത്ഥം. ധനികന്മാരെ വരിക്കുന്നതു് എന്നുമാകാം. വ. ഭൂമി.

ഉർവ്വരാവരൻ-സർവസസ്യസമ്പന്നയായ ഭൂമിയുടെ നായകൻ.

ഉർവ്വശി-ത. ഒരു ദേവസ്ത്രീ. ഏററവും പ്രകാശിക്കുന്നവൾ, നാരായണമഹർഷിയുടെ തുടയിൽനിന്നു ജനിച്ചവൾ, വളരെപ്പേരെ വശീകരിക്കുന്നവൾ എന്നർത്ഥം.

[ഈ അപ്സരസ്ത്രീ പുരൂരവസ്സിൻെറ ഭാര്യയായിതീർന്നു. മിത്രനും വരുണനും കൊടുത്ത ശാപംകൊണ്ടാണ് അവൾ ഭൂമിയിൽ ജനിപ്പാനിടയായതു്. മിത്രാവരുണന്മാർ അവളെക്കണ്ടു മോഹിക്കുകനിമിത്തം അഗസ്ത്യനും വസിഷ്ഠനും ഉത്ഭവിച്ചു. പുരൂരവസ്സിൻെറ ഭാര്യയായിരുന്നു. കുറച്ചുകഴിഞ്ഞു ശാപം തീർന്നഉടൻ തിരിയെ സ്വർഗ്ഗംപ്രാപിച്ചു.] വ. ആഗ്രഹം, കാംക്ഷ, ഉത്സാഹം. ന. ഒരു വൃത്തം. അതിജഗതിഛന്ദസ്സിൽ പെട്ടതു്. പാദംഒന്നിൽ അക്ഷരം ൧൩ വീതംകാണും.

'നതതംഗംവരുന്നെങ്കിലാമുർവശി'

(വൃത്തമഞ്ജരി)

ഉർവ്വശീതീർത്ഥം-ഭാരതത്തിലെ ഒരു പുണ്യസ്ഥലം.

ഉർവ്വശീവിലാസം-ഒരുതരം വസ്ത്രം.

'ഉർവശീവിലാസാഢ്യമാംവസ്ത്രവും
ഉർവ്വദേവ! ലഭിച്ചെങ്കിലത്ഭുതം'

(മുറജപപ്പാന)

ഉർവ്വാരു-ത. വെള്ളരി. മൂത്രത്തെ ധാരാളമായി പ്രേരിപ്പിക്കുന്നതു് എന്നർത്ഥം. വ. പേക്കുമ്മട്ടി.

ഉർവ്വാരുകം-വെള്ളരി. വ. പേക്കുമ്മട്ടി.

ഉർവി-വി. മഹത്തായ, വലുതായ.

ഉർവി-ഭൂമി. പാതാളലോകത്തെ മറയ്ക്കുന്നതു് എന്നർത്ഥം.

ഉർവീതലം-ഭൂലോകം.

ഉർവീധരം-പർവതം, ഉർവിയെധരിക്കുന്നതു്

ഉർവീധവൻ-രാജാവ്, ഭൂമിയുടെ ഭർത്താവ് എന്നർത്ഥം.

ഉർവീപതി-രാജാവ്.

ഉർവീന്ദ്രൻ-രാജാവ്.

ഉർവീഭൃത്ത്-പു. രാജാവ്. 2. പർവതം.

ഉർവീരുഹം-വൃക്ഷം. ഉർവിയിൽ മുളയ്ക്കുന്നതു.

ഉർവീശൻ, ഉർവീശ്വരൻ-രാജാവ്

ഉർവീസുരൻ-ബ്രാഹ്മണൻ. ഉർവിയിലെ സുരൻ (ദേവൻ).

ഉല-ധാ. ഇളകുക, അയവുവരുക.

ഉല-പു. ലോഹാദികൾ ഉരുക്കുന്നതിക്കുഴി, മൂശ. 2. ഉലയത്താൽ. ന. മാംസച്ചാറ.

ഉലകം-ലോകം.

ഉലക്കം-നടുക്കം.

ഉലക്ക-നെല്ലു കുത്തുന്നതിനുള്ള ഒരു ആയുധം. ഉലയ്ക്ക എന്നതു നോക്കുക.

ഉലക്കൊടിൽ-കൊടിൽ, തീയിൽനിന്ന് എടുക്കുന്നതിനും മററുമുള്ള ഒരു ഇരുമ്പു സാധനം.

ഉലച്ചിൽ, ഉലച്ചൽ-പു ഇളക്കം, കലുക്കം. 2 വ്യാകുലം. ന. ക്ഷയം.

ഉലത്തോൽ-ഉലയിൽവെച്ചൂതുന്നതോൽ. പര്യായങ്ങൾ-ഭസ്ത്രം, ചർമ്മപ്രസേവിക.

ഉലപം-ഇലകളും പുള്ളികളും ഉള്ളവള്ളി. മറയ്ക്കുന്നതു് എന്നർത്ഥം. 2. പടർന്നുപിടിച്ച വള്ളി.

ഉലം-ഒരു കാട്ടു ജന്തു.

ഉലയ-ഉലയത്തക്കവണ്ണം.

'ഭുവനതലമുലയമുദ്ധരചരി'
(അദ്ധ്യാത്മരാമായണം)

ഉലയുക-പു. ഇളകുക, ആടുക. 2. ക്ഷീണിക്കുക. ന. ഉടവുതട്ടുക.

ഉലയ്ക്ക-പു. നെല്ലുകുത്തുന്നതിനുള്ള ഒരു സാധനം. പര്യായങ്ങൾ-അയാഗ്രം, മുസലം. 2 ഇളക്കം.

ഉലയ്ക്കുക-ഇളക്കുക, ആട്ടുക. 2. ക്ഷീണിപ്പിക്കുക, തോല്പിക്കുക. ന. ഉണ്ടാവുക.

ഉലയ്വു-പു. കലുക്കം. 2. ക്ഷീണത.

ഉലരുക-ഉണങ്ങുക, പൊരിയുക, നീരുവലിയുക, വാടുക.

ഉലർക്കുക, ഉലർത്തുക-ഉണക്കുക, പൊരിക്കുക, നീരുവലിയിക്കുക.

ഉലർച്ച-ഉണക്ക്.

ഉലർപ്പ്-ഉണക്ക്.

ഉലവ്-പു. ഉണക്ക്. 2. കലുക്കം.

ഉലാത്തുക - വിശ്രമാർത്ഥം അങ്ങുമിങ്ങോട്ടും പതുക്കെപ്പതുക്കെ നടക്കുക.

ഉലാവിന-ലഭിക്കുന്ന, ഉള്ള.

ഉലാവുക-പു. നടക്കുക, സഞ്ചരിക്കുക. 2. കോഴി മുട്ടയിടുന്നതിനു സ്ഥലം അന്വേഷിച്ചു നടക്കുക. ന. പ്രാപിക്കുക, പറവുക. ൪ ലഭിക്കുന്ന, ഉള്ള.

'എന്നെയുമെയ്യാമെയ്യുലാവും'
'ഹനുമാനെ മന്നംകലന്തലാവീ-
ട്ടനരോമാഞ്ച കഞ്ചുകമഞ്ചിതമാംഗം'
(ഉത്തരരാമായണം ചമ്പു)

ഉലുമ്പ്-പു ദുർഗ്ഗന്ധം. 2. ദുസ്സ്വാദ്.

ഉലുവാ-ഒരങ്ങാടിമരുന്നു അറബിഭാഷയാണ്.

[ഉലുവായ്ക്കു വെന്തയം എന്നും പറയും. വാതത്തിനും വയററിക്കുടപ്പത്തിനും നീർദോഷത്തിനും നന്ന്. വാതരക്തത്തിനു വിശേഷം].

ഉലുവാൻ-കുന്തുരുക്കം.

ഉലൂകൻ-പു. ഇന്ദ്രൻ 2. കൌരവന്മാരുടെ ഇഷ്ടനായ ഒരു രാജാവ് (ഈ ഉലൂകനെ കൌരവർ പാണ്ഡവന്മാരുടെ സമീപത്തു ദൂതനായി അയയ്ക്കുകയുണ്ടായിട്ടുണ്ട്. ഉലൂകന്റെ രാജ്യം ഉലൂകം)

ഉലൂകം-പു. മൂങ്ങ, മൂമൻ. കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നതു് എന്നർത്ഥം. നേത്രജ്യോതിസ്സുകൊണ്ടു കാക്കകളെ ഹേമിപ്പിക്കുന്നതു് എന്നുമാകാം. 2. ആനയുടെ ഒരു ഭേദം. ന. ഒരു രാജ്യം. [ഉലൂകൻ എന്ന രാജാവായ, കൌരവരുടെ ഒരു ഇഷ്ടൻ ഭരിച്ചിരുന്നതു്.]

ഉലൂഖലകം-പു. ഖൽഖലം ആകാശത്തെ വ്യാപിക്കുന്നതു് എന്നൎത്ഥം. വ. ഉരൽ

ഉലൂഖലം-പു. ഉരൽ. വ. ഗുഗ്ഗുലു. [മലയാളികൾ പറയുന്നതു ഗുൽഗുലു].

ഉലൂഖലിക-വി. ഉരലിൽ ഉലക്കകൊണ്ടു് ഇടിച്ചുപൊടിച്ച.

ഉലൂപി-പു. കൊഴുമീൻ. ആശ്ചൎയ്യകരമായ രൂപമുള്ളതു്, ശിവനു സദൃശമായ രൂപമുള്ളതു്. മറെറാരുപൎയ്യായം-'ശിശുകം'. വ. ഒരു നാഗരാജ്ഞി, അൎജ്ജുനന്റെ ഒരു ഭാൎയ്യ. ഇവളിൽ അൎജ്ജുനനു് ഇരാവാൻ ജനിച്ചു.

[ഉലൂപി നാഗരാജാവായ കൌരവ്യന്റെ പുത്രിയാണു്. ഒരിക്കൽ അവൾ ഗംഗയിൽ കുളിക്കുമ്പോൾ അൎജ്ജുനനെ കണ്ടു മോഹിച്ചു പിടിച്ചു പാതാളത്തിൽ കൊണ്ടുപോയി. അനന്തരം അൎജ്ജുനൻ അവളെ ഭാൎയ്യയാക്കി. ബഭ്രുവാഹനൻ അൎജ്ജുനനെ കൊന്നപ്പോൾ ഇവൾ ജീവിപ്പിച്ചു.]

ഉലൂതം-പെരുമ്പാമ്പു, അജഗരം.

ഉല്കൻ-ഒന്നിൽ അധികം താല്പൎയ്യപ്പെട്ട മനസ്സോടുകൂടിയവൻ.

ഉല്കാമാലി-ശിവന്റെ ഭൃത്യരിൽ ഒരുവൻ

ഉല്കാമുഖൻ-ഒരു അസുരൻ. മുഖത്തു തീയുള്ളവൻ ആകയാൽ ഈ പേർ വന്നു.

ഉല്ക-പു. തീക്കൊള്ളി. കത്താത്ത തീക്കൊള്ളി. വ. കൊള്ളിമീൻ, ജ്യോതിഃപുഞ്ജം. ന. മിന്നൽ

ഉല്പന്നം-പു. ഉത്ഭവിച്ചതു്. വ. ലഭിച്ചതു. ന. ജനിച്ചതു.

ഉല്ബം-പു. ഗൎഭപിണ്ഡം. കൂടിയിരിക്കുന്നതു് എന്നൎത്ഥം. വ. മറുപിള്ള.

ഉല്ബണം-സ്പഷ്ടം. വ. അധികം.

ഉല്മുകം-പു. തീക്കൊള്ളി. കത്തുന്നതു എന്നൎത്ഥം. മറെറാരുപൎയ്യായം-'അലാതം'. വ. കരിക്കൊള്ളി.

ഉല്ലംഘനം-പു. കടക്കുക. വ. തിര.

ഉല്ലംഘിക്ക-ചാടിക്കടക്കുക.

ഉല്ലംഘിത-വി. കടക്കപ്പെട്ട.

'ഉല്ലംഘിതാജ്ഞന്മാരെക്കൊല്ലും സന്ദേഹമില്ല'
(നളചരിതം കഥകളി)

ഉല്ലല-വി. ഇളകുന്ന, വിറയ്ക്കുന്ന.

ഉല്ലസിക്കുക-പു. സന്തോഷിക്കുക. വ. വിടരുക. ന. ശോഭിക്കുക.

ഉല്ലസിത-വി. പു. സന്തോഷിച്ച. വ. വിടൎന്ന. ന. പ്രകാശിക്കപ്പെട്ട.

ഉല്ലാഘ-വി. രോഗം മാറിയ.

ഉല്ലാഘൻ-രോഗം മാറി സുഖപ്പെട്ടവൻ. എല്ലാം ചെയ്യുന്നതിനു നിപുണൻ എന്നൎത്ഥം.

ഉല്ലാഘവം-ഉൽകൃഷ്ടമായ ലാഘവത്തോടുകൂടിയതു്.

'പാൎത്താൽ ക്ഷീണമതെങ്കിലും ദൃഢതകൊ-
ണ്ടുല്ലാഘവം സ്വാമിതൻ'
(അഭിജ്ഞാനശാകുന്തളം)

ഉല്ലാപം-പു. കൊഞ്ചിപ്പറക. വ. കണ്ഠരോധസ്വരം.

ഉല്ലാസം-പു. സന്തോഷം. വ. കാണ്ഡം. ന. വിടൎച്ച.

ഉല്ലീഢ-പു വി. ഉരയ്ക്കപ്പെട്ട, തേയ്ക്കപ്പെട്ട. വ. വൃത്തിയാക്കിയ, തേജസ്സുണ്ടാക്കിയ, മിനുക്കിയ.

'മണിശ്ശാണോല്ലീഢഃ' (ഭൎത്തൃഹരി)

ഉല്ലേഖനം-പു. എഴുത്തു്. വ. പൊ...ക. ന. കിള. ര. ചുരണ്ടുക. ൫. ഒപ്പു്.

ഉല്ലേഖം-പു. ഒരലങ്കാരം. പല ഗുണങ്ങളുള്ള ഒരു വസ്തുവിനെ അവയിൽ ഓരോന്നിനെ പ്രമാണിച്ചു് ഓരോന്നാക്കി കല്പിക്കുന്നതു്.

'ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ
കാമനെന്നിവനെ സ്ത്രീകൾ
കാലനെന്നാൎത്തവൈരികൾ'
(ഭാഷാഭൂഷണം)

വ. തേയ്ക്കുക(തേപ്പ്), ഉരപ്പ്. ന. ക്ള

ഉല്ലേപികാ-കഴയ്യ്.

ഉല്ലോചം-മേൽക്കെട്ടി. മേൽഭാഗത്തുശോഭിക്കുന്നത്. മറെറാരുപര്യായം-'വിതാനം'.

ഉല്ലോലം-വലിയ തിരമാല, മേല്പെട്ടു പൊങ്ങിച്ചാടുന്നത്. മറെറാരുപര്യായം-കല്ലോലം.

ഉവക്കുക-പ്ര. സ്നേഹിക്കുക. വ. സന്തോഷിക്കുക. ന. വിശ്വസിക്കുക.

ഉവന്ന്-വാത്സല്യത്തോടുകൂടി.

'ഉത്തമനാമിന്ദ്രൻ മമ താതനു-
വന്നേ തന്നൊരു കാഞ്ചനമാല'

ഉവപ്പ്-പ്ര. സ്നേഹം. വ. സന്തോഷം.

ഉവരി, ഉമരി-കടൽ.

ഉവർ-ഓര്, (സമുദ്രത്തിലെ വെള്ളത്തിന്റെ) ഉപ്പുരസം.

ഉവർകാലി-ജലത്തിൽ കിടപ്പാൻ ആഗ്രഹിക്കുന്ന പോത്തും മററും.

ഉവർനിലം-ഉവർവെള്ളംകേറുന്നസ്ഥലം

ഉവന്തരിക-ദാനമായി തരിക.

'സുവർണ്ണമണിമുക്താഭരണവസ്ത്രാദിക-
ളുവന്തരുമവൻഞാൻനിനക്കുവേണ്ടുവോളം'
(ഭാരതം)

ഉവർമണ്ണ്-ഉവർനിലത്തിലെ മണ്ണ്.

[ഇതിനു മൂത്രക്ഷാരമണ്ണെന്നും പേരുണ്ട്. മൂത്രകൃച്ഛ്രം, ഗുന്മം, കഫം, മേദസ്സ് യോനിദോഷം ഇവയെ കളയും].

ഉവർവെള്ളം-സമുദ്രത്തിലെ വെള്ളം.

ഉവരുപ്പ്-മണ്ണുപ്പ്.

[ഇതിനെ ഭൂനീർ എന്നും പറയും. ഇത് ഉവരമണ്ണിൽ വിളയുന്നതാണ്.]

ഉവവി-പ്ര. വാത്സല്യം. 'ഉവന്' എന്നതു നോക്കുക. വ. ആഗ്രഹം, കാംക്ഷ. ന. ചാർത്ത്.

ഉവാ-തികവ്.

ഉവ്വ്-ഒരു പ്രധാന വ്യാക്ഷേപകം. അനുസരിക്കുന്ന ഒരു വാക്ക്.

ഉശനസ്സ്-ശുക്രമഹർഷി, അസുരന്മാരുടെ ശ്രേയസ്സിനെ ഇച്ഛിക്കുന്നവൻ.

[ഇദ്ദേഹം അസുരന്മാരുടെ ആചാര്യനാണ്. ഒരു ധർമ്മശാസ്ത്രഗ്രന്ഥവുംനിർമ്മിച്ചിട്ടുണ്ട്.]

ഉശാനി-ഒരു രാഗം.

ഉശീനരൻ-ശിബിയുടെ പിതാവ്.

ഉശീനരാ-ഒരു ദേശം (കണ്ടഹാർ).

ഉശീരം-രാമച്ചത്തിൻ വേര്, ഇച്ഛിക്കപ്പെടുന്നത് എന്നർത്ഥം. മററു പര്യായങ്ങൾ-അഭയം, നളദം, സേവ്യം, അമൃണാളം, ജലാശയം, ലാമജ്ജകം, ലഘുലയം, അവദാഹം, ഇഷ്ടകാപഥം.

ഉഷ-അ. പുലർകാലം, രാത്രിയുടെ അവസാനം.

ഉഷ-പ്ര. പ്രഭാതകാലം. ഉഷസ്സ് എന്നതിന്റെ പാഠഭേദം, വ. ഓർപ്പുളിയുള്ള മണ്ണ്. ഊഷം എന്നതിന്റെ പാഠാന്തരം. ന. കലം, പാന. ഉഖ എന്നതിന്റെ പാഠഭേദം. ര. അനിരുദ്ധന്റെ ഭാര്യ, ബാണാസുരന്റെ മകൾ, ബലിയുടെ പൌത്രി. (ഉഷാപതി എന്നതുനോക്കുക)

ഉഷംഗു-ശിവൻ.

ഉഷണം-മുളക്. ദഹിപ്പിക്കുന്നത് എന്നർത്ഥം. ഊഷണം എന്നതിന്റെ പാഠാന്തരം.

ഉഷണാ-തിപ്പലി. ചുട്ടെരിക്കുന്നത്. ഊഷണാ എന്നതിന്റെ പാഠഭേദം.

ഉഷതി-അമംഗലവചനം. രുശതി എന്നതിന്റെ പാഠാന്തരം.

ഉഷപൻ-പ്ര. അഗ്നി. വ. സൂര്യൻ.

ഉഷർബുധൻ-അഗ്നി. പ്രഭാതകാലത്തിൽ പ്രകാശിക്കുന്നവൻ, സന്ധ്യകളിൽ ഉണരുന്നവൻ. [സന്ധ്യാസമയങ്ങളിൽ ഉപാസനാദികർമ്മങ്ങൾക്ക് വേണ്ടി അഗ്നി

യെ ജ്വലിപ്പിക്ക പതിവായതുകൊണ്ടു ഇങ്ങിനെ അൎത്ഥം.

ഉഷസ്യക-വെളിച്ചമാവുക.

ഉഷസ്സ്-പ്രഭാതകാലം. ഇരുട്ടിനെ അശേഷം കളയുന്നതു് എന്നൎത്ഥം.

ഉഷാപതി-അനിരുദ്ധൻ. ബാണപുത്രിയായ ഉഷയുടെ ഭൎത്താവു് എന്നൎത്ഥം.

[ഉഷ ഒരു രാത്രിയിൽ അതിസുന്ദരനായ ഒരുവനെ സ്വപ്നത്തിൽ കണ്ടു ഞെട്ടിയുണൎന്നു. അതു മൂലം അവൾ നിദ്ര വെടിഞ്ഞു വിവശയായി. അനന്തരം തന്റെ സഖിയായ ചിത്രലേഖ ഉഷയുടെ ദീനഭാവം കണ്ടു് അവളോടു് അതിന്റെ കാരണം ചോദിച്ചു. അവൾ സൎവ്വാവയവസൌന്ദൎയ്യമുള്ള ഒരുവനെ സ്വപ്നത്തിൽ കണ്ടതായും ഇന്നാരെന്നു നിശ്ചയമില്ലെന്നും അവനെ കൂടാതെ ജീവിച്ചിരിക്കുക പ്രയാസമെന്നും സഖിയോടു പറഞ്ഞു. ഉടൻ പല രാജാക്കന്മാരുടെയും ഛായാപടം ചിത്രലേഖ വരച്ചു കാണിച്ചു. അനിരുദ്ധന്റെ പടം കണ്ടപ്പോൾ താൻ ഇദ്ദേഹത്തെത്തന്നെയാണു സ്വപ്നത്തിൽ കണ്ടതെന്നും മറ്റും പറഞ്ഞു പടത്തെ ആലിംഗനാദികൾ ചെയ്തു. ഇതു കണ്ടു് അളവറ്റ കൃപാതോന്നിയ തോഴി ഉടൻ ശോണിതപുരത്തെ പ്രാപിച്ചു നിദ്രയിൽ കിടന്ന അനിരുദ്ധനെ ആരും അറിയാതെ രാത്രി തന്നെ എടുത്തു ഉഷയുടെ സമീപത്താക്കി. ഈ മോഷണം ഹേതുവായിട്ടു കൃഷ്ണൻ, ബലഭദ്രൻ മുതലായവർ ഒരു പക്ഷമായും ബാണൻ, ശിവൻ മുതലായവർ മറ്റൊരു പക്ഷമായും ഘോരയുദ്ധം നടന്നു. ഒടുക്കം കൃഷ്ണൻ ബാണന്റെ കരങ്ങളെ ഛേദിച്ചു. പ്രഹ്ലാദവംശജനാകയാൽ കൊന്നില്ല. ബാണൻ സന്തോഷിച്ചു തന്റെ മകളായ ഉഷ എന്ന സുന്ദരിയെ അനിരുദ്ധനായി കൊണ്ടു കൊടുത്തു. എല്ലാവരുടെയും സമ്മതത്തോടു കൂടി അവർ രണ്ടാളും ഭാൎയ്യാഭൎത്താക്കന്മാരായി ഭവിച്ചു. അനിരുദ്ധനെ ഝഷാങ്കൻ എന്നും ഉഷാപതി എന്നും കൂടെ വിളിക്കാറുണ്ടു്. ഈ ദമ്പതികൾക്കു് വജ്രൻ എന്ന പേരായി ഒരു പുത്രനുണ്ടായിരുന്ന പ്രകാരം കാണുന്നു.]

ഉഷിത-വി. ൧. വസിക്കപ്പെട്ട. ൨. പഴകിയ. ൩. ചുട്ട, ദഹിപ്പിക്കപ്പെട്ട.

ഉഷ്ട്രം-ഒട്ടകം. എപ്പോഴും വെയിലുകൊണ്ടു തപിക്കുന്നതു് എന്നൎത്ഥം.

ഉഷ്ട്രകണ്ടകഭോജനന്യായം-"ഒട്ടകം വളരെ പ്രയാസപ്പെട്ടു മുള്ളു തിന്നുന്നു. അതുകൊണ്ടു ഫലമോ വളരെ സ്വല്പം. ഉപയോഗത്തിന്റെ സന്ദൎഭം സ്പഷ്ടം."

ഉഷ്ണ-വി. ചൂടുള്ള.

ഉഷ്ണക-വി. ൧. ചൂടുള്ള. ൨. സാമൎത്ഥ്യമുള്ള.

ഉഷ്ണകരൻ-സൂൎയ്യൻ.

ഉഷ്ണകം-പനി.

ഉഷ്ണകിരണൻ-സൂൎയ്യൻ.

ഉഷ്ണഗു-സൂൎയ്യൻ.

ഉഷ്ണദീധിതി-സൂൎയ്യൻ.

ഉഷ്ണൻ-മടികൂടാതെ കാൎയ്യങ്ങളിൽ പ്രവൎത്തിക്കുന്നവൻ.

ഉഷ്ണപുണ്ണു-ഗുഹ്യരോഗം, പിത്തപ്പുണ്ണ്.

ഉഷ്ണബാഷ്പം-കണ്ണുനീർ.

ഉഷ്ണം-൧. ഗ്രീഷ്മൎത്തു. ചുട്ടിരിക്കുന്ന കാലം എന്നൎത്ഥം. ൨. ചൂടു്. ഉഷ്ണം> <ശീതം. ൩. എരിവു്. ൪. ഉള്ളി.

ഉഷ്ണമേഖല-ഉത്തരായനത്തിനും ദക്ഷിണായനത്തിനും മദ്ധ്യത്തുള്ള ഭാഗം. [ഇവിടെ സൂൎയ്യനെ എപ്പോഴും തലയ്ക്കു നേരെ (മുകളിൽ) കാണാം.] ഭൂമിയിൽ മദ്ധ്യരേഖയ്ക്കടുത്ത ഭാഗം.

ഉഷ്ണരശ്മി-ആദിത്യൻ. ചൂടുള്ള രശ്മികളുള്ളവൻ എന്നൎത്ഥം.

ഉഷ്ണരുചി-ആദിത്യൻ.

ഉഷ്ണവാതം-ഒരു രോഗം.

[വ്യായാമം, വഴിനടക്കുക, വെയിൽകൊള്ളുക എന്നിവകൊണ്ടു പിത്തം അധികമായി വാതത്തൊന്നിച്ചു വസ്തിയിൽ എത്തി അവിടെയും ലിംഗം ഗുദം ഇവിടങ്ങളിലും ദാഹത്തെ ഉണ്ടാക്കി മൂത്രത്തെയൊ രക്തത്തെയൊ വീണ്ടുംവീണ്ടും പണിപ്പെട്ടു ഒഴിപ്പിക്കും. മൂത്രം മഞ്ഞനിറമായൊ ചെറുചെമപ്പായൊ ഇരിക്കും.]

ഉഷ്ണവാരണം-കുട.

ഉഷ്ണാഗമം-വേനൽക്കാലം.

ഉഷ്ണാംശു-സൂൎയ്യൻ. ഉഷ്ണാംശു > < ശീതാംശു.

ഉഷ്ണാംശുകൻ-ആദിത്യൻ.

ഉഷ്ണിക-കഞ്ഞി, ചൂടുകഞ്ഞി.

ഉഷ്ണിക്ക്-ഒരു ഛന്ദസ്സ്. ഒരു പാദത്തിൽ അക്ഷരം ൭.

ഉഷ്ണിക്കുക-ചുടുക, ചൂടുവരുക.

ഉഷ്ണിപ്പിക്കുക - ചുടുവിക്കുക, ചൂടുവരുത്തുക.

ഉഷ്ണീഷം-പു. തൊപ്പി, തലപ്പാവു്. വ. തലയിൽകെട്ടു്, കിരീടം. ഉഷ്ണത്തെ നശിപ്പിക്കുന്നതു് എന്നൎത്ഥം.

ഉഷ്ണേതര-വി. തണുത്ത.

ഉഷ്ണേതരാംശു-ചന്ദ്രൻ.

'ഉഷ്ണേതരാംശു ദിവാകരലോചനൻ'
(ഭാഗവതം)

ഉഷ്ണോദകം-ചൂടുവെള്ളം.

ഉഷ്ണോപഗമം-ഗ്രീഷ്മൎത്തു, ഉഷ്ണത്തെ പ്രാപിക്കുന്നതു് എന്നൎത്ഥം.

ഉഷ്മം, ഉഷ്മകം-പു. ഗ്രീഷ്മൎത്തു. വ. ചൂടു്. ന. കോപം. ദ. ഉത്സാഹം, താല്പൎയ്യം.

ഉഷ്മാഗമം-ഗ്രീഷ്മൎത്തു

ഉസ്രൻ-സൂൎയ്യൻ.

ഉസ്രം-പു. രശ്മി. വ. ജലത്തിന്റെ നിവാസസ്ഥാനം (ഇതിനകത്തു ജലമുണ്ടു്) എന്നൎത്ഥം. വ. കാള ന. ദിവസം.

ഉസ്രാ-പു. പശു. ഇതിൽ ക്ഷീരം ഇരിക്കുന്നതിനാൽ ഈ പേർ വന്നു. നല്ലമതിപ്പുള്ളു എന്നും അൎത്ഥം കാണുന്നു. വ. ഒരു ചെടി. ന. പ്രഭാതം. ദ. പ്രകാശമാനമായ ആകാശം. ഉ. ഭൂമി.

ഉസ്രികാ-പു. കാളക്കുട്ടി. വ. പ്രായം അധികമായ കാള.

ഉസ്രികാ-പശു.

ഉസ്രിയം-കാള.

ഉസ്രിയാ-പു. പശു. വ. രശ്മി, പ്രകാശം. ന. കന്നുകുട്ടി. ദ. പാൽ.

ഉള-ഉള്ള.

ഉളക, ഉളവു-ആയുധാഭ്യാസത്തിൽ ഒരു പ്രധാനഭാഗം.

ഉളയുക,ഉളക-നോവുക, വേദനപ്പെടുക.

ഉളയ്മ-പു. ശബ്ദിക്ക (തമിഴ്). വ. ചളുകളിക്ക

ഉളവാകുക-ഉണ്ടാവുക.

ഉളവു്-പു. ഉത്ഭവം. വ. ഉളയുക.

ഉളറുക-കഥയില്ലാത്തു പറക.

ഉളി-മരം പണിയുന്ന ആയുധം.

ഉളിയച്ചൻ-പ്രസിദ്ധിയുള്ള ഒരു കീഴ്ജാതിജ്ഞാനി. ഉളിയന്നൂർപെരിന്തച്ചൻ.

ഉളിന്ദൻ-ശിവൻ.

ഉളിയം-കരടി. (തമിഴ്).

ഉളിയുക-നോക്കുക.

ഉളു-മരത്തിലുള്ള പുഴു.

ഉളുക്കു്, ഉളുക്കൽ-കൊളുത്തു, ഇടച്ചു.

ഉളുക്കുക-പു. കൊളുത്തുക, ഇടറുക. വ. മരപ്പുഴു മൂലം ചീത്തയാവുക.

ഉളുപ്പു്-പു. ലജ്ജാശീലം. വ. നാണം. ന. ഉളുച്ചു.

ഉളുമ്പ്-ധാന്യത്തിലുള്ള ഒരു വക പുഴു.

ഉളെ, ഉള്ളെ-ഉള്ളിൽ.

ഉള്ള-വി. പ്ര. ഭവിക്കുന്ന. വ. ഹനരായ. നു. ചേൻ.

ഉള്ളകം-പ്ര. അകത്തെ മുറി.

'വെണ്ണയും പാലും വെച്ചുള്ള കാകം'

(കൃഷ്ണഗാഥ)

വ. ഹൃദയം.

ഉള്ളം-പ്ര. മനസ്സ്. വ. അകം.

ഉള്ളങ്കാൽ-കാലിന്റെ അകം.

ഉള്ളങ്കൈ-കൈയുടെ അകം, കൈപ്പടം. പര്യായങ്ങൾ-പഞ്ചശാഖം, ശയം, പാണി.

ഉള്ളവണ്ണം-അ. പ്ര. സത്യമായിട്ട്. വ. ഉള്ളതുപോലെ.

ഉള്ളഴിയുക-ഭയതോന്നുക, മനസ്സഴിയുക.

ഉള്ളഴിവ്-ഭയ, മനസ്സലിവ്.

ഉള്ളറ-പ്ര. അകത്തെകം. വ. ഗർഭഗൃഹം. ഗർഭാഗാരം, അമ്പലങ്ങളിൽ വിഗ്രഹ പ്രതിഷ്ഠ ചെയ്തിട്ടുള്ളഗർഭഗൃഹം. ന. പെട്ടികകത്തുള്ള അറ.

ഉള്ളറിവ്-മനസ്സറിവ്.

ഉള്ളാക്ക്-കരടിയുടെ അലച്ച.

ഉള്ളാടൻ-കാട്ടുമനുഷ്യൻ. വ. വേടൻ. നു. കൊച്ചിമലയടിക്കുള്ളൊരുവകവേടന്മാർ

ഉള്ളാളൻ-പ്ര. കോഴിക്കോട്ടു അരിയളവു കൊട്ടുക്കുന്ന ഒരു ജാതിയിൽ പെട്ടവൻ, പള്ളിച്ചാൻ വ. ഉള്ളാടൻ.

ഉള്ളി-ഒരു ശൃംഗാടിമരുന്ന്. (ഇതു രണ്ടു വിധം. ചെമന്നുള്ളി, വെളുത്തുള്ളി)

ഉള്ളു-പ്ര. അകം. വ. ഹൃദയം. ന. സൂക്ഷ്മസ്ഥിതി, വിശാസ്യത. ര. ഒരാളു ഗ്രഹിപ്പിക്കാതെ മറ്റൊരാളോടു യോജിച്ചിരിക്കുന്ന സ്ഥിതി.

ഉള്ളുണർച്ച-അറിവ്, ബോധം.

ഉള്ളുരുക്കം-മന്മഴൽ, ഉൾച്ചൂട്.

ഉള്ളൂക്ക്-ഉൾബലം, ധൈര്യം, കട്ടപ്പ്.

ഉള്ളൂരി-അകത്തെ തൊലി, കനംകുറഞ്ഞ തോൽ.

ഉൾ-അ. അകം, പൂർവശബ്ദമാകുന്നത്.

[ചെം, വെൾ, വെറ, ഇള, തെളി, മുതു, പുതു, പഴ, കടു, കൊടു, അര. ഒൺ, നൽ, പശ്(പൈ), താഴ്, കീഴ്, മേൽ, കുളിർ, ഒരു, ഉൾ, നേർ, ചേരു, ചെറ, പൊറ, പൊലി, എളി, കിഴ, പഴ്, വൽ, മുഴ ഇത്യാദി പൂർവശബ്ദങ്ങളാകുന്നു].

ഉള്ള, നിശ്ചയം (ഉള്ള), വാസ്തവം, ഉണ്ട് എന്ന സ്ഥിതി, ഇത്യാദി അർത്ഥങ്ങൾ ഉണ്ടാകും.

ഉൾക്കടൽ-അകക്കടൽ.

ഉൾക്കണ്ണ്-ദിവ്യചക്ഷുസ്സ്, ജ്ഞാനദൃഷ്ടി.

ഉൾക്കനം-ധൈര്യം.

ഉൾക്കപടം-മായം, വഞ്ചന.

ഉൾക്കമലം-ഹൃദയം, മനസ്സ്.

ഉൾക്കരൾ-ഉൾക്കാമ്പ്.

ഉൾക്കരുത്ത്-ധൈര്യം, ഉറപ്പ്.

ഉൾക്കലന്ന-വി. ഇടകലർന്ന.

ഉൾക്കാമ്പ്-ഉൾക്കാഴ്ച, കൈക്കുമ്പിളി.

ഉൾക്കാമ്പ്-മനസ്സ്, ബുദ്ധി.

ഉൾക്കാഴ്ച-മനസ്സുകൊണ്ടു കാണുന്നകാഴ്ച.

ഉൾക്കുരുന്ന-മനസ്സ്.

ഉൾക്കേട്-അകാമയുള്ളമോശം, ചീത്ത മനസ്സ്.

ഉൾക്കൈ-സഹായം, ഇതു മറ്റുള്ളവർ അറിയാതെ കള്ളന്മാർ മുതലായവർ ചെയ്യുന്ന സഹായം ആകുന്നു.

ഉൾക്കൊൾക-അനുഭവിക്ക, പ്രാപിക്ക.

ഉൾക്കോപം-വിരോധം, വൈരം.

ഉൾക്കോഴ-കൈക്കുമ്പിളി.

ഉൾച്ചൂട്-അകത്തെ കപ്പം.

ഉൾച്ചതി-കൗശലം, സമ്പ്രദായം, സൂത്രം.

ഉൾച്ചിരി-വ്യാജച്ചിരി, മുഖിച്ച സന്തോഷം.

ഉൾച്ചേർച്ച-സ്നേഹം.
ഉൾത്തളിർ, ഉൾത്താർ-മനസ്സ്, ബുദ്ധി
ഉൾത്താപം-അകമേയുള്ള ദുഃഖം.
ഉൾത്തിരക്ക്-പ്ര. മത്സരം. വ. ശത്രുത്വം. ന. അസൂയ.
ഉൾപ്പക-നീരസം, വൈരം.
ഉൾപ്പൂക-ഉള്ളിൽ (അകത്തു) പോവുക.
ഉൾപ്പൂവ്-മനസ്സ്, ബുദ്ധി.
ഉൾപ്പെടുക-ചേരുക, പ്രവേശിക്കുക, ഏർപ്പെടുക.
ഉൾപ്പെടുത്തുക-ചേർക്കുക, പ്രവേശിപ്പിക്കുക, ഏർപ്പെടുത്തുക.
ഉൾപ്പേടി-ഭയം, ഭീരുത്വം.
ഉൾപ്പൊരുൾ-ഒളിവായി കിടക്കുന്ന അർത്ഥം.
ഉൾപ്പോര്-പ്ര. മത്സരം. വ. അസൂയ.
ഉൾപ്രേമം-സ്നേഹം.
ഉൾബോധം-അറിവ്, ഉള്ളിലെ ബോധം, ജ്ഞാനം.
ഉൾഭയം-ഉൾപ്പേടി.
ഉൾവെട്ട്-പ്ര. അറുത്ത തടിയുടെ അകത്തെ ഭാഗം. വ. ചതി. ന. ചതിച്ചെടുക്കുന്ന ലാഭം.
ഉഴ-ധാ. പുളയുക, ഛർദ്ദിപ്പാൻ വരുക.
ഉഴകലം-ചരിമനം, രാജചിഹ്നം.
ഉഴക്കൻവള-അഴിച്ചുവെയ്ക്കാവുന്ന ഒരു മാതിരി വള, വിരിയൻവള.
ഉഴക്ക്, ഉഴക്കുതാപ്പ്-നാഴിയിൽ നാലിൽ ഒരു ഭാഗം. പര്യായം-നികുഞ്ചം (നികുഞ്ചകം).
ഉഴങ്ങ്-ചെറിയ കടുക്ക.
ഉഴപ്പ്-ധൃതി, തിടുക്കം.
ഉഴമ്പുക, ഉഴപ്പുക-ധൃതിപ്പെടുക, തിടുക്കപ്പെടുക.
ഉഴം-കൃഷിചെയ്യുന്ന മല.
ഉഴൽമാൻ-ഒരു വക മാൻ [ഉഴമാൻ എന്നും കാണുന്നു]. [പുള്ളിമാൻ, കലമാൻ ഇങ്ങിനെ പലവിധം പറയുന്നു ]
ഉഴയുക-അദ്ധ്വാനിക്കുക, പ്രയത്നപ്പെടുക
ഉഴയ്ക്കുക-പ്ര. അദ്ധ്വാനപ്പെടുക, ക്ഷീണിക്കുക. വ. നിലത്തു കിടന്നുരുളുക, പാമ്പിനെപ്പോലെ ഓടുക.
ഉഴപ്പ്-പ്ര. അദ്ധ്വാനം. വ. താല്പര്യം. ന. ഉരുൾച്ച.
ഉഴല-മരത്തിന്റെ കേട്.
ഉഴലുക-പ്ര. അലഞ്ഞുതിരിയുക, ചുറ്റിനടക്കുക, ചുഴലുക. വ. കഷ്ടപ്പെടുക, ബുദ്ധിമുട്ടുക. ന. അദ്ധ്വാനപ്പെടുക. ര. ക്ഷീണിക്കുക.
ഉഴൽ, ഉഴൽച്ച-പ്ര. ക്ഷീണം. വ. അദ്ധ്വാനം. ന. ചുറ്റിനടപ്പ്.
ഉഴവ്, ഉഴമ-ഉഴുക. വ. കൃഷിചെയ്ക.
ഉഴയവൻ, ഉഴമക്കാരൻ-കൃഷിക്കാരൻ
ഉഴവാതിൽ-പടിവാതിൽ.
ഉഴവുചാൽ-ഉഴപ്പൊളി.
ഉഴമ്മപ്പെടുക-ധൃതികാട്ടുക, തിടുക്കപ്പെടുക.
ഉഴറൽ, ഉഴറ്റ്-പ്ര. തിടുക്കം. വ. ബദ്ധപ്പാട്.
ഉഴറി ശീഘ്രമായി.
ഉഴറുക-പ്ര. തിടുക്കപ്പെടുക. വ. ബദ്ധപ്പെടുക. ന. ചുറ്റിയോടുക, ഓടുക.
ഉഴറ്റുക-പ്ര. തിടുക്കപ്പെടുത്തുക. വ. ബദ്ധപ്പെടുത്തുക.
ഉഴറ്റോടെ-അ. വേഗത്തിൽ.
ഉഴി-ധാ. വട്ടത്തിൽ ചുററുക.
ഉഴി-ഒരു വൃക്ഷം.
ഉഴികാണുക-പ്രസ്ഥാംവെക്കുക.
ഉഴിച്ചിൽ-പ്ര. തിരുമ്മുക. വ. ഒരു കർമ്മം.
ഉഴിഞ്ഞ-ഒരു വള്ളി, ചെടി.
[ഇതു കഫപിത്തങ്ങളെ കളയും. ഇതിന്റെ വേര സന്നിക്കു നന്ന്. ശളി

ണികൾക്കും കൊള്ളാം. അരയ്യാമങ്ങൾ ഉള്ള ’ദ് ഇവയ്ക്കും ഉപയോഗമുണ്ട്.]

ഉഴിഞ്ഞാൽ—ആട്ടുകട്ടിൽ. പര്യായങ്ങൾ ദോള, പ്രേംഖ ഇവ രണ്ടും.

ഉഴിയുക—ക്രി. തിരുമ്മുക. വ. ചുഴററുക. ന. ഉഴിഞ്ഞുമാററുക.

ഉഴിയിക്കുക—ക്രി. തിരുമ്മിക്കുക. വ. ഉഴിഞ്ഞുമാററിക്കുക.

ഉഴിവ്—ഉഴിച്ചിൽ.

ഉഴകയർ—കൃഷിക്കുള്ള ഒരു ഉപകരണം.

[ഇതു തണ്ടിന്റെ അററത്തു നുകം കെട്ടുന്നിടത്തു ചേർത്തിരിക്കുന്നു. ഇതു താഴ്ത്തിയാൽ ആഴം കുറയും. പൊക്കിയാൽ ആഴം കൂടും ഇതുകൊണ്ടു ചാലിന്റെ അകലം ഇത്രയുണ്ടെന്നു നിശ്ചയപ്പെട്ടുത്തുവാൻ കഴിയും.]

ഉഴ(വു)ക—പൂട്ടുക.

ഉഴുന്നു—ഒരു ധാന്യം. [സംസ്കൃതത്തിൽ മാഷം].

[കൊച്ചിയിൽ വിളയുന്ന ധാന്യങ്ങളിൽ ഒന്നാണ്. സ്നിഗ്ധമാണ്. ബലത്തെയും ശ്ലേഷ്മത്തെയും മലത്തെയും പിത്തത്തെയും ഉണ്ടാക്കും. ഗുരുത്വവും ഉഷ്ണവുമാകുന്നു. വാതത്തെ കളയും. സ്വാദാണ്. ശുക്ലവൃദ്ധിയെ ചെയ്യും. ഹിതം പോലെ വിരേചിപ്പിക്കും. സരമാകുന്നു. ഉഴുന്നു വിളയുവാൻ യോഗ്യമായ ക്ഷേത്രത്തിനു മാഷ്യം, മാഷീണം എന്നു പര്യായങ്ങൾ.]

ഉഴുന്നുകണ്ടം—പൂട്ടിയ കണ്ടം. പര്യായങ്ങൾ-സീതം, കൃഷ്ടം, ഹല്യം ഇവമൂന്നും

ഉറ ധാ. കട്ടിയാവുക.

ഉറ—ക്രി. ആയുധം ഇടുന്ന സഞ്ചി. വ. പാലുകാച്ചി ആറിയതിൽപിന്നെ തൈരാകുവാൻ ചേർക്കുന്ന മോര് അല്ലെങ്കിൽ തൈർ. ന. കതിരുള്ള തിററിക്കൊട്ടുകുന്ന സഞ്ചി. ര. വീട്ടും. ൫ നുറ് എന്ന സംഖ്യ. ൬ ഇലപൊലപോലെ കൂട്ടിയണുവ് ൭. മൂടി.

ഉറക്കൂടുക—പാലിൽ മോരൊ തൈരൊ ചേർന്ന് തൈരാവുക.

ഉറക്കൂട്ടുക—പാലിൽ മോരോ തൈരോ ചേർത്ത് തൈരാക്കുക

ഉറക്കം—ക്രി. നിദ്ര. പര്യായങ്ങൾ—നിദ്ര, ശയനം, സ്വാപം, സ്വപ്നം, സംവേശം. വ. മയക്കം.

[ഒരാൾ ഇടവിടാതെ അമ്പതു ദിവസത്തിലധികം ഉറക്കമൊഴിച്ചാൽ മരിച്ചുപോകുന്നതാണ്.]

ഉറക്കറ—കിടപ്പുപുര, കിടക്കപ്പുര, ഉറക്കത്തിനുള്ള അറ.

‘കാമവശനായവനറക്കറയിൽവീണാൻ’
(രാമായണം ൨൪ വൃത്തം)

ഉറങ്ങുക—നിദ്രചെയ്യുക. വ. മയങ്ങുക

ഉറക്കുക—നിദ്രചെയ്യിക്കുക.

ഉറക്കത്തു്—പുഴുതിന്നുക, ഉ-ം, ഉറക്കത്തുള്ള മരം.

ഉറക്കെ, ഉറക്കവെ-അ. ക്രി. ഉച്ചത്തിൽ. വ. മുറുകെ.

ഉറക്കൊഴിവ്—ഉറക്കമിളപ്പ്.

ഉറക്കമൊഴിക്കുക—ഉറക്കമിളയ്ക്കുക.

[ഉറക്കമൊഴിക്കുന്നതിന്റെ പര്യായങ്ങൾ—ജാഗര്യാ, ജാഗര. ഉറക്കമൊഴിക്കുന്നവൻ അല്ലെങ്കിൽ ഉണർന്നിരിക്കുന്നവൻ എന്നതിനു പര്യായങ്ങൾ—ജാഗരൂകൻ, ജാഗരിതാവ്. ഉറക്കം തൂക്കുന്നവന്റെ പര്യായങ്ങൾ-ഘൂർണ്ണിതൻ, പ്രചലായിതൻ. ഉണർച്ചയില്ലാത്തവനും ഇവയെ പറയാം. നിദ്രാശീലൻ എന്നതിനു പര്യായങ്ങൾ സ്വപ്നക്, ശയാളു(ലു), നിദ്രാളു(ലു) ന. ഉറങ്ങിയവൻ എന്നതിനു പര്യായങ്ങൾ-നിദ്രാണൻ, ശയിതൻ.]

ഉറങ്ങുക—ക്രി. നിദ്രചെയ്യുക. വ. മയങ്ങുക.

ഉറച്ചിൽ—ക്രി പാലിൽ മോരൊ തൈരൊ ചേർത്ത് തൈരാക്കുക. വ. ഉള്ളൽ, വിറയൽ.

ഉറതൈരു്-കട്ടതൈരു്.

ഉറത്തുക-പുഴുതിന്നുക.

ഉറന്നെഴുക-ഊറിവരുക.

ഉറന്തു്-വാസസ്ഥലമാക്കി.

ഉറപ്പിക്കുക-ഠ. സ്ഥിരപ്പെടുത്തുക. വ. നിശ്ചയപ്പെടുത്തുക. ന. കട്ടയാക്കുക.

ഉറപ്പു്-ഠ. ശക്തി. വ. സ്ഥിരത. ന. കട്ടപ്പം. ദ. വീര്യം.

ഉറപ്പുഴ-ഒരു കൃമി, മരത്തിലുള്ള പുഴു.

ഉറയുക-ഠ. തുള്ളുക, വിറയ്ക്കുക. വ. കട്ടിയാവുക. ന. ഊറുക.

ഉറയ്ക്കുക-ഠ. സ്ഥിരപ്പെടുക. വ. നിശ്ചയിക്കുക. ന. കട്ടയാകുക.

ഉറൽ, ഉറപ്പൊടി-കേടുപററിയ മരത്തിന്റെ പൊടി.

ഉറവക്കണ്ണു്-ഭൂമിയിൽനിന്നു ജലംവരുന്ന ദ്വാരം.

ഉറവൻ-ചെള്ളു്, ഒരു പുഴു.

ഉറവു്-ഠ. പുഴ, കിണറു, കുളം മുതലായവയിൽ ഭൂമിയുടെ അന്തർഭാഗത്തിലിരിക്കുന്ന ജലം മേല്പെട്ടു പൊങ്ങുക. (ഭൂമിയിൽനിന്നു ചില ദ്വാരങ്ങളിൽകൂടെ ജലം വരുന്നതിനും പറയാം.) ഊററു്. പര്യായങ്ങൾ-ഭേദം, ജലനിർഗ്ഗമം. വ. സ്നേഹം, അനുരാഗം. ന. ബന്ധുത്വം.

[പർവ്വതത്തിൽ ഉറവു പുറപ്പെടുന്നസ്ഥലത്തിനു പര്യായങ്ങൾ-ഉത്സം, പ്രസ്രവണം.] ദ. ഉണച്ചു.

ഉറവായി-ബന്ധുത്വത്തോടുകൂടി.

ഉറം-ഠ. തീപ്പൊരി. വ. ഒരുവിധം പുഴു [ഇതു മരം മുതലായവയെ തുളക്കും.]

ഉറി-പാത്രങ്ങളുംമററു വെക്കുന്നതിനു കയറുമുതലായതുകൊണ്ടു കെട്ടിയുണ്ടാക്കിത്തൂക്കുന്നതു്. പര്യായങ്ങൾ-ശിക്യം, കാചം.

ഉറിഞ്ചുക-ഠ. ഈമ്പുക. വ. വലിച്ചുകുടിക്കുക. ന. കൈകടിക്കുക, ഈറയ്ക്കുക, നക്കുക.

ഉറിയപ്പം-ഒരു പലഹാരം.

ഉറിവല-മത്സ്യംപിടിക്കുന്ന ഒരുമാതിരി ചെറിയവല.

ഉറു-ഉള്ള. [പ്രചാരലുപ്തം.]

ഉറുക-ഠ. ഊറുക. വ. ചേരുക.

ഉറുകലി-വിഷമുള്ള ഒരുമാതിരി ചിലന്തി. [കർണ്ണാടകത്തിൽ ഉക്കലു.]

ഉറുക്കു്-ഠ. കൈവള. വ. അരയിൽ കെട്ടുന്ന രക്ഷ. ഉ-ം, വെള്ളിയുറുക്കു്, ഏലസ്സുറുക്കു് ഇത്യാദി.

ഉറുഞ്ചിമരം-പുവത്തി. പര്യായങ്ങൾ-അരിഷ്ടം, ഫേനിലം.

[ഉറുഞ്ചിമരം എന്നതു അരച്ചാൽ പതയുന്ന ഒരുവിധം മരമാണു്. തമിഴർ പുവത്തി എന്നും മലയാളികൾ ശീകാഫേനം എന്നും ഇതിനു പേർപറയുന്നു.]

ഉറുഞ്ചുക-ചുണ്ടുചേർത്തു വലിച്ചെടുക്കുക.

ഉറുതി-ഠ. ഭംഗി, വൃത്തി. വ. ഉറപ്പു്, ദൃഢത. ന. അറിവു്. ദ. വഴക്കു്.

ഉറുത്തുക-ഠ. ക്രൂരതയോടെ നോക്കുക. വ. പതപതുക്കുക. ന. ഈയം, തിണ്ണ മുതലായവ ഇടിഞ്ഞാൽ (ഇളകിയാൽ) മണ്ണു കുഴച്ചു ആ സ്ഥലം വെടിപ്പാക്കുക. ദ. നടത്തുക.

ഉറുപ്പ-ഠ. വലിയസഞ്ചി. വ. വൃഷണം. ന. ഗർഭപാത്രം.

ഉറുപ്പടക്കം-നെഞ്ചടക്കം.

ഉറുപ്പികാ-രൂപം, ഒരു നാണയം.

ഉറുപ്പു്-ഠ. നെഞ്ചും തോളും കൈയും കൂടിയ ശരീരത്തിന്റെഭാഗം. വ. ബലമുള്ളതടി, ഇരിപ്പ.

ഉറുമ്പരിക്ക-എറുമ്പരിക്കുന്നതു തോന്നുക.

ഉറുമ്പൽ-അപ്പാൽ, കടവായപ്പോലെ അലറുക.

ഉറുമ്പു്-ഭൂമിയിൽ അരിച്ചുനടക്കുന്ന ഒരുവിധം ചെറിയജന്തു, എറുമ്പു്. ഈമാതിരി അരിച്ചുനടക്കുന്ന പല പ്രാണികളും

ക്കം പറയാം. എറുമ്പിന്റെ പര്യായം-പിപീലിക.

[എറുമ്പു പലവിധമുണ്ട്. കട്ടുറുമ്പ്, നീററുറുമ്പ്, ശവംതിന്നിയുറുമ്പ്, നെയ്യുറുമ്പ്, പാമ്പുറുമ്പ്, പുളിയുറുമ്പ് ഇത്യാദിയാകുന്നു]

ഉറുമ്പുക, ഉറുമ്പുക-അമറുക.

ഉറുമാപ്പുലി, ഉറുമാമ്പുലി-വിഷമുള്ള ഒരുമാതിരി ചെറിയജന്തു, വിഷച്ചിലന്തി.

ഉറുമാമ്പഴം, ഉറുമാൻ-താളിമാതളം. പര്യായങ്ങൾ-കരകം, ദാഡിമം (ഡാഡിമം).

[താളിമാതളം രണ്ടുവിധം ഉണ്ടെന്നു കാണുന്നു. ഒന്നു മധുരരസവും മറേറതു പുളിരസവും ഉള്ളകായ്കളുള്ളതാണ്. ഇതു കാസം, വാതകഫപിത്തരോഗങ്ങൾ, അരോചകം ഇവയെ കളയും.]

ഉറുമാൽ-തലയിൽകെട്ടുന്ന ലേസ്. [പേർഷ്യൻ വാക്ക്.]

'പട്ടുകൾപുടവകൾതൂപ്പട്ടികളുമി-
രട്ടകരിമ്പടമുറുമാൽ വകകൾ'
(രുക്മിണീസ്വയംവരംതുള്ളൽ)

ഉറുമി-ഒരു പട്ടണത്തിൻെറ പേർ. [ഉറുമിരാജാവു് = ടർക്കിസുൽത്താൻ.]

ഉറുള-ഉരുള.

ഉറുളക്കട്ട-കൃഷിക്കുള്ള ഒരുപകരണം. [ഉരുളക്കട്ട എന്നതു നോക്കുക.]

ഉററ-വി. ഫ. ഉള്ള. വ. അടുത്ത. ന. തക്കതായ

ഉററബന്ധു അടുത്ത ചാർച്ചക്കാരൻ

ഉററാൽ-ഉള്ളി, ഈറൽ.

ഉററവൻ-അടുത്തവൻ. വ. സ്നേഹിതൻ.

ഉററവർ-ബന്ധുക്കൾ.

ഉററിപ്പു്-അത്യന്താഗ്രഹം.

ഉററിക്ക-ഇററിക്ക, തുള്ളിത്തുള്ളിയായി വീഴിക്ക.

ഉററു്-വാത്സല്യത്തോടുകൂടി.

# ഊ

ഊ—സ്വരാക്ഷരങ്ങളിൽ ഒന്ന്. (ഒരു ദീർഘമായ ഓഷ്ഠ്യം.)

ഊഃ-ഫ. ശിവൻ. വ. ചന്ദ്രൻ. ന. രക്ഷിതാവു്.

ഊകാരം-ഊ എന്ന അക്ഷരം.

ഊക്കൻ ശക്തിയുള്ളവൻ.

ഊക്കു-ബലം, ശക്തി.

ഊക്കു്-ഫ. ശക്തി, ബലം. വ. സന്ധ്യാവന്ദനം.

ഊക്കാരൻ-കറിവെപ്പിക്കുന്നവൻ.

ഊക്കുക-ഫ. ആചമിക്കുക, ബ്രാഹ്മണർ നിത്യകർമ്മം കഴിക്കുക. വ. ഛർദ്ദിക്കുക ന. മുന്നോട്ടായുക ഉ-ം,

'തീക്കുഴിതന്നിൽചാട്ടുവാനൂക്കുമ്പോൾ'
(സന്താനഗോപാലം-പാന)

ഊചിവാൻ-പറഞ്ഞു

ഊച്ചു്-ഇണ, ചങ്ങാതി.

ഊഞ്ചൽ-ഊഞ്ഞാൽ, ഉഴിഞ്ഞാൽ.

ഊഞ്ചൽകട്ടിൽ-തൂക്കമഞ്ചം.


(ഊഞ്ഞാൽ)

ഊഞ്ഞാൽ ഉഴിഞ്ഞാൽ

ഊഞ്ഞാവള്ളി - ഒരു ചെടി.

ഊട്-ഫ. മദ്ധ്യം, സരമായ ഭാഗം ഉ-ം, ഊട്വഴിക്കു, ഊടറിഞ്ഞവനു മലവായിക്കാവു വ. അകം. ന. തവണ (പ്രാവശ്യം.) ഉ-ം, അതിന്നൂട്. ഈ പദത്തെ ഇപ്പോൾ സപ്തമി വിഭക്തിയോടു ചേർത്ത പ്രയോഗിക്കാറുള്ളൂ. അതോടു ചേർത്തു പ്രയോഗിക്കുന്നതു 'ഉടെ' എന്ന നിപാതപൂർവ്വമായിട്ടുവേണം. വിഭക്തിയാഗം കൂടാതെ പദ്യത്തിൽ പ്രയോഗിച്ചുകാണുന്നുണ്ട്. ഉ-ം,